# ഖിലാഫത്തിന്റെ മഹത്തായ സ്ഥാനവും അനുഗ്രഹങ്ങളും കാലത്തിന്റെ ഖലീഫയോടുള്ള പ്രതിബദ്ധതയും

പ്രസാധകർ:
നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ



# Khilafat Ka Azimush Shan Maqam-o-Martaba,
# Is ki Barakat, Khalifa-e-Waqt ki Mahabbat-o-Ita’at
# Aur Hamari Zimmadarian

[In Malayalam]

واعتصموا بحبل الله جميعًا ولا تفرّقوا

# ഖിലാഫത്തിന്റെ മഹത്തായ സ്ഥാനവും അനുഗ്രഹങ്ങളും കാലത്തിന്റെ ഖലീഫയോടുള്ള പ്രതിബദ്ധതയും

**സയ്യിദ് അഫ്താബ് അഹ്മദ് നയ്യർ**
**& മുഹമ്മദ് ആരിഫ് റബ്ബാനി**

വിവർത്തനം:
**അബ്ദുൽ മുജീബ്**

പ്രസാധകർ:
**നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ**

**ഖിലാഫത്തിന്റെ മഹത്തായ സ്ഥാനവും അനുഗ്രഹങ്ങളും കാലത്തിന്റെ ഖലീഫയോടുള്ള പ്രതിബദ്ധതയും**

Khilafatinte mahathaya sthaanavum anugrahangalum
Kalathinte Khaleefayodulla prathibaddhathayum (Malayalam)
Khilafath ka azeemushan maqam wa marthaba uski barkat
Khaleefaye waqt ki muhabbath wa ithaath aur hamari zimmadariyan
(Original- Urdu)


**Author :** Syed Aftab Ahmad Nayyer & Muhammad Arif Rabbani

**Translator:** T.M.Abdul Mujeeb

**DTP & Layout :** Isha'at Committee Kerala

**Printed at:** Fazl e Umar Printing Press Qadian

**Published by:** NAZARAT NASHR-O-ISHA'AT, QADIAN,143516, Gurdaspur-Dt, Punjab, INDIA

**Copies:** 1000

**Ist Edition : 2019**

**Price:**

# ആമുഖം

അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകനായ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വിയോഗാനന്തരം നൂറ്റിപതിനൊന്ന് വർഷങ്ങളായി ഖിലാഫത്ത് വ്യവസ്ഥിതി നിലനില്ക്കുന്നു എന്നത് ഈ ജമാഅത്തിന്റെ മാത്രം സവിശേഷതയാണ്. അഹ്മദിയ്യാ ജമാഅത്തിനു മേൽ അല്ലാഹുതആലയുടെ അനുഗ്രഹാതിരേകമാണിത്. മറ്റുള്ളവർ ഇക്കാര്യത്തിൽ ഹതഭാഗ്യരാണ്. ഖിലാഫത്ത് സ്ഥാപിക്കാനായി അവർ ഭഗീരഥയത്നം ചെയ്തുകൊണ്ടിരിക്കുകയാണ്. എന്നാൽ സ്വയം അല്ലാഹുവാണ് ഇതു സ്ഥാപിക്കേണ്ടത്. ദൈവനിയോഗമില്ലാതെ ഇക്കാര്യത്തിൽ ലോകരുടെ എല്ലാ യത്നങ്ങളും തീർത്തും വ്യർഥമാണ്.

ഈ മഹത്തായ ദൈവികവ്യവസ്ഥിതി മുഖേന മികച്ച നിലയിൽ ലോക അഹ്മദിയ്യ ജമാഅത്തംഗങ്ങളുടെ വിദ്യാഭ്യാസശിക്ഷണകാര്യങ്ങൾ നടക്കുന്നു. മാത്രമല്ല ലോകത്തിനുള്ള സന്മാർഗദർശനത്തിനായി നൂതന സാങ്കേതികമാർഗങ്ങളിലൂടെ പ്രസിദ്ധീകരണ പ്രക്ഷേപണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു പോരുന്നു. ***ഫൽ ഹംദുലില്ലാഹ്!***

ഖിലാഫത്തിന്റെ പ്രാധാന്യവും മാഹാത്മ്യവും മുന്നിൽ വച്ച് കൊണ്ടാണ് ജമാഅത്തംഗങ്ങൾക്ക് അവരുടെ ഉത്തരവാദിത്വങ്ങൾ മനസ്സിലാകാനായി നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ **'ഖിലാഫത്ത് കാ അസീമുശ്ശാൻ മഖാം വ മർത്തബ, ഉസ്കി ബറകാത്ത് ഖലീഫയെ വഖ്ത് കി മുഹബ്ബത്ത് വ ഇതാഅത്ത് ഓർ ഹമാരി സിമ്മേദാരിയാം'** എന്ന ലഘുഗ്രന്ഥം ഇറക്കുന്നത്. ഇത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹു) മജ്‌ലിസ് ശൂറ 2015

ശൂറയ്ക്കു വേണ്ടി അംഗീകാരം നല്കിയ ഗ്രന്ഥങ്ങളിൽ പെട്ടതാണ്. ഈ ലഘുഗ്രന്ഥം ക്രോഡീകരിച്ചിരിക്കുന്നത് മൗലവി സയ്യിദ് ആഫ്താബ് അഹ്മദ് നയ്യർ സാഹിബ്, മൗലവി മുഹമ്മദ് ആരിഫ് റബ്ബാനി സാഹിബ് എന്നിവരുടെ സഹകരണത്തോടെയാണ്. ***ഫജസാഹുമുല്ലാഹു അഹ്സനുൽജസാ.*** സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസി(അയ്യദഹു)ന്റെ അനുമതിയോടെ ഈ ലഘുഗ്രന്ഥം പ്രസിദ്ധീകരിക്കുകയാണ്. അല്ലാഹുതആല ഇതിനെ എല്ലാനിലയിലും അനുഗ്രഹപൂർണ്ണമാക്കിത്തീർക്കുമാറാകട്ടെ. ആമീൻ.

ഖാദിയാൻ
13.11.2018

ഹാഫിസ് മഖ്ദൂം ശരീഫ്
നാസിർ നശ്റോ ഇശാഅത്ത് ഖാദിയാൻ.

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# ഖിലാഫത്ത്

മാനവരാശിയുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യത്തെ പൂർണതയിലേക്കെത്തിക്കുന്നതിനായി അല്ലാഹു പ്രവാചകന്മാരുടെ പരമ്പര യ്ക്ക് തുടക്കം കുറിക്കുകയുണ്ടായി. അങ്ങനെ എല്ലാ കാലഘട്ടത്തിലും അല്ലാഹുവിന്റെ വരിഷ്ഠ ദാസർ നിയമിക്കപ്പെടുകയും ചെയ്തു. അവർ അല്ലാഹുവിന്റെ ഖലീഫമാർ എന്ന് വിളിക്കപ്പെട്ടു. അവർ മനുഷ്യരെ സൻമാർഗത്തിലേക്ക് നയിക്കുന്നതിനായി തീവ്രയത്നം നടത്തിക്കൊണ്ടിരുന്നു. നീണ്ട തീവ്രയത്നങ്ങൾക്കു ശേഷം ഈ ദൈവദൂതന്മാർ ഒരു ദൈവിക ജമാഅത്തിനു രൂപം നൽകുകയും തുടർന്ന് പ്രകൃതിനിയമത്തിന് വിധേയരായി മറ്റു മനുഷ്യരെപ്പോലെ ഈ നശ്വരമായ ഭൂമിയിൽ നിന്നു വിട പറഞ്ഞ് തങ്ങളുടെ യഥാർഥ നാഥന്റെ അടുക്കലേക്കു മടങ്ങുകയും ചെയ്തു.

പ്രവാചകന്മാരുടെ ഈ വേർപാട് അവരുടെ അനുയായികളെ മൃതപ്രായരാക്കി മാറ്റുന്നു. പ്രത്യക്ഷത്തിലുള്ള അവരുടെ ഈ വിഷമസന്ധിയെ കാണുന്ന എതിരാളികൾ ഹർഷവാദ്യം മുഴക്കാൻ തുടങ്ങുന്നു. അത്തരം സന്ദർഭങ്ങളിൽ അല്ലാഹു അവരെ നിരാലംബരായി ഉപേക്ഷിക്കുന്നതല്ല. മറിച്ച്, അവരെ പരിഗണിച്ചുകൊണ്ട്, വിടവാങ്ങിയവരുടെ ഒരു പ്രതിനിധിയെ അല്ലെങ്കിൽ സഹായിയെ അവൻ എഴുന്നേല്പിക്കുന്നു. അരക്ഷിതാവസ്ഥയിലുള്ള ആ സമൂഹത്തിന് അദ്ദേഹം താങ്ങായി

മാറുന്നു. അങ്ങനെ ആ സമൂഹം പതുക്കെ പതുക്കെ അവരുടെ കർമ പദ്ധതികളെയും ഉദ്ദേശലക്ഷ്യങ്ങളെയും പൂർണതയിലേക്കെത്തിക്കുന്ന പന്ഥാവിലേക്ക് ആനയിക്കപ്പെടുന്നു.

അല്ലാഹുവിന്റെ ഈ ചര്യ തന്റെ പ്രിയ പ്രവാചകൻ(സ)ക്ക് ശേഷവും പുലർന്നു. തിരുനബി(സ)യുടെ വഫാത്തിനു ശേഷം ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)നെ എഴുന്നേൽപിച്ചു കൊണ്ട് ഖിലാഫത്തെ റാശിദയെ സ്ഥാപിച്ചു. ഈ ഖിലാഫത്തെ റാശിദ 30 വർഷക്കാലം നിലനില്ക്കുകയും തുടർന്ന് തിരുനബി(സ)യുടെ പ്രവചനപ്രകാരം ഇതിന് താത്ക്കാലിക വിരാമം സാംഭവിക്കുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെയും അവന്റെ റസൂൽ(സ)യുടെയും, പ്രവചനങ്ങളുടെയും വാഗ്ദാനങ്ങളുടെയും അടിസ്ഥാനത്തിൽ സച്ചരിതരുടെ ഖിലാഫത്ത് പരമ്പര അവസാന കാലത്ത് പ്രവാചകപാതയിൽ പുനഃസ്ഥാപിക്കപ്പെടേണ്ടതായിരുന്നു. അതിന്റെ വിശദീകരണം ഇപ്രകാരമാണ്.

സൂറ ജുമുആയിൽ അല്ലാഹു ഇപ്രകാരം പറയുന്നു:

هُوَالَّذِيْ بَعَثَ فِي الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ
وَ يُزَكِّيْهِمْ وَ يُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۚ وَاِنْ كَانُوْا مِنْ
قَبْلُ لَفِيْ ضَلٰلٍ مُّبِيْنٍ - وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ -

അതായത് അവനത്രേ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽ നിന്നുതന്നെയുള്ള ഒരു പ്രവാചകനെ എഴുന്നേൽപിച്ചിട്ടുള്ളത്. അദ്ദേഹം അവർക്ക് അല്ലാഹുവിന്റെ വചനങ്ങൾ വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചു കൊടുക്കുകയും ചെയ്യുന്നു. അവർ ഇതിനുമുമ്പ് സ്പഷ്ടമായ വഴികേടിലായിരുന്നു. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും (അവൻ ദൂതനെ എഴുന്നേൽപ്പിക്കുന്നതാണ്)(സൂറ ജുമുആ:3,4).

ഈ വചനങ്ങൾ ഇറങ്ങിയപ്പോൾ സഹാബാക്കൾ(റ) തിരുനബി(സ) യോട് ചോദിച്ചു, താങ്കളുടെ രണ്ടാം വരവ് (താങ്കളുടെ പ്രതിരൂപത്തിൽ) ഉണ്ടാകുന്ന ആ ജനവിഭാഗം ഏതാണ്? അപ്പോൾ തിരുനബി(സ) അവിടെയുണ്ടായിരുന്ന ഹദ്റത്ത് സൽമാനുൽ ഫാരിസി(റ)യുടെ ചുമലിൽ കൈവെച്ചുകൊണ്ട് പറഞ്ഞു:

لَوْ كَانَ الْإِيْمَانُ عِنْدَ الثُّرَيَّا لَنَالَهُ رَجُلٌ مِنْ هٰؤُلَاءِ

(ബുഖാരി, കിതാബുൽ തഫ്സീർ, ബാബാ തഫ്സീർ സൂറ: ജുമുആ)

അതായത്, ഈമാൻ ലോകത്തു നിന്ന് അപ്രത്യക്ഷമായി കാർത്തിക നക്ഷത്രത്തിലേക്ക് ഉയർന്നു പോയാലും ഫാർസി വംശജരായ ഇക്കൂട്ടരിൽ നിന്നുള്ള ഒരു വ്യക്തി അതിനെ വീണ്ടും ഭൂമിയിലേക്ക് ഇറക്കിക്കൊണ്ടുവരുന്നതാണ്. മറ്റൊരവസരത്തിൽ തിരുനബി(സ) പറഞ്ഞു;

سَلْمَانُ مِنَّا أَهْلَ الْبَيْتِ

(ത്വിബ്റാനി കബീർ, വ മുസ്തദ്റക് ഹാകിം)

അതായത് സൽമാൻ ഫാർസി നമ്മിൽ നിന്നുള്ളവനാണ്. അഥവാ അഹ്‌ലു ബൈത്തിൽ പെട്ടവനാണ്.

വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയും ഫാർസി വംശജനായിരിക്കും എന്നാണ് ഈ ഹദീഥ് ചൂണ്ടിക്കാണിക്കുന്നത്. അവസാന കാലഘട്ടത്തിൽ ഫാർസി വംശത്തിൽനിന്ന് ഒരു പ്രതിപുരുഷൻ നിയോഗിക്കപ്പെടും എന്നതാണ് തിരുനബി(സ) യുടെ പ്രവചനം. കൂടുതൽ വിശദീകരണങ്ങൾ മറ്റ് ചില ഹദീഥുകളിൽനിന്നും ലഭിക്കുന്നുണ്ട്. തിരുനബി(സ) പറയുന്നു:

كَيْفَ أَنْتُمْ إِذَا نَزَلَ ابْنُ مَرْيَمَ فِيْكُمْ وَإِمَامُكُمْ مِنْكُمْ

(സഹീഹ് ബുഖാരി, കിതാബ് അഹാദീഥുൽ അൻബിയാഅ്, ബാബു നുസൂലു ഈസബ്നുമർയം)

അതായത്, നിങ്ങളിൽ ഇബ്നുമർയം ഇറങ്ങുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും? ഇബ്നു മർയം ആരാണെന്ന്

നിങ്ങൾക്കറിയുമോ? അദ്ദേഹം നിങ്ങളുടെ തന്നെ ഒരു ഇമാം ആയിരിക്കും. നിങ്ങളിൽ നിന്നുതന്നെ ആയിരിക്കും അദ്ദേഹത്തിന്റെ ജനനവും.

മറ്റൊരു ഹദീഥിൽനിന്നും, വരാനിരിക്കുന്ന മസീഹ് തന്നെയായിരിക്കും ഇമാം മഹ്ദി എന്ന കാര്യവും സ്പഷ്ടമാകുന്നുണ്ട്. അതായത്, മസീഹ്, മഹ്ദി എന്നുള്ളത് ഓരേ വ്യക്തിയുടെ രണ്ടു നാമങ്ങളായിരിക്കും.

തിരുനബി(സ) പറയുന്നു;

وَلَا الْمَهْدِيُّ إِلَّا عِيْسَى ابْنَ مَرْيَمَ

(ഇബ്നുമാജ, ബാബ് ശിദ്ദത്തുസ്സമാൻ, പേജ് 257,കൻസുൽ ഉമ്മാൽ വാള്യം -7, പേജ് 156)

അതായത്, ഈസബ്നുമർയം അല്ലാതെ മറ്റൊരു മഹ്ദിയില്ല. ആഗതരാകേണ്ട ഈ ഇമാമിന്റെ നിയോഗ കാലഘട്ടത്തെകുറിച്ച് നബിതിരുമേനി(സ) പറയുന്നു,

إِذَا مَضَتْ اَلْفٌ وَّ مِأَتَانِ وَاَرْبَعُوْنَ سَنَةً يَبْعَثُ اللهُ الْمَهْدِيَّ

(അന്നജ്മുസ്സാഖിബ്, വാ2, പേജ് 209)

ആയിരത്തി ഇരുന്നൂറ്റി നാൽപ്പത് വർഷങ്ങൾ കടന്നു കഴിഞ്ഞാൽ അല്ലാഹു മഹ്ദിയെ നിയോഗിക്കുന്നതാണ്. പ്രസ്തുത മസീഹിന്റെയും മഹ്ദിയുടെയും സ്ഥാനവും പദവിയും സംബന്ധിച്ച് തിരുനബി(സ) പറയുന്നു,

لَيْسَ بَيْنِيْ وَبَيْنَهُ نَبِيٌّ يَعْنِيْ عِيْسٰى وَاِنَّهُ نَازِلٌ فَاِذَا رَأَيْتُمُوْهُ فَاعْرِفُوْهُ

അബൂദാവൂദ്, കിതാബുൽ മലാഹിം, ബാബ് ഖുറൂജുദ്ദജ്ജാൽ)

അതായത് വരേണ്ടുന്ന മസീഹിനും എനിക്കും ഇടയിൽ മറ്റൊരു നബിയും ഇല്ല. നിശ്ചയമായും നിങ്ങളിൽ മസീഹ് ഇറങ്ങുന്നതാണ്. അദ്ദേഹം ആഗതനാകുമ്പോൾ നിങ്ങൾ അദ്ദേഹത്തെ തിരിച്ചറിയേണ്ടതാണ്. സഹീഹ് മുസ്ലിമിലുള്ള മറ്റൊരു ഹദീസിൽ തിരുനബി(സ) പറയുന്നു,

وَ يُحْصَرُ نَبِيُّ اللّٰهِ عِيْسىٰ وَاَصْحَابُهٗ...فَيَرْغَبُ نَبِيُّ اللّٰهِ عِيْسىٰ وَاَصْحَابُهٗ...ثُمَّ يَهْبِطُ نَبِيُّ اللّٰهِ عِيْسىٰ وَ اَصْحَابُهٗ...فَيَرْغَبُ نَبِيُّ اللّٰهِ عِيْسىٰ و اَصْحَابُهٗ اِلَى اللّٰهِ...الخ

(മുസ്‌ലിം, ബാബ് ദിക്റുദ്ദജ്ജാൽ)

അതായത്, യഅ്ജൂജ് മഅ്ജൂജ് ശക്തി പ്രാപിക്കുന്ന കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ് ആഗതരാകുമ്പോൾ, അല്ലാഹുവിന്റെ പ്രവാചകനായ മസീഹും അദ്ദേഹത്തിന്റെ അനുയായികളും, ശത്രുക്കളുടെ വലയത്തിൽ അകപ്പെടുന്നതാണ്. പിന്നീട് അല്ലാഹുവിന്റെ പ്രവാചകനായ മസീഹും അനുയായികളും ദൈവസവിധത്തിൽ ദുആയോടും വിലപിച്ചുകൊണ്ടും മടങ്ങുന്നതാണ്. പ്രസ്തുത ദുആയുടെ ഫലമായി അല്ലാഹുവിന്റെ പ്രവാചകനായ മസീഹും അദ്ദേഹത്തിന്റെ അനുയായികളും വിപത്തുകളുടെ ചക്രവ്യൂഹത്തിൽനിന്ന് മോക്ഷം കരസ്ഥമാക്കി ശത്രുക്കളുടെ താവളത്തിലേക്ക് ഇരച്ചുകയറുന്നതാണ്. എന്നാൽ അവിടെ പുതിയ തരത്തിലുള്ള പ്രശ്നങ്ങളായിരിക്കും നേരിടേണ്ടിവരുന്നത്. പിന്നീട് അല്ലാഹുവിന്റെ പ്രവാചകനായ മസീഹും അദ്ദേഹത്തിന്റെ അനുയായികളും വീണ്ടും ദൈവസമക്ഷത്തിലേക്ക് പ്രാർഥിച്ചുകൊണ്ട് മടങ്ങുന്നതായിരിക്കും. അങ്ങനെ അല്ലാഹു അവരുടെ പ്രയാസങ്ങളെ ദൂരീകരിക്കുന്നതായിരിക്കും.

തിരുനബി(സ) ഇവിടെ ഒരു ഹദീഥിൽ തന്നെ വാഗ്ദത്ത മസീഹിനെ സംബന്ധിച്ച് നാലു തവണ നബിയുല്ലാഹ് (അല്ലാഹുവിന്റെ നബി) എന്ന പദം പ്രയോഗിച്ചിരിക്കുന്നു.

മേൽ സൂചിപ്പിച്ച പ്രവചനങ്ങളിൽനിന്നും വ്യക്തമാകുന്നത്, അവസാന കാലഘട്ടത്തിൽ പതിമൂന്നാം നൂറ്റാണ്ടിന്റെ ഒടുക്കത്തിൽ മസീഹിന്റെയും മഹ്ദിയുടെയും ആവിർഭാവം ഉണ്ടാകുമെന്നാണ്. അദ്ദേഹം തിരുനബി(സ)യുടെ പ്രതിപുരുഷൻ ആയിരിക്കും. അല്ലാഹു അദ്ദേഹത്തിന് പ്രവാചക പദവി

നല്കി അനുഗ്രഹിക്കുന്നതായിരിക്കും. ഈ പ്രവചനങ്ങളെ സാക്ഷാത്ക്കരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി പതിമൂന്നാം നൂറ്റാണ്ടിന്റെ ഒടുക്കത്തിൽതന്നെ മസീഹും മഹ്ദിയും ആണെന്നുള്ള വാദം പുറപ്പെടുവിപ്പിച്ചു. അല്ലാഹു ദിവ്യവെളിപാടിലൂടെ അദ്ദേഹത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു:

جَعَلْنَاكَ الْمَسِيْحَ ابْنَ مَرْيَمَ

ഞാൻ നിന്നെ മസീഹ് ഇബ്നു മർയം ആക്കിയിരിക്കുന്നു (ഇസാലയെ ഔഹാം, പു: 632)

അതേപോലെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ തിരുനബി(സ)യുടെ പരിപൂർണ അനുസരണത്തിന്റെയും അനുധാവനത്തിന്റെയും ഫലമായി അദ്ദേഹത്തിന് അല്ലാഹു ഉമ്മത്തി നബി എന്ന പദവിയും നല്കി അനുഗ്രഹിച്ചു. പ്രസ്തുത പദവിയെ സംബന്ധിച്ച് ആ മഹാത്മാവ് പറയുന്നു;

പ്രവാചകത്വം നമ്മുടെ തിരുനബി(സ)യിൽ അവസാനിച്ചിരിക്കുന്നു. വിശുദ്ധ ഖുർആനല്ലാതെ (നമുക്ക്) മറ്റൊരു ഗ്രന്ഥമില്ല. അത് മറ്റെല്ലാ മുൻഗ്രന്ഥങ്ങളേക്കാളും ശ്രേഷ്ഠമാണ്. മുഹമ്മദിയ്യ ശരീഅത്തല്ലാതെ (നമുക്ക്) മറ്റൊരു ശരീഅത്തില്ല. എന്നാൽ തിരുനബി(സ)യുടെ നാവാൽ എന്റെ നാമം നബി എന്ന് വച്ചിരിക്കുന്നു. ഇത് തിരുനബി(സ)യെ പരിപൂർണമായും അനുധാവനം ചെയ്തതുകൊണ്ടുള്ള അനുഗ്രഹങ്ങളിൽപെട്ടതാണ്. ഞാൻ എന്നിൽ യാതൊരു ശ്രേഷ്ഠതയും കാണുന്നില്ല. എനിക്ക് കരസ്ഥമായതെല്ലാം ആ പരിശുദ്ധ വ്യക്തിത്വത്തിൽ നിന്നുള്ളതാണ്. അല്ലാഹുവിന്റെ പക്കൽ എന്റെ പ്രവാചകത്വം കൊണ്ടുള്ള വിവക്ഷ, അത്യധികമായ ദൈവിക ഭാഷണം എന്നുമാത്രമാണ്. അതിനുമുപരിയായി വല്ലതുമുണ്ടെന്ന് ആരെങ്കിലും വാദിക്കുകയോ, സ്വയം തന്നെ ശ്രേഷ്ഠത കല്പിക്കുകയോ, തിരുനബി(സ)യുടെ അനുസരണ വൃത്തത്തിൽനിന്ന് സ്വയം പുറത്തു കടക്കുകയോ ചെയ്യുകയാണെങ്കിൽ അവനുമേൽ അല്ലാഹുവിന്റെ ശാപം ഉണ്ടായിരിക്കുന്നതാണ്. നമ്മുടെ തിരു

നബി(സ) ഖാതമുന്നബിയ്യീനാകുന്നു. ദൂതന്മാരുടെ പരമ്പര ആ മഹാത്മാവിൽ അവസാനിച്ചിരിക്കുന്നു. ആ മഹാത്മാവിനു ശേഷം സ്വതന്ത്ര പ്രവാചകത്വം വാദിക്കുക എന്നത് ആർക്കും തന്നെ അനുവദനീയമല്ല. ഇപ്പോൾ അധികമായി ലഭിക്കുന്ന ദൈവിക ഭാഷണങ്ങൾ മാത്രമാണ് ശേഷിക്കുന്നത്. അതും തിരുനബി(സ)യെ പൂർണമായും പിൻപറ്റുക എന്ന നിബന്ധന യോടെ മാത്രം. അതല്ലാതെ സംഭവ്യമല്ല. അല്ലാഹുവാണെ! എനിക്ക് ഈ പദവി മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ പ്ര കാശ കിരണങ്ങളെ അനുധാവനം ചെയ്തതിനാലാണ് ലഭ്യമാ യത്. അല്ലാഹു എന്റെ പേര് ആലങ്കാരിക രൂപത്തിലാണ് നബി എന്ന് വച്ചിട്ടുള്ളത്. യഥാർഥ രൂപത്തിലല്ല. അതിനാൽ ഇത് അല്ലാഹുവിന്റെയോ തിരുനബി(സ)യുടെയോ അന്തസ്സിനെ മങ്ങ ലേൽപ്പിക്കുന്ന ഒരു പദവിയല്ല. കാരണം, തിരുനബി(സ)യുടെ ചിറകിൻ കീഴിലാണ് ഞാൻ പരിപാലിക്കപ്പെട്ടത്. എന്റെ ചു വടുകൾ തിരുനബി(സ)യുടെ കാൽപാടുകളെയാണ് പിന്തുടരു ന്നത്. ഞാൻ സ്വമേധയാ ഒന്നും തന്നെ പറഞ്ഞിട്ടില്ല. മറിച്ച്, അല്ലാഹു എനിക്കിറക്കിത്തന്ന വെളിപാടുകളെ പിൻപറ്റുക മാത്ര മാണ് ഞാൻ ചെയ്തിടുള്ളത്. അതുകൊണ്ടുതന്നെ ഞാൻ സൃഷ്ടികളുടെ ഭീഷണികളെ ഭയക്കുന്നില്ല. (അൽ ഇസ്തിഫ് താഅ്, അറബി ഭാഗത്തിന്റെ പരിഭാഷ വാള്യം 22, പു:688,689)

ആ മഹാത്മാവ് 1889 – ൽ ഒരു പരിശുദ്ധ ജമാഅത്ത് സ്ഥാപി ച്ചു. അതിന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന് നാമകര ണം ചെയ്തു. അദ്ദേഹം ജീവിതകാലം മുഴുവനും ഇസ്‌ലാമി നെ ലോകത്തിന്റെ എല്ലാ കോണുകളിലും വിജയിപ്പിക്കുന്ന തിനുള്ള തീവ്രയത്നത്തിൽ കഴിച്ചുകൂട്ടി. അദ്ദേഹത്താൽ ര ചിക്കപ്പെട്ട എൺപതിലധികം ഗ്രന്ഥങ്ങൾ ഇതിന് സാക്ഷ്യം വഹിക്കുന്നവയാണ്. അങ്ങനെ അദ്ദേഹം ഇസ്‌ലാമിന്റെ വിജ യത്തിനായി തന്റെ ജീവിതം മുഴുവനും ഉഴിഞ്ഞുവെച്ചു എന്ന തിന് സ്വന്തക്കാരുടെയും അന്യരുടെയും സാക്ഷ്യങ്ങൾ ഉണ്ട്.

അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് അദ്ദേഹം തന്നിൽ അർപ്പി

തമായ കടമകൾ വളരെ ഉത്തമവും ഭംഗിയുമായ നിലയിൽ നിർവഹിക്കുകയും ജീവിതാവസാനം വരെ ഈ ദൈവിക ലക്ഷ്യപ്രാപ്തിക്കായി ഓരോ നിമിഷവും സമർപ്പിക്കുകയും ചെയ്തു. അതിനായി ഒരു പരിശുദ്ധ ജമാഅത്തിനു രൂപം നല്കി. ആ മഹാത്മാവ് മരണപ്പെട്ടപ്പോൾ, ഇനി അദ്ദേഹത്തിന്റെ ലക്ഷ്യവും ജമാഅത്തും ഇല്ലാതായിത്തീരുന്നതാണെന്ന് ശത്രുക്കൾ കരുതി. എന്നാൽ അല്ലാഹു തന്റെ വാഗ്ദാന പ്രകാരം ഖിലാഫത്ത് വ്യവസ്ഥിതി സ്ഥാപിക്കുകയുണ്ടായി. അല്ലാഹു പറയുന്നു;

وَعَدَ اللّٰهُ الَّذِيْنَ اٰمَنُوْا مِنْكُمْ وَعَمِلُوا الصّٰلِحٰتِ لَيَسْتَخْلِفَنَّهُمْ
فِي الْاَرْضِ كَمَا اسْتَخْلَفَ الَّذِيْنَ مِنْ قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ
دِيْنَهُمُ الَّذِي ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْ بَعْدِ خَوْفِهِمْ اَمْنًا
يَعْبُدُوْنَنِيْ لَا يُشْرِكُوْنَ بِيْ شَيْـًٔا وَمَنْ كَفَرَ بَعْدَ ذٰلِكَ فَاُولٰٓئِكَ
هُمُ الْفٰسِقُوْنَ۝

(സൂറത്തുന്നൂർ: 56)

അർഥം: നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സത്കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്ക് മുമ്പുള്ളവരെ ഖലീഫമാരാക്കിയത് പോലെ തീർച്ചയായും അവരെയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്കു പ്രബലപ്പെടുത്തിക്കൊടുക്കുകയും, അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നല്കുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനെയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ.

ഹദ്റത്ത് അബ്ദുർ റഹ്മാനിബ്നു സഹൽ(റ) പറയുന്നു, തിരുനബി(സ) പറഞ്ഞു. എല്ലാ പ്രവാചകത്വത്തിനു ശേഷവും ഖിലാഫത്ത് ഉണ്ടാകുന്നു. (കൻസുൽ ഉമ്മാൽ, കിതാബുൽ

ഫിത്ൻമിൻ ഖിസ്മുൽ അഫ്ആൽ - ഫസ്ൽ ഫീ മുതഫരിഖാതുൽ ഫിതിൻ, വാ - 11, പു: 115, ഹദീസ് -31444)

ഹദ്റത്ത് ഹുദൈഫ(റ) നിവേദനം ചെയ്യുന്നു, തിരുനബി(സ) പറഞ്ഞു: നിങ്ങളിൽ നുബുവ്വത്ത് നിലനിൽക്കുന്നതാണ്. പിന്നീട് പ്രവാചകമാർഗത്തിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. പിന്നീട്, പ്രയാസങ്ങൾ സൃഷ്ടിക്കുന്ന രാജഭരണം നിലവിൽ വരുന്നതാണ്. അതിനുശേഷം അക്രമഭരണം നടമാടുന്നതാണ്. അതിനുശേഷം പ്രവാചക പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാകുന്നതാണ്. തുടർന്ന് നബി(സ) മൗനം ദീക്ഷിച്ചു. (മുസ്നദ് അഹ്മദ് ഹദീസ് 17680)

തിരുനബി(സ)യുടെ ഈ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദിയുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യുടെ വഫാത്തിനു ശേഷം അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗൃഹീതവും അതിശ്രേഷ്ഠവുമായ സംവിധാനം നിലവിൽവന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ടാം ശക്തിപ്രഭാവം എന്നാണതിനെ വിശേഷിപ്പിച്ചിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അഹ്മദിയ്യാ ഖിലാഫത്തിനെ സംബന്ധിച്ച് സുവാർത്ത നല്കിക്കൊണ്ട് പറയുന്നു: 'ഇത് അല്ലാഹുവിന്റെ സനാതന നിയമമാകുന്നു. അവൻ മനുഷ്യനെ ഈ ഭൂമിയിൽ സൃഷ്ടിച്ചതു മുതൽ പ്രവാചകന്മാരെ സഹായിക്കുന്നതിനും അവർക്കു വിജയം നല്കുന്നതിനും വേണ്ടി ഈ നിയമത്തെ സദാ പ്രകടമാക്കിക്കൊണ്ടിരുന്നു. അല്ലാഹു പറയുന്നു; 'كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِىْ' (അൽ മുജാദല - 22) തന്റെ പ്രവാചകന്മാർ വിജയം പ്രാപിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. വിജയം കൊണ്ടുദ്ദേശിക്കുന്നത് ഇതാണ്. പ്രവാചകന്മാരുടെ ആഗ്രഹമനുസരിച്ച് മറ്റൊരാളും കിടപിടിക്കാൻ കഴിയാത്ത വിധം അല്ലാഹുവിന്റെ തെളിവുകൾ ഭൂമിയിൽ പൂർത്തിയാവുക എന്നതാണ്. എന്നാൽ ഇതിന്റെ പൂർത്തീകരണം അവരുടെ കരങ്ങളാൽ നിർവഹിക്കപ്പെടുന്നില്ല. മറിച്ച്, ഈ പ്രസ്ഥാനം

ബാഹ്യമായി പരാജയപ്പെടുമെന്ന ഭയം നിലനില്ക്കെ അവൻ അവർക്ക് മരണം നല്കുന്നു. ഇതിലൂടെ എതിരാളികൾക്ക് പരിഹാസ കുത്തുവാക്കുകളും, നിന്ദാവചനങ്ങളും ചൊരിയാൻ അവൻ അവസരം നല്കുന്നു. എന്നാൽ അവരുടെ പരിഹാസങ്ങൾക്ക് ശേഷം അവൻ തന്റെ ശക്തിയുടെ മറ്റൊരു കരം പ്രത്യക്ഷപ്പെടുത്തുന്നു. തന്നിമിത്തം, അപൂർണതയിൽ കിടന്നിരുന്ന ലക്ഷ്യങ്ങൾ പരിപൂർണത പ്രാപിക്കുന്നതിനു വേണ്ട സാമഗ്രികൾ സൃഷ്ടിക്കുന്നു.

ചുരുക്കത്തിൽ, രണ്ടു വിധത്തിലുള്ള ദിവ്യശക്തി പ്രഭാവങ്ങളാണു പ്രത്യക്ഷപ്പെടാറുള്ളത്. ഒന്നാമതായി, പ്രവാചകന്മാരുടെ കരങ്ങളിലൂടെ സ്വയം തന്റെ ദിവ്യശക്തിയുടെ ഹസ്തം പ്രകടമാകുന്നു. രണ്ടാമതായി, പ്രവാചകന്റെ വഫാത്തിനു ശേഷം പ്രയാസങ്ങളെ അഭിമുഖീകരിക്കേണ്ടിവരികയും, ശത്രുക്കൾ ശക്തിയാർജിക്കുകയും, പ്രവർത്തനങ്ങൾക്ക് ഭംഗം സംഭവിച്ചിരിക്കുന്നുവെന്ന് കരുതപ്പെടുകയും, ജമാഅത്ത് നാമാവശേഷമാവുമെന്നു ശത്രുക്കൾ ഉറപ്പാക്കുകയും ചെയ്യുന്നു. കൂടാതെ ജമാഅത്തിലെ അംഗങ്ങൾ ആശയക്കുഴപ്പത്തിലകപ്പെടുകയും അവരുടെ സ്ഥിരചിത്തതയ്ക്ക് തകരാറ് സംഭവിക്കുകയും ചെയ്യുന്നു. തുടർന്ന് പല നിർഭാഗ്യവാന്മാരും പിന്തിരിഞ്ഞുപോകാൻ സന്നദ്ധരാകുന്നു. അപ്പോൾ അല്ലാഹു തന്റെ അതിമഹത്തായ ദിവ്യശക്തി ഒരിക്കൽ കൂടി വെളിപ്പെടുത്തിക്കൊണ്ട്, ആപതിച്ചുകൊണ്ടിരിക്കുന്ന ജമാഅത്തിനെ സംരക്ഷിക്കുന്നു. അതിനാൽ, ആരാണോ അന്ത്യം വരെ സഹനം കൈക്കൊള്ളുന്നത് അവർ അല്ലാഹുവിന്റെ ഈ അദ്ഭുത ദൃഷ്ടാന്തം ദർശിക്കുന്നതാണ്. ഹദ്റത്ത് അബൂബക്കർ സിദ്ദീഖി(റ)ന്റെ കാലത്ത് സംഭവിച്ചതുപോലെ. ഹദ്റത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ വേർപാട്, കാലമെത്താതെയുണ്ടായ ഒരു വേർപാടായിരുന്നുവെന്ന് മനസ്സിലാക്കുകയും ദുഃഖ ഭാരത്താൽ സഹാബിമാർ പരിഭ്രാന്തരാകുകയും വളരെയേറെ ബദവികൾ ഇസ്ലാംമതം ഉപേക്ഷിക്കുകയും ചെയ്തു. ഈ സന്ദർഭ

ത്തിലാണ് അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖി(റ)നെ എഴുന്നേല്പ്പിച്ചയച്ചുകൊണ്ട് വീണ്ടും തന്റെ ദിവ്യശക്തിയുടെ മാതൃക കാണിക്കുകയും ഇസ്‌ലാമിനെ നാശഗർത്തിൽനിന്ന് രക്ഷിക്കുകയും ചെയ്തത്.

وَلَيُمَكِّنَنَّ لَهُمْ دِينَهُمُ الَّذِى ارْتَضٰى لَهُمْ وَلَيُبَدِّلَنَّهُمْ مِّنْۢ بَعْدِ خَوْفِهِمْ اَمْنًا

(അന്നൂർ: 56) എന്ന ഖുർആൻ വചനത്തിൽ പറഞ്ഞ പ്രകാരം ഭയത്തിനു ശേഷം നാം അവരുടെ കാൽ പാദങ്ങളെ സുദൃഢമാക്കുമെന്ന വാഗ്ദാനം അല്ലാഹു പൂർത്തിയാക്കി കാണിച്ചു...... അതുകൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനുവേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു രണ്ടുവിധം ദിവ്യശക്തികൾ പ്രകടമാകുന്നു. അത് കൊണ്ട് ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമത്തെ ഉപേക്ഷിച്ചുകളയുമെന്നത് സംഭവ്യമല്ല. തന്മൂലം ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾ കൊണ്ട് നിങ്ങൾ കുണ്ഠിതരും മനഃക്ലേശമുള്ളവരും ആകരുത്. കാരണം നിങ്ങളും രണ്ടാമത്തെ ദിവ്യതേജസിനെ ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. നിങ്ങൾക്ക് ഗുണകരമാണ് അതിന്റെ ആഗമനം. എന്തുകൊണ്ടെന്നാൽ, അതു ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾവരെ മുറിഞ്ഞു പോകാത്തതുമാണ്... ഞാൻ അല്ലാഹുവിന്റെ ഭാഗത്ത്നിന്ന് ഒരു ദിവ്യശക്തിയുടെ രൂപത്തിലാണ് വന്നിട്ടുള്ളത്. ഞാൻ ദൈവികമായ ഒരു ശക്തിപ്രഭാവമാകുന്നു. എനിക്കുശേഷം ചില വ്യക്തികളുണ്ടാവും. അവർ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങളായിരിക്കും. അതിനാൽ, നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ രണ്ടാം ദിവ്യശക്തിയെ പ്രതീക്ഷിച്ചുകൊണ്ട് പ്രാർഥനയിൽ നിരതരാകുക. കൂടാതെ, ഈ ദ്വിതീയ ദിവ്യശക്തി ആകാശത്തുനിന്ന് വെളിവാകുകയും നിങ്ങളുടെ ദൈവം കഴിവുറ്റവനാണെന്നു കാണിച്ചു തരുമാറാകുകയും ചെയ്യുന്നതുവരെ മുഴുവൻ ജമാഅത്തുകളിലെയും സുകൃതവാന്മാർ ഓരോ നാട്ടിലും ഒരുമിച്ചുകൂടി ദുആ ചെയ്തുകൊ

ണ്ടിരിക്കേണ്ടതാണ്." (അൽ വസിയ്യത്ത്, റൂഹാനി ഖസായിൻ വാള്യം 20, പു: 304-306)

ഇതുമായി ബന്ധപ്പെട്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: "ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ലിഖിതങ്ങളിൽനിന്ന് തെളിയുന്നത്, തിരുനബി(സ)യ്ക്കുശേഷം ഖിലാഫത്ത് പരമ്പര സ്ഥാപിതമായതു പോലെ തന്നെ ആ മഹാത്മാവിനു ശേഷവും സ്ഥാപിതമാകുമെന്നാണ്. കൂടാതെ, അദ്ദേഹത്തിന്റെ ഖലീഫമാരെ അനുസരിക്കേണ്ടത് നിർബന്ധവുമാണെന്നാണ്. ജമാഅത്തി ന്റെ യഥാർത്ഥ പ്രതിനിധികളും അവർ തന്നെയായിരിക്കും." (ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വത്, വാള്യം 3, പു: 601)

ഇതിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വഫാത്തിനുശേഷം 1908 മെയ് മാസത്തിൽ ഹദ്റത്ത് ഹാഫിസ് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) പ്രഥമ ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. 1914-ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ വിയോഗത്തിനുശേഷം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ വിയോഗാനന്തരം ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ മൂന്നാം ഖലീഫയായി ഹദ്റത്ത് മിർസാ നാസിർ അഹ്മദ്(റഹ്) തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം 1982 - ൽ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ്(റഹ്) നാലാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. 2003 -ൽ അദ്ദേഹത്തിന്റെ വഫാത്തിനുശേഷം നമ്മുടെ ഇപ്പോഴത്തെ ഇമാമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹുതആല ബിനസ്രീഹിൽ അസീസ്) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അഞ്ചാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിയുടെ രാജപാതകളിലൂടെ മുന്നോട്ട് ഗമിച്ചുകൊണ്ടിരിക്കുകയാണ്.

നമ്മുടെ പ്രിയങ്കരനായ ഇമാം സാഹിബ് സാദാ മിർസാ

മസ്റൂർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് അൽഖാമിസിന് (അയ്യദഹുല്ലാഹു തആല ബിനസ്‌രിഹിൽ അസീസ്) അല്ലാഹു ആയിരാരോഗ്യസൗഖ്യമുള്ള കർമനിരതമായ ജീവിതം നൽകി അനുഗ്രഹിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ കാരുണ്യത്തിന്റെ നിഴൽ ഒരു നീണ്ടകാലം നമ്മുടെ മേൽ നിലനില്ക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ അനുഗൃഹീതകാലഘട്ടത്തിൽ യഥാർഥ ഇസ്‌ലാമായ അഹ്മദിയ്യത്തിന്റെ വിജയം ഉണ്ടാകുമാറാകട്ടെ - ആമീൻ.

ഈ ശൃംഖല പുരോഗമിച്ചു കൊണ്ടുതന്നെയിരിക്കുന്നതാണ്. മഹത്തായ രണ്ടാം ദിവ്യശക്തിയുടെ പ്രതീകങ്ങൾ അല്ലാഹുവിന്റെ ഇച്ഛയ്ക്കനുസരിച്ച് എന്നും നിലനിൽക്കുന്നതുമാണ്, ഇൻശാഅല്ലാഹ്. കാരണം നമ്മുടെ ദൈവത്തിന്റെ പക്കൽ രണ്ടാം ദിവ്യശക്തി, മൂന്നാം ദിവ്യശക്തി, നാലാം ദിവ്യശക്തി, അഞ്ചാം ദിവ്യശക്തി തുടങ്ങിയവയുണ്ട്. തൽസംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] ഒരിടത്ത് പറയുന്നു.

'ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു, ഞാൻ പോകുകയാണ്. അല്ലാഹു തആലാ നിങ്ങൾക്ക് വേണ്ടി രണ്ടാം ശക്തിപ്രഭാവത്തെ അയക്കുന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ പക്കൽ രണ്ടാം ദിവ്യശക്തി മാത്രമല്ല ഉള്ളത്. അവന്റെ പക്കൽ മൂന്നാം ദിവ്യശക്തിയുമുണ്ട്, അവന്റെ പക്കൽ നാലാം ദിവ്യശക്തിയുമുണ്ട്. ഒന്നാം ദിവ്യശക്തിക്കുശേഷം രണ്ടാം ദിവ്യശക്തി വെളിപ്പെട്ടു. രണ്ടാം ദിവ്യശക്തിക്കുശേഷം മൂന്നാം ദിവ്യശക്തി വെളിപ്പെടുന്നതാണ്. മൂന്നാം ദിവ്യശക്തിക്കുശേഷം നാലാം ദിവ്യശക്തി വെളിപ്പെടുന്നതാണ്. നാലാം ദിവ്യശക്തിക്കുശേഷം അഞ്ചാം ദിവ്യശക്തി വരുന്നതാണ്. അഞ്ചാം ദിവ്യശക്തിക്കുശേഷം ആറാം ദിവ്യശക്തി വരുന്നതാണ്. അങ്ങനെ ദൈവിക ഹസ്തം ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ടേയിരിക്കുന്നതാണ്. ലോകത്തുള്ള ഒരു ശക്തിക്കും വലിയ വലിയ ഭരണാധികാരികൾക്കു പോലും ഈ പദ്ധതിയുടെയും ലക്ഷ്യത്തിന്റെയും മാർഗത്തിൽ വിലങ്ങു നിൽകാൻ സാധ്യമല്ല. ഈ

ഉദ്ദേശ്യത്തെ പൂർത്തിയാക്കുന്നതിനായിട്ടാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പ്രഥമ ശിലയായി നിയോഗിച്ചിരിക്കുന്നത്. എന്നെ അവൻ രണ്ടാമത്തെ ശിലയാക്കിയിരിക്കുന്നു. തിരുനബി(സ) ഒരിക്കൽ പറയുകയുണ്ടായി, ദീൻ വിപത്തിൽ അകപ്പെടുന്ന കാലത്ത് അല്ലാഹു അതിന്റെ സംരക്ഷണത്തിനായി ഫാർസി വംശജരിൽ നിന്നുള്ള ചിലരെ എഴുന്നേല്പിക്കുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിൽ പെട്ട ഒരു വ്യക്തിയായിരുന്നു. മറ്റൊരു വ്യക്തി ഞാനാണ്. എന്നാൽ *രിജാലുൻ* എന്ന വാക്കിന്റെ അടിസ്ഥാനത്തിൽ ഫാർസി വംശജരിൽ നിന്നുള്ള വേറെയും ചിലരെ ഇസ്‌ലാം ദീനിന്റെ മഹത്വത്തെ നിലനിറുത്തുന്നതിനും അതിന്റെ അടിത്തറ ബലപ്പെടുത്തുന്നതിനുമായി അല്ലാഹു എഴുന്നേല്പിച്ചേക്കാം." (അൽഫദ്ൽ, 1950 സെപ്തം. 22 പു: 6,7)

രണ്ടാം ദിവ്യശക്തിയുടെ ഈ പ്രതിരൂപങ്ങളുടെ നായകത്വത്തിൽ അഹ്മദിയ്യാ ജമാഅത്ത് അഭിവൃദ്ധിയുടെ പടവുകൾ അതിശീഘ്രം പിന്നിട്ടുകൊണ്ടിരിക്കുകയാണെന്നതിന് അഹ്മദിയ്യത്തി ന്റെ ചരിത്രം സാക്ഷിയാണ്. അഹ്മദിയ്യത്തിന് ഇന്നു ലോകത്തു വ്യതിരിക്തമായ ഒരു അസ്തിത്വം ഉണ്ട്. മനുഷ്യസേവനത്തിലും ഇസ്‌ലാമിന്റെ പ്രചാരണത്തിലും വിദ്യാഭ്യാസ ശിക്ഷണ മേഖലകളിലും ഈ ജമാഅത്ത് മുൻപന്തിയിലാണ്. 24 മണിക്കൂറും ടി.വി ചാലനുകൾ, റേഡിയോ, പത്രമാധ്യമങ്ങൾ, ലീഫ്ലെറ്റ്സ് എന്നിവ മുഖേന ഇസ്‌ലാമിന്റെ യഥാർഥ സന്ദേശം ലോകത്തിന്റെ കോണുകളോളം പ്രചരിപ്പിച്ചു കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലും, കൂടാതെ കുടിവെള്ളം ലഭ്യമാക്കുന്നതിലും ഊർജോൽപാദനത്തിലും, ദരിദ്രരും അർഹരുമായ ജനങ്ങളെ സഹായിച്ചു കൊണ്ടിരിക്കുന്നു. അതുപോലെത്തന്നെ സ്നേഹം, സമാധാനം, സാഹോദര്യം, രാജ്യത്തെ നിയമപാലനം എന്നിവയാലും അറിയപ്പെടുന്നു. ഇസ്‌ലാമിന്റെ യഥാർഥ ചിത്രം ലോകത്ത് സമർപ്പിക്കുന്ന കാരണത്താൽ അമുസ്‌ലിം ലോകം ഇസ്‌ലാ

മിന്റെ സുന്ദരമായ അധ്യാപനങ്ങളെ ക്കുറിച്ച് ബോധവാന്മാരാ യിക്കൊണ്ടിരിക്കുന്നു. വിശുദ്ധ ഖുർആന്റെയും ഇസ്‌ലാമിക സാഹിത്യങ്ങളുടെയും പ്രസിദ്ധീകരണത്തിൽ അഹ്മദിയ്യ ജമാ അത്ത് അനുപമമാണ്. ഇന്ന് ലോകത്തുള്ള ഇരുന്നൂറിലധികം രാഷ്ട്രങ്ങളിൽ സുദൃഢമായ അടിത്തറയിൽ ഈ ജമാഅത്ത് സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു.

ഖിലാഫത്താകുന്ന ഈ അനുഗ്രഹം ജമാഅത്തിനെ പരസ് പരൈക്യത്തിന്റെയും ഒത്തൊരുമയുടെയും സുദൃഢ വിശ്വാസ ത്തിന്റെയും സല്കർമങ്ങളുടെയും സമ്പത്താൽ അനുഗ്രഹി ച്ചു കൊണ്ട് ഉരുക്കുകോട്ടയാക്കുകയും വാഗ്ദാനം ചെയ്യപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് അധികപങ്കും നല്കിയിരിക്കുകയും ചെയ്തിരിക്കുന്നു. അഹ്മദിയ്യാ ഖിലാഫത്തിന്റെ കീഴിൽ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിന്റെ വിളംബരം ലോകത്തിന്റെ നാലുദിക്കുകളിലും മുഴങ്ങിക്കൊണ്ടിരിക്കുന്നു. കൂട്ടംകൂട്ടമായി ആളുകൾ ഇസ്‌ലാമിലേക്ക് പ്രവേശിച്ചു കൊ ണ്ടിരിക്കുന്നു. ദൈവസഹായങ്ങൾ അനുനിമിഷം ആകാശ ത്തുനിന്ന് ഇറങ്ങുന്നതായി കണ്ടുകൊണ്ടിരിക്കുന്നു.

ചുരുക്കത്തിൽ, ഖിലാഫത്ത് മുഖേന അഹ്മദിയ്യാ ജമാഅത്ത് അല്ലാഹുവിന്റെ അസംഖ്യം കാരുണ്യങ്ങളെ ആകർഷിച്ചുകൊ ണ്ടിരിക്കുകയും, ദൈവിക പ്രകാശത്താൽ പ്രശോഭിതമായി ക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മറുഭാഗത്ത്, ഖിലാഫത്ത് നി ഷേധികൾ അപചയത്തിനും, നിന്ദ്യതയ്ക്കും, ഭിന്നതയ്ക്കും ഇരകളായിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ ഭൗതിക വിഭവങ്ങളുമായി താരതമ്യം ചെയ്യു ക എന്നത് ബുദ്ധിമോശമാണ്. ഈ ദൈവിക പാശത്തിന്റെ ഇഴ അല്ലാഹുവും വിശ്വാസികളുമായി പരസ്പരം ബന്ധപ്പെ ട്ടിരിക്കുന്നു. ഈ ആത്മീയ സംവിധാനം നിബന്ധനകൾ പൂ ർത്തിയാക്കുന്ന വിശ്വാസികളുടെയും ഭയഭക്തരുടെയും ആശ്ര യമായി തീർന്നിരിക്കുന്നു. അഭിവൃധികളുടെ മൈതാനങ്ങളെ അതിജയിച്ചുകൊണ്ട് തങ്ങളുടെ ജീവിത സാഫല്യത്തിലേക്ക്

അവർക്കു വഴികാട്ടുന്നു. ദീനിന് സുഭദ്രത ലഭിച്ചുകൊണ്ടിരിക്കുന്നതിനോടൊപ്പം തന്നെ എപ്പോഴും വിശ്വാസികളുടെ ഭയത്തിന്റെ ഇരുൾ മുറ്റിയ അവസ്ഥകൾ സമാധാനത്തിന്റെ അന്തരീക്ഷത്തിലേക്ക് പൊടുന്നനെ പരിവർത്തിക്കുന്നതായും കാണുന്നു. തൗഹീദിന്റെ പതാക പാറിപ്പറക്കുന്നതായും വിഗ്രഹാലയങ്ങൾ നിലംപതിക്കുന്നതായും കാണുന്നു. അങ്ങനെ പ്രവാചകദൗത്യം വീണ്ടും നിറവേറപ്പെടുമാറാകുന്നു.

ഈ അനുഗൃഹലബ്ധിക്ക് നാം അല്ലാഹുവിനോട് എത്ര നന്ദി പറഞ്ഞാലും മതിയാകില്ല. ഇതു സംബന്ധമായുള്ള നമ്മുടെ പ്രഥമ കർത്തവ്യം, ഈ ദൈവാനുഗ്രഹത്തിന്റെ പ്രാധാന്യത്തെകുറിച്ചുള്ള ശരിയായ അവബോധം ഉണ്ടാക്കിയെടുക്കുകയും ആത്മാർഥമായി അതിനെ വിലമതിക്കുകയും ഖിലാഫത്തിനെ അനുസരിക്കുകയെന്നത് നിർബന്ധമായി കണക്കാക്കുകയും ചെയ്യുക എന്നതാണ്.

അഹ്മദിയ്യാ ഖിലാഫത്തിന്റെ ഈ കാരുണ്യം തുടർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിൽനിന്ന് പ്രയോജനം കരസ്ഥമാക്കുന്നതിനായി ഈ ആകാശീയ സംവിധാനത്തെ മനസ്സിലാക്കണം. അതിന്റെ സ്ഥാനത്തെയും നിലയെയും തിരിച്ചറിയണം. അതുപോലെ ഭൗതികമായ ഒരു ബന്ധങ്ങളിലും കാണപ്പെടാത്ത ആത്മാർഥതയുടെയും സ്നേഹത്തിന്റെയും ഉദാത്തബന്ധം അഹ്മദിയ്യാ ഖിലാഫത്തുമായി സ്ഥാപിക്കേണ്ടതും അനിവാര്യമാണ്. ഇതുമായി ബന്ധപ്പെട്ട നിബന്ധനകളിൽ ബദ്ധശ്രദ്ധരാകുന്ന പക്ഷം നമ്മോടൊപ്പം നമ്മുടെ തലമുറകളും അതിൽനിന്ന് പ്രയോജനം കരസ്ഥമാക്കുന്നവരായിത്തീരുന്നതാണ്.

# ഖിലാഫത്തിന്റെ
# അതിമഹത്തായ സ്ഥാനവും പദവിയും

ഖിലാഫത്ത് വളരെയധികം പ്രാധാന്യമർഹിക്കുന്നു. കാരണം, നബിയുടെ വഫാത്തിനുശേഷം അദ്ദേഹത്തിന്റെ പിന്തുടർച്ചയിൽ അദ്ദേഹത്തിന്റെ ദൗത്യനിർവഹണത്തിന് പരിപൂർണത വരുത്താനായിട്ടാണ് അതു സ്ഥാപിതമാകുന്നത്. എല്ലായിപ്പോഴും ദൈവസഹായം തുണയായിരിക്കുന്നതു തന്നെ അതിന്റെ മാഹാത്മ്യത്തിന് അടിവരയിടുന്നുണ്ട്. ഖലീഫയുടെ എല്ലാ പ്രവർത്തനങ്ങളുടെയും വിജയത്തിന് പിറകിലുള്ള ചാലകശക്തി എന്തായിരിക്കുമെന്ന കാര്യത്തിൽ ലോകം ആശ്ചര്യപ്പെട്ടുനില്ക്കുകയാണ്.

ഖിലാഫത്തിന്റെ പദവിയിലേക്ക് അവരോധിക്കപ്പെടുന്ന വ്യക്തിയിൽ പ്രവാചകത്വത്തിന്റെ പ്രകാശം പ്രതിഫലിക്കുന്നു. പ്രവാചകന്റെ ഗുണഗണങ്ങൾ അദ്ദേഹത്തിൽ കാണപ്പെടുന്നു. നബിയുടെ അനുഗ്രഹങ്ങളിൽനിന്ന് അദ്ദേഹത്തിനു പങ്കു ലഭിക്കുന്നു. പരിശുദ്ധരായ ജമാഅത്തംഗങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നുവെങ്കിലും ഖലീഫയെ നിയമിക്കുന്നത് സ്വയം അല്ലാഹു തന്നെയാണ്. ഇത് അല്ലാഹുവിനാൽ നല്കപ്പെട്ട ഒരു പദവിയാകുന്നു. ആർക്കും ഒരിക്കലും ഒരു ഖലീഫയെ സ്ഥാനഭ്രഷ്ടനാക്കാൻ സാധ്യമല്ല. അല്ലാഹു ഖലീഫയുടെ അധ്യാപകനായി മാറുന്നു. അല്ലാഹു അദ്ദേഹത്തിന് ദിവ്യജ്ഞാനങ്ങൾ നല്കി അനുഗ്രഹിക്കുന്നു. വിശ്വാസികളുടെ ഹൃദയത്തിൽ അദ്ദേഹത്തോടുള്ള സ്നേഹം സംജാതമാക്കുകയും അതുപോലെ അദ്ദേഹത്തിന്റെ ഹൃദയത്തിലും വിശ്വാസികളോടു അനുകമ്പയും കാരുണ്യവും ജനിപ്പിക്കുകയും ചെയ്യുന്നു. അവരുടെ ദുഃഖങ്ങളിൽ ഖലീഫ അസ്വസ്ഥനാകുകയും അവർക്കായി ദുആ ചെയ്യുകയും ചെയ്യുന്നു. അദ്ദേഹത്തിന് ദുആ

സ്വീകാര്യതയുടെ അടയാളങ്ങൾ നല്കപ്പെടുന്നു. അദ്ദേഹത്തിന് ഒരു അസാധാരണമായ പ്രതാപം നല്കപ്പെടുന്നു. മാലോകരാൽ അദ്ദേഹം അനുസരിക്കപ്പെടുന്നു. അദ്ദേഹത്തെ അനുസരിക്കുകയും പിൻപറ്റുകയും ചെയ്യേണ്ടത് വിശ്വാസികൾക്ക് നിർബന്ധമായിത്തീരുന്നു. അതിൽ നിന്ന് മുഖം തിരിച്ചുകൊണ്ടുള്ള മരണം ജാഹിലിയ്യത്തിന്റെ മരണമാകുന്നു. അദ്ദേഹത്തോടുള്ള ബന്ധം ഫലത്തിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള ബന്ധമാകുന്നു. ഖലീഫ തന്റെ കാലഘട്ടത്തിൽ ഭൂമുഖത്തുള്ള അല്ലാഹുവിന്റെ പ്രതിനിധിയും ഏറ്റവും പ്രിയപ്പെട്ട ദാസനുമാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖിലാഫത്തിന്റെ സ്ഥാനമാനങ്ങളുടെ യാഥാർഥ്യത്തെക്കുറിച്ച് പരാമർശിച്ചുകൊണ്ട് പറയുന്നു.

"ഖലീഫ യഥാർഥത്തിൽ റസൂലിന്റെ പ്രതിഛായയാകുന്നു. ഒരു മനുഷ്യനും എന്നെന്നേക്കും ജീവിച്ചിരിക്കുന്നവനായിരിക്കാൻ സാധ്യമല്ല. അതിനാൽ ഭൂമിയിലുള്ള എല്ലാ മനുഷ്യരെ ക്കാളും ഉത്കൃഷ്ടരും ഉത്തമരുമായ ദൈവദൂതന്മാരുടെ അസ്തിത്വത്തെ പ്രതിരൂപാവസ്ഥയിൽ ശാശ്വതമായി ഖിയാമത്ത് നാൾ വരെ നിലനിർത്താൻ അല്ലാഹു ആഗ്രഹിച്ചിരിക്കുന്നു. ഈ ഉദ്ദേശ്യത്താലാണ് അല്ലാഹു ഖിലാഫത്തിനെ നിർദേശിച്ചത്. ലോകം ഒരിക്കലും ഒരു കാലത്തും പ്രവാചകത്വത്തിന്റെ അനുഗ്രഹങ്ങളിൽനിന്ന് ഒഴിയാതിരിക്കാൻ വേണ്ടി." (ശഹാദത്തുൽ ഖുർആൻ പു:57, റൂഹാനിഖസായിൻ വാ.6, പു: 353)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു;

"ഓർത്തുകൊള്ളുക! ഖലീഫയെ അല്ലാഹുവാണ് നിയമിക്കുന്നത്. ഖലീഫ മനുഷ്യരാൽ നിയമിക്കപ്പെട്ടവനാണ് എന്ന് പറയുന്നവർ കളവാണ് പറയുന്നത്. ഖിലാഫത്ത് സ്ഥാപിതമാകുന്നത് മനുഷ്യശ്രമഫലമായിട്ടാണെന്ന് വിശുദ്ധ ഖുർആൻ ഒരിടത്തും തന്നെ പരാമർശിച്ചിട്ടില്ലെന്ന് കാണാം. മറിച്ച്, എല്ലാ

തരത്തിലുള്ള ഖിലാഫത്തിനെയും സംബന്ധിച്ച് അല്ലാഹു പറഞ്ഞിരിക്കുന്നത് നാമാണ് അവരെ നിയമിക്കുന്നത് എന്നാണ്." (കോൻഹെ ജോ ഖുദാ കെ കാം കൊ റോക്സകെ, അൻവാറുൽ ഉലൂം. വാ.2, പു: 11)

"നുബുവ്വത്തിനു ശേഷമുള്ള ഏറ്റവും വലിയ പദവി ഖിലാഫത്താകുന്നു. ഒരു വ്യക്തി എന്നോട് പറഞ്ഞു: സർക്കാർ തലത്തിൽ താങ്കൾക്ക് ഒരു ബഹുമതി ലഭിക്കുന്നതിനായി ഞങ്ങൾ ശ്രമിക്കുന്നതാണ്. ഞാൻ പറഞ്ഞു: ഭൗതികമായ സ്ഥാനമാനങ്ങളൊക്കെ വെറും നിസ്സാരമാണ്. ഖിലാഫത്തിന് മുന്നിൽ ചക്രവർത്തി പദത്തെപ്പോലും ഞാൻ നിസ്സാരമായി കരുതുന്നു. അതിനാൽ നിങ്ങളുടെ പ്രവർത്തനങ്ങളിൽ സൂക്ഷ്മതയും മാന്യതയും പാലിക്കാൻ ശ്രമിക്കാൻ ഞാൻ നിങ്ങളെ ഉപദേശിക്കുകയാണ്. ആക്ഷേപങ്ങൾ ഉന്നയിക്കുന്ന മിത്രങ്ങൾ പോലും പാഴായിപ്പോകുന്നത് ഞാൻ ഒരിക്കലും ഇഷ്ടപ്പെടുന്നില്ല. കാരണം, ഖിലാഫത്ത് എന്ന പദവിയുടെ അടിസ്ഥാനത്തിൽ എന്നെക്കാൾ പ്രായാധിക്യമുള്ളവരും എനിക്ക് മക്കളെ പോലെയാണ്. തന്റെ മകൻ നശിക്കണമെന്ന് ഒരു പിതാവും ഒരിക്കലും ആഗ്രഹിക്കില്ല." (അൻവാറുൽഉലൂം. വാ.9, പു: 425–426)

"ജനങ്ങൾ തന്നെയാണ് ഖലീഫയെ തിരഞ്ഞെടുക്കുന്നതെങ്കിലും അതിനെ അല്ലാഹു തന്റെ തിരഞ്ഞെടുപ്പായിട്ടാണ് പറഞ്ഞിരിക്കുന്നത്. പ്രവാചകന്മാരും ഖലീഫമാരും തമ്മിലുള്ള വ്യത്യാസം ഈ തെരഞ്ഞെടുപ്പിന്റെ കാര്യത്തിലാണ്. അല്ലാഹു ആരെയെങ്കിലും നേരിട്ട് ഖലീഫയായി തിരഞ്ഞെടുക്കുകയും *'ഞാൻ നിന്നെ ഖലീഫയാക്കുന്നു'* എന്നു പറയുകയും ചെയ്താൽ അത്തരം ഖലീഫയും നബിയും തമ്മിൽ യാതൊരു വ്യത്യാസവും ഉണ്ടാകില്ല. നബിയെ അല്ലാഹു സ്വയം തിരഞ്ഞെടുക്കുകയും ഖലീഫയുടെ തിരഞ്ഞെടുപ്പ് ദാസർ മുഖേനയാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ദാസർ മുഖേനയുള്ള തിരഞ്ഞെടുപ്പ് തന്റെ ഇച്ഛയ്ക്കനുസരിച്ചാണ് നടത്തുന്നത്. തുടർന്ന് അവൻ അവർക്ക് സഹായവും പിന്തുണയും

വാഗ്ദാനം ചെയ്യുന്നു.” (ഖിലാഫത്ത് അലാ മിൻഹാജുന്നു ബുവ്വത്ത്, വാ.3, പു: 593)

“ഖിലാഫത്ത് ഒരു ദൈവിക പാരിതോഷികം ആകുന്നു. അതിനു തടസ്സം സൃഷ്ടിക്കാൻ ആരാലും സാധ്യമല്ല. അതു ദൈവജ്യോതിസ്സിനെ സ്ഥാപിക്കുന്നതിനുള്ള ഒരു മാർഗമാകുന്നു. അതിനെ നശിപ്പിക്കാൻ ശ്രമിക്കുന്നവർ അല്ലാഹുവിന്റെ പ്രകാശത്തെയാണ് നശിപ്പിക്കാൻ ആഗ്രഹിക്കുന്നത്. നിശ്ചയം, നിറവേറപ്പെടുന്ന ഒരു വാഗ്ദാനമാണിത്. എന്നാൽ അതിന്റെ നിലനിൽപ്പ് വിശ്വാസികളുടെ ആത്മാർഥതയുമായി ബന്ധപ്പെട്ടിരിക്കുന്നു.” (ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വത്ത്, വാ 3, പു: 420-421)

“ദൈവപ്രേഷിതരുടെ പ്രതിനിധികളായ ഖലീഫമാരെ നിഷേധിക്കുന്നതും പരിഹസിക്കുന്നതും നിസ്സാര കാര്യമല്ല. അതു ഒരു മുഅ്മിനിനെ(വിശ്വാസിയെ) പോലും ഫാസിഖാക്കി (ധിക്കാരി) മാറ്റുന്നതാണ്. നിങ്ങളുടെ നാവുകളെയും പേനകളെയും അനിയന്ത്രിതമായി വിടുന്നത് നല്ല പരിണതഫലമാണ് ഉണ്ടാക്കുക എന്ന് കരുതേണ്ട. അല്ലാഹു പറയുന്നു, ഞാൻ അത്തരക്കാരെ എന്റെ ജമാഅത്തിൽ നിന്ന് അകറ്റി നിർത്തുന്നതാണ്. ഫാസിഖ് എന്നു പറഞ്ഞാൽ അല്ലാഹുവുമായി യാതൊരു ബന്ധവുമില്ല എന്നർഥം. അല്ലാഹുവിൽനിന്നുള്ള സംവിധാനത്തെ വിലമതിക്കാതിരിക്കുകയും അതിനെ സംബന്ധിച്ച് അനാവശ്യമായി ആരോപണങ്ങൾ ഉന്നയിക്കുകയും അതിനെതിരെ അശ്രദ്ധമായി വാക്കുകൾ പ്രയോഗിക്കുകയും ചെയ്യുന്നെങ്കിൽ അത്തരക്കാർ നിഷേധികളായിട്ടാണ് മരിക്കുക എന്നത് വിസ്മരിക്കരുത്.” (ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വത്ത്, വാ. 3, പു: 8-9)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്) പറയുന്നു;

“കാലത്തിന്റെ ഖലീഫ മുഴുലോകത്തിന്റെയും ഗുരുവാകുന്നു. ആയതിനാൽ, ലോകത്തുള്ള പണ്ഡിതന്മാരും തത്ത്വജ്ഞാനികളും ശിഷ്യർ എന്ന അവസ്ഥയിലാണ് അദ്ദേഹ

ത്തിന്റെ മുന്നിൽ വരിക. ഉസ്താദ് എന്ന നിലയിലായിരിക്കില്ല." (അൽ ഫദ്ൽ 1966, ഡിസംബർ 21)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറയുന്നു;

"വ്യക്തിപരമായ കാര്യങ്ങളിൽ കാലത്തിന്റെ ഖലീഫയിൽ നിന്ന് എന്തെങ്കിലും തെറ്റു സംഭവിച്ചേക്കാം. എന്നാൽ ജമാഅത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയുമായി ബന്ധമുള്ള വിഷയത്തിൽ ഖലീഫയിൽ നിന്ന് എന്തെങ്കിലും അബദ്ധം സംഭവിക്കുകയാണെങ്കിൽ തന്നെയും അല്ലാഹു അതിൽ നിന്ന് തന്റെ ജമാഅത്തിനെ സംരക്ഷിക്കുകയും അദ്ദേഹത്തിന് അതേ കുറിച്ച് അറിയിച്ചു കൊടുക്കുകയും ചെയ്യുന്നതാണ്. സൂഫികളുടെ സാങ്കേതിക ഭാഷയിൽ അതിനെ *ഇസ്മത്തെ സുഗ്റാ* (ഭാഗിക നിഷ്കളങ്കത്വം) എന്നു പറയുന്നു. ചുരുക്കത്തിൽ, പ്രവാചകന്മാർക്ക് *ഇസ്മത്തെ കുബ്റാ*(സമ്പൂർണ നിഷ്കളങ്കത്വം) ലഭിക്കുന്നു. എന്നാൽ ഖലീഫമാർക്ക് *ഇസ്മത്തെ സുഗ്റാ* ലഭ്യമാകുന്നു. ജമാഅത്തിന് നാശഹേതുവാകുന്ന തരത്തിൽ അവരിൽ നിന്നൊരു സുപ്രധാന പിഴവ് ഉണ്ടാകാൻ അല്ലാഹു ഒരിക്കലും അനുവദിക്കില്ല. അവരുടെ തീരുമാനങ്ങളിൽ ഭാഗികവും നിസ്സാരവുമായ തെറ്റുകൾ ഉണ്ടാകാം. എന്നാൽ, പരിണിത ഫലം ഇസ്‌ലാമിന്റെ വിജയവും ശത്രുക്കളുടെ പരാജയവും ആയിരിക്കും. ചുരുക്കത്തിൽ, ഖലീഫമാർക്ക് *ഇസ്മത്തെ സുഗ്റ*യാണ് ലഭ്യമായിട്ടുള്ളതെങ്കിലും അവരുടെ നയം തന്നെ ആയിരിക്കും അല്ലാഹുവിന്റേതും. സംസാരിക്കുന്നത് അവരായിരിക്കും, ചലിക്കുന്നത് അവരുടെ നാവുമായിരിക്കും. പ്രവർത്തിക്കുന്നത് അവരുടെ തന്നെ കൈകളുമായിരിക്കും. ബുദ്ധിയും അവരുടെ തന്നെയായിരിക്കും പ്രവർത്തിക്കുന്നത്. എന്നാൽ ഇതിന്റെയെല്ലാം പിറകിൽ അല്ലാഹുവിന്റെ കരങ്ങളായിരിക്കും പ്രവർത്തിക്കുന്നത്. അവരിൽ നിന്ന് ഭാഗികമായ കാര്യങ്ങളിൽ നിസ്സാരമായ തെറ്റു സംഭ

വിച്ചേക്കാം. ചില സമയത്ത് അവരുടെ നിയമോപദേശകർ തന്നെ അവർക്കു തെറ്റായ അഭിപ്രായം നല്കാം. എന്നാൽ, ഇങ്ങനെയുള്ള തടസ്സങ്ങളെ അതിജീവിച്ചുകൊണ്ട് വിജയം അവർക്കു തന്നെയായിരിക്കും ലഭിക്കുക. കണ്ണികളെല്ലാം യോജിച്ചു വരുമ്പോൾ മാത്രമേ ചങ്ങല ബലപ്പെടുകയുള്ളൂ. ആർക്കും തകർക്കാൻ സാധിക്കാത്ത വിധത്തിൽ അതു സുദൃ ഢമായിത്തീരുന്നതുമാണ്." (ഖുത്വുബാതെ മസ്റൂർ, വാ.2, പു: 341-343, അവലംബം തഫ്സീറെകബീർ വാ.6, പു: 376-377)

ഇതിൽ നിന്നും മനസ്സിലാകുന്നത് ഖിലാഫത്ത് സംവിധാനത്തിന്റെ മാഹാത്മ്യവും ശ്രേഷ്ഠതയും കണക്കിലെടുത്ത് കൊണ്ട് ഖിലാഫത്ത് വ്യവസ്ഥിതിയോട് ഹൃദയാത്മനാ ബന്ധം പുലർ ത്തുകയും ഖലീഫയെ നിരുപാധികം അനുസരിക്കുകയും ചെ യ്യുക എന്നത് വിശ്വാസികളുടെ പ്രഥമപ്രധാനമായ കടമയാണ്. ഖലീഫയെ അല്ലാഹുവാണ് നിയമിക്കുന്നതെന്നും, ഖലീഫയായി നിയമിക്കപ്പെട്ട വ്യക്തി ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയും ഏറ്റവും പ്രിയങ്കരനുമായിരിക്കും എന്നതും സ്പഷ്ടമായ സ്ഥിതി ക്ക്, അത്തരം അനുഗൃഹീത വ്യക്തിത്വത്തെ ഹൃദയാത്മനാ സ്നേഹിക്കുകയും പൂർണമായും ആ മാർഗത്തിൽ അലിഞ്ഞില്ലാതാകുകയും ചെയ്യണം എന്നതാണ് അത് നമ്മോട് ആവശ്യപ്പെടുന്നത്. സൂറ:നൂറിലെ ആയത്ത് ഇസ്തിഖ്ലാഫിനെ (ഖിലാഫത്തിന്റെ വാഗ്ദാനമുള്ള വചനത്തെ) ഗഹനമായി പഠിക്കുമ്പോൾ ഈ വിഷയം വളരെ തെളിവാർന്നതായി മാറുന്നു. പ്രസ് തുത ആയത്തിൽ ഖിലാഫത്തിന്റെ വിഷയത്തിനു മുമ്പ് അല്ലാഹു റസൂലിനെ അനുസരിക്കുവാൻ കല്പിച്ചിരിക്കുന്നു. പിന്നീട് ഖിലാഫത്തിന്റെ പരാമർശത്തെത്തുടർന്ന് പ്രവാചകനെ അനുസരിക്കേണ്ടതാണെന്ന് ഉണർത്തുന്നു. ഇത് യാദൃശ്ചികമല്ല മറിച്ച്, ഖലീഫയെ അനുസരിക്കുന്നത് യഥാർഥത്തിൽ റസൂലിനെ തന്നെ അനുസരിക്കുന്നതാണെന്ന വസ്തുത ഇതിൽ അന്തർലീ നമായിരിക്കുന്നു. അത്പോലെത്തന്നെ റസൂലിനെ അനുസരിക്കുന്നതിലൂടെ അതേ ആത്മസമർപ്പണത്തോടു

കൂടി ആ റസൂലിന്റെ ഖലീഫയെയും നിശ്ചയമായും അനുസരിക്കേണ്ടതാണെന്നു വരുന്നു.

കാലത്തിന്റെ ഖലീഫയോടുള്ള അനുസരണത്തെ സംബന്ധിച്ച് തിരുനബി(സ)യുടെ ഈ ഹദീഥും ശ്രദ്ധയിൽ ഉണ്ടായിരിക്കേണ്ടതാണ്.

തിരുനബി(സ)പറയുന്നു:

''فَإِنْ رَأَيْتَ يَوْمَئِذٍ خَلِيْفَةَ اللهِ فِي الْأَرْضِ فَالْزِمْهُ وَإِنْ نُهِكَ جِسْمُكَ وَأُخِذَ مَالُكَ۔''

അർഥം: അല്ലാഹുവിന്റെ ഖലീഫ ഭൂമിയിൽ ഉണ്ടെന്ന് നിങ്ങൾ അറിയുകയാണെങ്കിൽ, നിങ്ങളുടെ ശരീരം തുണ്ടം തുണ്ടമാക്കപ്പെട്ടാലും നിങ്ങളുടെ സമ്പത്തുകൾ കൊള്ളയടിക്കപ്പെട്ടാലും അദ്ദേഹവുമായി നിങ്ങൾ ബന്ധം സ്ഥാപിക്കേണ്ടതാണ്. (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ, ഹദീഥ് 22333)

യഥാർഥത്തിൽ ഈ ദുൻയാവിലുള്ള ഏറ്റവും ഉത്തമവും അമൂല്യവുമായ ഖജനാവ് ഖിലാഫത്താണെന്ന് ഈ ഹദീഥിൽ നിന്ന് സ്പഷ്ടമാകുന്നു. അത് ജീവനെക്കാളും സമ്പത്തിനെക്കാളും മൂല്യമേറിയതാകുന്നു. അതിനാൽ ഈ സമ്പത്ത് അല്ലാഹു ഏതെങ്കിലും ജമാഅത്തിനു പ്രദാനം ചെയ്യുകയാണെങ്കിൽ അതിനോട് ഒട്ടിച്ചേരുക. ഏതൊരവസ്ഥയിലും അതുമായി ഒട്ടിച്ചേർന്നു നില്ക്കുന്നതു തന്നെയാണ് ജീവന്റെ നിലനില്പിന്നാധാരം.

# ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ

ഖിലാഫത്തിന്റെ മഹത്തായ അനുഗ്രഹങ്ങൾ ഇവയാണ്:

- ദീനിന്റെ പ്രബലത
- സമാധാനത്തിന്റെ സംസ്ഥാപനം
- യാഥാർഥ നിലയിൽ ദൈവാരാധനയുടെ പുനഃസ്ഥാപനം
- സംശുദ്ധ തൗഹീദിന്റെ വീണ്ടെടുപ്പ്
- മനുഷ്യസേവനങ്ങൾ
- ഇസ്‌ലാമിന്റെ പ്രചാരണം
- അഭിവൃധികൾ
- ഐക്യവും അഖണ്ഡതയും
- ദൈവിക സഹായങ്ങൾ
- വിശ്വാസികളെ ആത്മാർഥമായി സ്നേഹിക്കുകയും അവർക്കു വേണ്ടി ഉള്ളുരുകി പ്രാർഥിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയുടെ സാന്നിധ്യം
- ആത്മീയ ജീവിതത്തിന്റെ നിലനില്പ്.

വിശുദ്ധ ഖുർആനിൽ പലയിടങ്ങളിലായി ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ച് പരാമർശമുണ്ട്. സൂറത്തുന്നൂറിലെ 56-ാം വചനത്തിൽ വളരെ സ്പഷ്ടമായ നിലയിൽ ഇതിനെ കുറിച്ചുള്ള സൂചനയുണ്ട്. അതിൽ പറയുന്നു: ഖിലാഫത്തിന്റെ അതിമഹത്തായ അനുഗ്രഹങ്ങളാണ് അതുമൂലം ദീൻ പ്രബലമാകുന്നതും വിശ്വാസികളുടെ ഭയാവസ്ഥ സമാധാനത്തിലേക്ക് മാറുന്നതും. ദൈവാരാധനയുടെയും സംശുദ്ധ തൗഹീദിന്റെയും അടിത്തറ സുദൃഢമാകുകയും അവയുടെ സംസ്ഥാപനം യഥാർഥ നിലയിൽ ഉണ്ടാകുകയും ചെയ്യുന്നു. മതമേഖലകളിലെല്ലാം നവജീവൻ ഉണ്ടാകുന്നു. പുരോഗതിയുടെ നവംനവങ്ങളായ മാർഗങ്ങൾ തുറക്കപ്പെടുന്നു. അതിലൂടെ ഈ ആകാശീയ നേതൃത്വം വിശ്വാസികളെ മുന്നോട്ടു നയിച്ച് യഥാർഥ

ജീവിതോദ്ദേശ്യത്തെ പ്രാപിക്കുന്നതിനുള്ള നിതാന്ത പരിശ്രമം നടത്തുന്നു. വഴിയിലുള്ള എല്ലാ തടസ്സങ്ങളെയും ദൂരീകരിക്കുന്നതിനുള്ള മാർഗം പറഞ്ഞുകൊടുക്കുന്നു. എല്ലാ പ്രശ്നങ്ങൾക്കും ദുഃഖങ്ങൾക്കും നൊമ്പരങ്ങൾക്കും പരിഹാരം നിർദേശിക്കുന്നു. ഏറ്റവും ഉപരിയായി സാമുദായിക ഐക്യം സ്ഥാപിക്കുന്നതിനും ഐക്യത്തെ സംയോജിപ്പിക്കുന്നതിനും എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിലും അവന്റെ സിഫത്തുകൾ സ്വാംശീകരിക്കുന്നതിലും വിശ്വാസികൾ വ്യാപൃതരാകുന്നു. ഖലീഫയുടെ ഉപദേശ നിർദേശങ്ങളാൽ വിശ്വാസികൾ പുരോഗതിയുടെ പാതയിൽ തന്നെ തുടരാൻ ശ്രമിക്കുന്നു. തന്മൂലം അവർ ഭയഭക്തിയുടെ ഉത്തുംഗശൃംഗത്തിലെത്തുന്നു. സത്കർമങ്ങളെയും നന്മയുടെ നിലവാരങ്ങളെയും നന്മ ചെയ്യാനുള്ള അനുയോജ്യ സമയത്തെയും കുറിച്ച് ഈ ആകാശീയ നേതൃത്വം വിശ്വാസികൾക്കു പറഞ്ഞു കൊടുക്കുകയും അല്ലാഹുവിന്റെ ഇച്ഛയെ മനസ്സിലാക്കി അവനാൽ നിയമിക്കപ്പെട്ട ഖലീഫമാർ വിശ്വാസികളെ അവന്റെ വിളിക്ക് ലബ്ബയ്ക് പറയുന്നതിന് സുസജ്ജരാക്കുകുയും ചെയ്യുന്നു.

ഈ ദൈവിക സംവിധാനം ഭൗതികമായ നിലയിൽ സൃഷ്ടികളുടെ ഉന്നമനത്തിനും പൊതു നന്മയ്ക്കുമായി വിശ്വാസികളുടെ ശ്രദ്ധതിരിക്കുക മാത്രമല്ല മറിച്ച്, അവ പ്രബലൃത്തിലാക്കുവാനായി പ്രത്യേക സംവിധാനങ്ങൾ തന്നെ ഒരുക്കുന്നു. അത് മനുഷ്യ സേവനങ്ങൾ അനുഷ്ഠിച്ചു കൊണ്ട് സൃഷ്ടികളോടുള്ള കടമകൾ നിറവേറ്റുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചു കൊണ്ടിരിക്കുന്നു.

ഈ ആകാശീയ നേതൃത്വം വളരെ അദ്ഭുതാവഹമാണ്. അതിന്റെ സവിശേഷതകളും പ്രയോജനങ്ങളും അനുഗ്രഹങ്ങളും എണ്ണിത്തിട്ടപ്പെടുത്തുക അസാധ്യമാകുന്നു. ഖലീഫയുടെ ഹൃദയം മാനുഷ്യസ്നേഹത്താൽ നിർഭരമാണ്. തന്റെ അനുയായികളോടുള്ള അദ്ദേഹത്തിന്റെ സ്നേഹത്തെയും

മമതയെയും ഭൗതിക ബന്ധവുമായി താരതമ്യം ചെയ്യുന്നത് ബുദ്ധിശൂന്യതായാകുന്നു. വാത്സല്യമുള്ള മാതാവിനെക്കാൾ ഉന്നതമായ നിലയിലാണ് തന്റെ അനുയായികളുടെ പ്രയാസങ്ങളിൽ ദുഃഖിക്കുകയും വ്യസനിക്കുകയും ചെയ്യുന്ന ഖലീഫ. ജനങ്ങൾ ഉറങ്ങുന്ന സമയത്തും അദ്ദേഹം അവരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുകയായിരിക്കും. പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാകുന്നതിനായി ദുആ ചെയ്യുകയായിരിക്കും. അദ്ദേഹത്തിന്റെ ദുആ ഒന്നിലൂടെ തന്നെയാണ് ആത്മാർഥരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത്. പൊതുവായ കാരുണ്യത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഖലീഫ നിത്യവും മുഴുലോകത്തെയും തന്റെ സങ്കല്പ ദൃഷ്ടിയിൽ കൊണ്ടുവന്ന് എല്ലാവർക്കും വേണ്ടി അസ്വസ്ഥചിത്തനാകുന്നു. എല്ലാവരുടെയും നേർമാർഗത്തിനും സഫലതയ്ക്കുമായി അർഥിക്കുന്നു. അദ്ദേഹവുമായി ബന്ധപ്പെടുന്നവർക്ക് അനന്തമായ അനുഗ്രഹങ്ങൾ ലഭിക്കുന്നു. ധാരാളം പേർ അദ്ദേഹത്തിൽ നിന്ന് ആനന്ദം കരസ്ഥമാക്കുന്നു. ഈ അനുഗ്രഹങ്ങളെല്ലാം തന്നെ നുബുവ്വത്തിന്റെ അനുഗ്രഹങ്ങളുടെ പ്രതിഛായയാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെയും മഹാന്മാരായ ഖലീഫമാരുടെയും സംക്ഷിപ്ത നിർദേശങ്ങളുടെ വെളിച്ചത്തിൽ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളുടെ ഒരു വിവരണം താഴെ സമർപ്പിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമ്മുടെ തിരുനബി(സ) യുടെ വഫാത്തിനു ശേഷം ഭയാനകമായ ഒരു സ്ഥിതി വിശേഷമായിരുന്നു. അറേബ്യയിലെ പല ഗോത്രങ്ങളും ഇസ്ലാമിനെ ഉപേക്ഷിച്ചു. ചിലർ സക്കാത്ത് നല്കുന്നത് നിർത്തലാക്കി. പല വ്യാജപ്രവാചകവാദികളും രംഗപ്രവേശനം ചെയ്തു. മനക്കരുത്തും അചഞ്ചലതയും ദൃഢവിശ്വാസവും ധീരതയും ശൂരതയുമുള്ള ഒരു ഖലീഫയായിരുന്നു കാലത്തിന് ആവശ്യം. തദവസരത്തിൽ ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായി നി

യമിതനായി. തുടക്കത്തിൽത്തന്നെ അദ്ദേഹത്തിന് വലിയ വിപത്തുകളെ അഭിമുഖീകരിക്കേണ്ടതായി വന്നു. ഹദ്റത്ത് ആയിശ(റ) പറയുന്നു: "ഏതാനും ഫിത്നകളും അറബികളുടെ വിദ്രോഹവും വ്യാജപ്രവാചകന്മാരുടെ രംഗപ്രവേശനവും കാരണത്താൽ എന്റെ പിതാവ് റസൂലുല്ലാഹ്(സ)യുടെ ഖലീഫയായി നിയമിക്കപ്പെട്ടപ്പോൾ എത്രത്തോളം പ്രയാസങ്ങളും മനോവിഷമതകളും ഉണ്ടായെന്നാൽ ആ ദുഃഖങ്ങളും നൊമ്പരങ്ങളും ഏതെങ്കിലും പർവതത്തിൽ ചെന്ന് പതിക്കുകയാണെങ്കിൽ അതു തകർന്നു തരിപ്പണമായി നിലംപരിശാകുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ഏതെങ്കിലും പ്രവാചകന്റെ മരണശേഷം ഖലീഫ നിയമിതനാകുമ്പോൾ അദ്ദേഹത്തിനു ധൈര്യവും ആത്മവിശ്വാസവും സ്ഥൈര്യവും ഉൾക്കാഴ്ചയും മനക്കരുത്തും നല്കപ്പെടുന്നു എന്നത് ദൈവ നിയോഗമാണ്... ദൈവത്തിന്റെ ഈ സനാതന വിധിയാണ് ഹദ്റത്ത് അബൂബക്കർ(റ)ന്റെ ഹൃദയത്തിനും കരുത്ത് പകർന്നത്, അല്ലാതെ അത് അദ്ദേഹത്തിന്റെ പ്രകൃതമായിരുന്നില്ല." (റൂഹാനി ഖസാഇൻ, വാ.17, പു: 185–186, തുഹ്ഫയെ ഗോൾഡവിയ്യ)

"ഒരു പ്രവാചകന്റെയോ ആത്മീയ നേതാവിന്റെയോ മരണത്തെ തുടർന്ന് ലോകം പിടിച്ചു കുലുക്കപ്പെടുന്നു. അതു വളരെ ഭയവിഹ്വലമായ ഒരു സമയമായിരിക്കും. എന്നാൽ അല്ലാഹു ഒരു ഖലീഫ മുഖേന അതിനെ ഇല്ലാതാക്കുന്നു. പിന്നീട്, അദ്ദേഹം മുഖേന കാര്യങ്ങൾ പൂർവസ്ഥിതയിലാകുന്നു." (മൽഫൂസാത്ത് വാള്യം 4, പു: 384)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: "മലക്കുകളിൽ നിന്ന് അനുഗ്രഹങ്ങൾ കരസ്ഥമാകുന്നതിനുള്ള ഒരു മാർഗം, അല്ലാഹുവിനാൽ സ്ഥാപിതമായ ഖലീഫമാരുമായി ആത്മാർഥ ബന്ധം സ്ഥാപിക്കുകയും അവരെ അനുസരിക്കുകയുമാണ്. നിങ്ങൾക്ക് അല്ലാഹുവിൽ നിന്ന് പുതുഹൃദയം ലഭിക്കുന്നതാണ്. അതിൽ സമാധാനം ഇറങ്ങുന്നതാണ്. അല്ലാഹുവിന്റെ മലക്കുകൾ ആ ഹൃദയങ്ങളെ വഹിച്ചു കൊണ്ടിരിക്കു

ന്നതായിരിക്കും... ബന്ധം സ്ഥാപിക്കുന്നതിന്റെ ഫലമായി നിങ്ങളിൽ മഹത്തായ പരിവർത്തനം സംജാതമാകുന്നതാണ്. നിങ്ങളുടെ മനോധൈര്യം വർദ്ധിക്കുന്നതാണ്. നിങ്ങളുടെ വിശ്വാസം ദൃഢമാകുന്നതാണ്. നിങ്ങളെ സഹായിക്കുന്നതിനായും മലക്കുകളും തയ്യാറായി നില്ക്കുന്നതാണ്. നിങ്ങളുടെ ഹൃദയങ്ങളിലേക്ക് സ്ഥൈര്യത്തിന്റെയും സമർപ്പണത്തിന്റെയും ആത്മാവ് ഊതപ്പെട്ടുകൊണ്ടിരിക്കുന്നതാണ്. ചുരുക്കത്തിൽ സത്യഖലീഫമാരുമായുള്ള ബന്ധം മലക്കുകളുമായി ബന്ധപ്പെടുത്തുകയും മനുഷ്യനെ ദൈവിക കിരണങ്ങളുടെ ആഗിരണകേന്ദ്രമായി മാറ്റുകയും ചെയ്യുന്നതാണ്." (ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വത്ത്, വ.3, പു:392)

"അല്ലാഹു നിങ്ങൾക്ക് ഖിലാഫത്താകുന്ന അനുഗ്രഹം തന്നരുളിയിരിക്കുന്നു. അതിൽനിന്ന് മറ്റുള്ളവർ പിന്തള്ളപ്പെട്ടിരിക്കുന്നു. ഈ ഖിലാഫത്ത് അഹ്മദികളായ ചെറുസംഘത്തെ ശാക്തീകരിച്ചു. അസംഘടിതമായി അവർക്ക് അതു ദുഷ്പ്രാപ്യമായിരുന്നു. എല്ലാ വിഭാഗങ്ങളിലും ദുർബലരും ഉണ്ടാകുന്നതാണ്. അതുപോലെ ഒറ്റയ്ക്ക് എല്ലാ ഭാരത്തെയും വഹിക്കാൻ കഴിയുന്ന ശക്തരും ഉണ്ടായിരിക്കുന്നതാണ്. എന്നാൽ, എല്ലാ അംഗങ്ങളെയും ഒരു പാശത്തിൽ കോർത്തിണക്കുവാൻ കേന്ദ്രശക്തിക്ക് മാത്രമാണ് സാധ്യമാകുക. അശക്തരെ തളരാൻ അനുവദിക്കാതിരിക്കുകയും ശക്തരെ അനിയന്ത്രിതമായി വളരുന്നതിൽ നിന്ന് തടയുകയും ചെയ്യുക എന്നതാണ് കേന്ദ്രം കൊണ്ടുള്ള ഫലം. കേന്ദ്രം ഇല്ലായെങ്കിൽ ദുർബലർ കൂടുതൽ ബലക്ഷയത്തിലേക്ക് നീങ്ങുന്നതാണ്. കേന്ദ്രം ഇല്ലായെങ്കിൽ ശക്തർ വളരെയധികം ശക്തിപ്രാപിക്കുകയും അവർ ആകാശത്തിലാണെന്നും തങ്ങൾ ഭൂമിയിലാണെന്നും തങ്ങൾക്കിടയിൽ എന്ത് ബന്ധമാണ് ഉള്ളതെന്നും മറ്റുള്ളവർ കരുതുകയും ചെയ്യും. എന്നാൽ, ഇസ്ലാമിക സംവിധാനത്തിൽ പ്രവേശിച്ചുകൊണ്ട് ചില സമയത്ത് ധനികരും ദരിദ്രരും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ലാത്ത തരത്തിൽ സമന്മാ

രായി മാറുന്നു." (ഖിലാഫത്ത് അലാമിൻഹാജുന്നുബുവ്വത്ത്, വാല്യം 3, പു: 358-359)

വിവധ ഭാഷകളിൽ വിശുദ്ധഖുർആന്റെ വിവർത്തനം പ്രസിദ്ധീകരിക്കപ്പെട്ടത് ഖിലാഫത്തിന്റെയും ജമാഅത്ത് വ്യവസ്ഥിതിയുടെയും അനുഗ്രഹം ഒന്നുതന്നെയാണ്. മറിച്ചായിരുന്നുവെങ്കിൽ ഈ വിവർത്തനങ്ങളിൽ ഒന്നുപോലും പ്രസിദ്ധീകരിക്കുന്നതിനായി ചെലവഴിക്കാൻ പറ്റിയ സമ്പന്നനായ ഒരാൾപോലും ജമാഅത്തിലില്ല. അതേപോലെ തനിച്ച് ഏതെങ്കിലും ഭാഷയിൽ വിശുദ്ധ ഖുർആന്റെ പരിഭാഷ പ്രസിദ്ധീകരിക്കാൻ തക്ക സ്വാധീനമുള്ള ആരുംതന്നെയില്ല. എന്നാൽ സംഘടിതമായ അവസ്ഥയിൽ നാം ഇതുവരെ വിശുദ്ധ ഖുർആന്റെ പരിഭാഷ ഇംഗ്ലീഷ്, ഡച്ച്, റഷ്യ, സ്പാനിഷ്, പോർച്ചുഗൽ, ഇറ്റാലിയൻ, ജർമൻ, ഫ്രാൻസ് ഭാഷകളിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഏതു ഭാഷ അറിയുന്നവരാണെങ്കിലും വിശുദ്ധ ഖുർആനിൽ നിന്ന് പ്രയോജനം എടുക്കാൻ സാധിക്കാത്ത ആരും ഉണ്ടാകരുതെന്ന നിലയിൽ എല്ലാ സുപ്രധാന ഭാഷകളിലേക്കും വിശുദ്ധ ഖുർആൻ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കണം എന്നതാണ് നമ്മുടെ ലക്ഷ്യം." (ഖിലാഫത്ത് അലാ മിൻഹാജുന്നുബുവ്വത്ത്, വാല്യം.3, പു: 569)

ഇവിടെ ഒരുകാര്യം പറയാൻ ആഗ്രഹിക്കുകയാണ്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്തിന്റെ കീഴിൽ 74 ഭാഷകളിൽ വിശുദ്ധ ഖുർആൻ പൂർണമായും വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. 2015-ൽ സിംഗള, ബർമി ഭാഷകളിൽ വിശുദ്ധഖുർആൻ മുഴുവനായും വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിരുന്നു. (അൽഫദ്ൽ ഇന്റർനാഷണൽ, 2015 സെപ്തംബർ 25-ഒക്ടോബർ 1)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുതആല പറയുന്നു. "രണ്ടാം ദിവ്യശക്തി അല്ലാഹുവിൽ നിന്നുള്ള ഒരു മഹത്തായ അനുഗ്രഹമാവുന്നു. അതിന്റെ ലക്ഷ്യം സമുദായത്തെ ഒരുമിച്ചു കൂട്ടുകയും ഭിന്നതയിൽനിന്ന് സംര

ക്ഷിക്കുകയുമാകുന്നു. മുത്തുമണികളെപ്പോലെ ജമാഅത്തംഗ ങ്ങൾ കോർത്തിണക്കപ്പെടുന്ന പാശമാണിത്. മുത്തുകളെല്ലാം ചിതറിക്കിടക്കുകയാണെങ്കിൽ അവ സുരക്ഷിതമോ ഭംഗിയാ ർന്നതോ ആകില്ല. ഒരേ മാലയിൽ കോർത്തിണക്കപ്പെടുന്ന മുത്തുകളാണ് കാണാൻ ഭംഗിയും സുരക്ഷിതവും. രണ്ടാം ദിവ്യശക്തി ഇല്ലായെങ്കിൽ സത്യദീനിന് ഒരിക്കലും അഭി വൃധി കൈവരില്ല. അതിനാൽ ആ ദിവ്യശക്തിയുമായി പൂർ ണ ആത്മാർഥതയുടെയും സ്നേഹത്തിന്റെയും ആദർശത്തി ന്റെയും ബന്ധം സ്ഥാപിക്കുക. ഖിലാഫത്തിനെ അനുസരി ക്കുന്നതിനുള്ള വികാരത്തെ സ്ഥായിയായി നിലനിർത്തുക. ഖിലാഫത്തുമായുള്ള സ്നേഹവികാരങ്ങളെ അങ്ങേയറ്റം വർ ദ്ധിപ്പിക്കുക. ഏതുവരെയെന്നാൽ മറ്റെല്ലാ ബന്ധങ്ങളും അതി നു മുന്നിൽ നിസ്സാരമായി തോന്നണം. ഇമാമുമായിട്ടുള്ള ബ ന്ധത്തിലാണ് സർവ ഐശ്വര്യങ്ങളും ഉള്ളത്. എല്ലാ കുഴപ്പ ങ്ങളിൽനിന്നും പരീക്ഷണങ്ങളിൽനിന്നും നിങ്ങൾക്കുള്ള പ രിചയാണിത്." (മശ്അലെ രാഹ്, വാ.5, ഭാഗം.1, പു: 4-5, പ്ര സാധകൻ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് -മെയ് 2007)

"ഈ രണ്ടാം ദിവ്യശക്തി അല്ലെങ്കിൽ ഖിലാഫത്ത് സംവിധാ നം ഇൻശാഅല്ലാഹ് ഇനി നിലനില്കുന്നതാണ്. തിരുനബി (സ) യെ തുടർന്നുള്ള ഖിലാഫത്തിന്റെ കാലപരിധിയെക്കുറിച്ചുള്ള പ്രവചനവുമായി ഇതിനു യാതൊരു ബന്ധവുമില്ല. ആ ഖിലാ ഫത്ത് 30 വർഷം മാത്രമെ നിലനിന്നിട്ടുള്ളു എങ്കിൽ തന്നെ അതു നബി(സ)യുടെ പ്രവചനം അനുസരിച്ചുതന്നെയായിരു ന്നു. ഈ ശാശ്വതമായ കാലഘട്ടവും നബി(സ)യുടെ പ്രവചനം അനുസരിച്ച് തന്നെയാണ്. ഖിയാമത് നാൾവരെ എന്തെല്ലാമാ ണു സംഭവിക്കുക എന്നത് അല്ലാഹുവിന് മാത്രമേ നന്നായി അറിവുള്ളു. എന്നാൽ, ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു, ഈ ഖിലാഫത്ത് ശൃംഖല നിങ്ങളുടെ തലമുറ തലമുറകളോ ളം, അനേക തലമുറകളോളം നിലനിന്നു പോകുന്നതാണ്, ഇൻശാഅല്ലാഹ്. എന്നാൽ, അതിനുള്ള നിബന്ധന നിങ്ങളിൽ

നന്മയും ഭയഭക്തിയും ഉണ്ടായിരിക്കണം എന്നതാണ്." (ഖുതുബ ജുമുഅ: 27-05-2005)

"അല്ലാഹു എപ്പോഴും അഹ്മദിയ്യാ ഖലീഫമാരുടെ നേതൃത്വത്തിൽ ജമാഅത്തിന്റെ ഭയത്തെ സമാധാനത്തിലേക്കു മാറ്റി. പരീക്ഷണങ്ങളിൽ ഇസ്‌ലാമിന് മുമ്പത്തേക്കാളുപരി പ്രബലതയും സുദൃഢതയും നല്കിയിരിക്കുന്നു. അല്ലാഹുവിന്റെ പിന്തുണയുള്ള ഖിലാഫത്ത് സംവിധാനത്തിന്റെ കീഴിൽ ജമാഅത്തിനെ നാമാവശേഷമാക്കാനുള്ള തീരുമാനവുമായി എഴുന്നേല്ക്കുന്ന അഗ്നിഗോളങ്ങൾക്ക് ജമാഅത്തിന് ഒരു നഷ്ടവും ഉണ്ടാക്കാൻ സാധിക്കുന്നില്ല എന്നത് മുൻകഴിഞ്ഞവർ കണ്ടതുപോലെ ഇന്നും ലോകം കാണുന്നു. ഭാവിയിലും കണ്ടുകൊണ്ടിരിക്കുന്നതാണ്. അവരുടെ കുതന്ത്രങ്ങളെ അല്ലാഹു അവരിലേക്കു തന്നെ തിരിച്ചുവിടുന്നതായിരിക്കും. അവരുടെ അഗ്നിയാൽ തന്നെ അവരുടെ ആശകൾ വെന്തെരിയുന്നതായാരിക്കും. ഇവർക്കുമുമ്പും പലരും നെഞ്ചിൽ ഈ ആശകൾ പേറി മണ്ണിലലിഞ്ഞുതീർന്നിരുന്നു. ഇവരും അലിഞ്ഞില്ലാതാവുന്നതാണ്. എന്നാൽ ഒരിക്കലും ആർക്കും തന്നെ അഹ്മദിയ്യത്തിന്റെ വളർച്ചയെ ഒരു നിമിഷത്തേക്കു പോലും തടഞ്ഞുവെക്കാൻ സാധിച്ചിട്ടില്ല. അല്ലാഹു എന്നും അവരുടെ കുതന്ത്രങ്ങളെ പാഴാക്കിക്കളഞ്ഞുകൊണ്ട് എന്നും ദൈവിക ജമാഅത്തുകൾക്കായി തന്റെ അതിമഹത്തായ ശക്തിയുടെ ഹസ്തങ്ങൾ വെളിപ്പെടുത്തികൊണ്ടിരിക്കുന്നു. എന്നെന്നും ജീവിച്ചിരിക്കുന്നവനും, എല്ലാറ്റിനെയും നിലനിർത്തുവനും, എല്ലാറ്റിനും കഴിവുള്ളവനും, അതിശക്തനുമായ താനാണ് അഹ്മദിയ്യാ ഖിലാഫത്തിനെ പിന്തുണച്ചു കൊണ്ടിരിക്കുന്നതെന്ന് അവൻ ലോകത്ത് കാണിച്ചു കൊടുക്കുന്നു. ഈ സഹായത്തെയും പിന്തുണയെയും കുറിച്ചു പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] പറയുന്നു: "ലോകം എന്നെ തിരിച്ചറിയുന്നില്ല. എന്നാൽ, എന്നെ അയച്ചവൻ എന്നെ തിരിച്ചറിയുന്നു. എന്റെ നാശം ആഗ്രഹിക്കുന്നു എന്നത് അവരുടെ അബദ്ധവും ദൗർഭാ

ഗ്യവുമാണ്. യഥാർഥ ഉടമസ്ഥന്റെ കരങ്ങളാൽ നടപ്പെട്ട വൃക്ഷ മാകുന്നു ഞാൻ. ജനങ്ങളേ! അവസാനംവരെ എന്നോടു കൂറ് പുലർത്തുന്ന ഹസ്തമാണ് എന്നോടൊപ്പമുള്ളതെന്ന് നിശ്ച യമായും മനസ്സിലാക്കിക്കൊള്ളുക." (സമീമ തുഹ്ഫ ഗോ ൾഡവിയ്യ, റൂഹാനി ഖസാഇൻ വാള്യം 17, പു: 49,50)

"എതിരാളികൾ ജമാഅത്തിനെ ലോകത്തിന്റെ ഏതാനും ഭാഗങ്ങളിൽ പ്രചരിക്കുന്നതിൽ നിന്ന് തടയുന്നതിനുള്ള വിഫ ലമായ ശ്രമം നടത്തിയിരുന്നു. എന്നാൽ, അല്ലാഹു വാഗ്ദത്ത പുത്രന്റെ കൈകളാൽ ഇസ്ലാമിന്റെ അധ്യാപനങ്ങളും തന്റെ മഹ്ദിയുടെ അറിയിപ്പുകളും ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിനായി തഹ്‌രീക് ജദീദിന്റെ രൂപത്തിൽ ഒരു അതിമഹത്തായ പദ്ധതിക്ക് ആവിഷ്കാരം നല്കുകയുണ്ടായി. അതിന്റെ ഒരു ഹൃദയഹാരിയായ അനുഗ്രഹം ഇന്ന് എം.ടി.എ യുടെ രൂപത്തിൽ നമുക്ക് നല്കപ്പെട്ടിരിക്കുന്നു. അല്ലാഹു ഈ അനുഗ്രഹം തന്നരുളിക്കൊണ്ട് കാലത്തിന്റെ ഖലീഫയുടെ ശബ്ദത്തെ മുഴുലോകത്തും എത്തിച്ചിരിക്കുന്നു." (സോവനീർ ഖിലാഫത്ത് അഹ്മദിയ്യ സദ്‌സാല ജൂബിലി, 2008)(തഹ്‌രീക് ജദീദ് അഞ്ചുമൻ അഹ്മദിയ്യ പാക്കിസ്താൻ പു: 15)

"ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെയും കാലത്തിന്റെ ഖലീഫയുടെയും ഇടയിൽ ദൈവതൃപ്തി കാംക്ഷിച്ചുകൊണ്ടുള്ള സ്നേഹത്തിന്റെ ശാശ്വതമായ ബന്ധം സ്ഥാപിതമായിക്കഴിഞ്ഞിരിക്കുന്നു. അഹ്മദികളായ പുരുഷന്മാ രും സ്ത്രീകളും കുട്ടികളും വൃദ്ധരും യുവാക്കളും എല്ലാവരും തന്നെ കാലത്തിന്റെ ഖലീഫയുമായി അങ്ങേയറ്റം സാമീപ്യം കരസ്ഥമാക്കിക്കഴിഞ്ഞു. ഇത് അല്ലാഹുവിന്റെ സഹായമില്ലാതെ അസാധ്യമായിരുന്നു. ലോകം മുഴുവനും ഖിലാഫത്തിന്റെ അനുരക്തർ പരന്നുകിടക്കുകയാണ്. അവർ ഖിലാഫത്തിന്റെ രൂപത്തിൽ ലഭ്യമായിട്ടുള്ള ദൈവിക പാശത്തെ മുറുകെ പിടി ച്ചുകൊണ്ട് മുഴുലോകത്തും ഇസ്ലാമിന്റെ ശാന്തിയുടെയും സ്നേ ഹത്തിന്റെയും സുന്ദരമായ അധ്യാപനങ്ങളുടെ പതാക ഉയർ

ത്തിപ്പിടിച്ചു കൊണ്ടിരിക്കുകയാണ്. ഖിലാഫത്തിന്റെ അനുഗ്രഹ ത്താൽ അല്ലാഹു അഹ്മദിയ്യാ ജമാഅത്തിനെ ഒരു കയ്യിൽ ഒരു മിച്ചു കൂട്ടിയിരിക്കുകയാണ്. എല്ലാവരെയും ഖിലാഫത്തിന്റെ അനുഗൃഹീത ശ്രേണിയിൽ കോർത്തിണക്കിയിരിക്കുകയാണ്. ലോകത്തിന്റെ എല്ലാ ആധുനിക സംപ്രേഷണ മാർഗങ്ങളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് സർവ മത-ഗോ ത്ര-നിറ- വംശങ്ങ ളിലുമുള്ള ആളുകളിലേക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിച്ചു കൊണ്ടിരിക്കുന്നത് ദൈവിക സഹായം കരസ്ഥമായിട്ടുള്ള ഈ ജമാഅത്ത് മാത്രമാണ്. ഖിലാഫത്തിൽ അനുരക്തരായ ഈ സമൂഹം ഓരോ നിമിഷവും ഇസ്‌ലാമിന്റെ പ്രചരണത്തിൽ വ്യാപൃതരാണ്. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമി ന്റെ പുരോഗതിയുടെയും വിജയങ്ങളുടെയും സുവാർത്ത ന ല്കിക്കൊണ്ടാണ് ഓരോ ദിനവും ഉദിച്ചുയരുന്നത്. ഇതിനെ യാണ് ദീനിനെ പ്രബലപ്പെടുത്തുക എന്നു പറയുന്നത്."

"ചുരുക്കത്തിൽ ഖിലാഫത്തിന്റെ സംസ്ഥാപനത്തെയും ഭയത്തിനുശേഷം ലഭിക്കുന്ന സമാധാനത്തെയും ദീനിന്റെ പ്രബലതയെയും കുറിച്ച് അല്ലാഹു വിശ്വാസികൾക്കു നല് കിയ വാഗ്ദാന പൂർത്തീകരണത്തിന്റെ സാക്ഷ്യപത്രമാണ് അഹ്മദിയ്യാ ജമാഅത്ത്. അതിനാൽ, ഈ അനുഗ്രഹങ്ങളിൽ നിന്ന് ശാശ്വതമായി പങ്കു ലഭിച്ചുകൊണ്ടിരിക്കുന്നതിനും തങ്ങളുടെ ഭാവിതലമുറയെ സംരക്ഷിക്കുന്നതിനും വേണ്ടി ഖിലാഫത്തിനോട് ഒട്ടിച്ചേർന്നു നിലകൊള്ളുക. എപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുക. തങ്ങളുടെ സന്തതികൾക്കും ഇതേ പാഠംതന്നെ നല്കിക്കൊണ്ടിരിക്കുക. തങ്ങളുടെ ദുആകളും ആത്മാർഥതയും കൂറും മുഖേന കാല ത്തിന്റെ ഖലീഫയുടെ സഹായികളായി മാറുക. അല്ലാഹു നി ങ്ങൾക്കെല്ലാവർക്കും അതിനുള്ള സൗഭാഗ്യം നല്കുമാറാ കട്ടെ. ആമീൻ" (സോവനീർ ഖിലാഫത്ത് അഹ്മദിയ്യ സദ്സാ ലാ ജൂബിലി 2008) (തഹ്‌രീക് ജദീദ് അഞ്ചുമൻ അഹ്മദിയ്യ പാക്കിസ്ഥാൻ പു: 16)

"ഖലീഫയെ അല്ലാഹു സ്വയം നിയമിക്കുന്നു എന്നതാണ് നമ്മുടെ വിശ്വാസം. ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പിൽ യാതൊരുവിധ ന്യൂനതയും ഉണ്ടാകുന്നതല്ല. അല്ലാഹു ആരെയാണോ ഈ തിരുവസ്ത്രം അണിയിച്ചത്, ആ വ്യക്തിയിൽ നിന്നും അത് അഴിച്ചു മാറ്റാനോ തട്ടിയെടുക്കാനോ ആർക്കും സാധ്യമല്ല. ജനങ്ങൾ ചിലപ്പോൾ നിസ്സാരനായി കാണുന്ന ഒരു ദുർബലനെയായിരിക്കും അല്ലാഹു തിരഞ്ഞെടുക്കുന്നത്. എന്നാൽ, തിരഞ്ഞെടുത്തതിനു ശേഷം അദ്ദേഹത്തിന് തന്റെ പ്രതാപത്തിന്റെയും തേജസ്സിന്റെയും ഒരു പ്രസരിപ്പ് നല്കുന്നു. അനന്തരം അദ്ദേഹത്തിന്റെ വ്യക്തിത്വം ലോകരിൽ നിന്ന് മറയുകയും അല്ലാഹുവിന്റെ ശക്തിപ്രഭാവത്തിൽ വിലയം പ്രാപിക്കുകയും ചെയ്യുന്നു. അപ്പോൾ അല്ലാഹു അദ്ദേഹത്തെ പിടിച്ചെഴുന്നേല്പിച്ച് തന്റെ കാരുണ്യത്തിന്റെ മടിത്തട്ടിൽ ഇരുത്തുന്നു. പിന്നീട് തന്റെ സഹായവും പിന്തുണയും അല്ലാഹു സദാ ആ വ്യക്തിക്ക് നൽകി അനുഗ്രഹിക്കുകയും ചെയ്യുന്നു. അദ്ദേഹത്തിന് ജമാഅത്തംഗങ്ങളുടെ കാര്യങ്ങളിൽ സ്വന്തം കാര്യങ്ങളിലുള്ളതിനെക്കാൾ ഉപരിയായ ഉത്കണ്ഠയും ഹൃദയവേദനയും ഉണ്ടാകുന്നു. ആ വേദനയെ തന്റെ സ്വന്തം വേദനയേക്കാൾ അധികമായി അനുഭവിക്കാൻ തുടങ്ങുന്നു. തത്ഫലമായി ജമാഅത്തിലെ ഓരോ വ്യക്തിക്കും തന്നോടൊപ്പം തന്റെ വേദന മനസ്സിലാക്കുകയും തനിക്കായി പ്രാർഥിക്കുകയും തന്നോട് സഹാനുഭൂതി വച്ചു പുലർത്തുകയും ചെയ്യുന്ന ഒരു വ്യക്തി ഉണ്ടെന്ന ബോധം ഉളവാകാൻ തുടങ്ങുന്നു." (അൽഫദ്ൽ ദിനപത്രം 30-5-2003, പു: 2)(സദ്ർ പത്രിക ഖിലാഫത്ത് അഹ്മദിയ്യ സദ്സാല ജൂബിലി പതിപ്പ് 2008, പു: 17)

'ഖിലാഫത്തുമായുള്ള ജമാഅത്തംഗങ്ങളുടെ ബന്ധവും ജമാഅത്തംഗങ്ങളുമായുള്ള കാലത്തിന്റെ ഖലീഫയുടെ ബന്ധവും ഭൗതികരുടെ സങ്കല്പങ്ങൾക്കതീതമായതാകുന്നു. അവർക്കതിനെ മനസ്സിലാക്കാൻ തന്നെ സാധിക്കില്ല.

ജമാഅത്തും ഖലീഫയും ഒരേ അസ്തിത്വത്തിന്റെ രണ്ടു പേ

രുകളാണെന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) പറഞ്ഞത് എത്ര വാസ്തവമാണ്. ഏതായാലും ജമാഅത്തും ഖിലാഫത്തും തമ്മിലുള്ള ഈ ബന്ധം ഈ ജൽസകളിൽ കൂടുതൽ പ്രകടമായി കാണപ്പെടുന്നു, അൽഹംദുലില്ലാഹ്. എനിക്കതിൽ വളരെ സന്തോഷമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാനഡ ജമാഅത്തും ആത്മാർഥതയുടേയും വിശ്വസ്തതയുടെയും ഈ ബന്ധത്തിൽ വളരെ ഉന്നത നിലയിലാണുള്ളത്. ഇത് താത്കാലികമായ ആവേശത്തിന്റെയും വികാരത്തിന്റെയും ബന്ധമാകാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും സ്നേഹത്തിന്റെയും കൂറിന്റെയും പ്രകടനമാണ് നടത്തിയിട്ടുള്ളത്. മെയ് 27-ന് ഞാൻ ഖിലാഫത്തുമായി ബന്ധപ്പെട്ട ഖുത്വുബ നല്കിയപ്പോൾ ജമാഅത്തായ നിലയിലും, വിവിധ സ്ഥലങ്ങളിൽ നിന്ന് വ്യക്തിപരമായ നിലയിലും കൂറും ആത്മാർഥതയും നിറഞ്ഞ ബന്ധത്തെകുറിച്ചുള്ള കത്തുകൾ ലഭിച്ചു.അതിൽ ഏറ്റവും ആദ്യവും, ഏറ്റവും കൂടുതലും കത്തുകൾ ലഭിച്ചത് കാനഡയിൽ നിന്നാണ്. ഈ സ്നേഹത്തിന്റെയും കൂറിന്റേയും പ്രകടനവും വാദവും ഒരു താത്കാലിക ആവേശത്തിലുള്ളതല്ലാതിരിക്കട്ടെ. മറിച്ച് എന്നും നിലനില്ക്കുന്നതും ശാശ്വതവും ആയിരിക്കട്ടെ. കൂടാതെ നിങ്ങളുടെ തലമുറകളിലും നിലനില്ക്കുന്നതും ശാത്വതവും ആയിരിക്കട്ടെ."(ഖുത്വുബാതെ മസ്റൂർ വ:3, പു: 388-389. ഖാദിയാൻ പ്രസിദ്ധീകരണം 2005)

നൈജീരിയ ജമാഅത്തുമായി ബന്ധപ്പെട്ട് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ കുറിച്ച് പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറയുന്നു:

"നൈജീരിയ ജമാഅത്ത് ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ നേരിട്ട് ദർശിച്ചിട്ടുണ്ട്. ഈ അനുഗ്രഹത്തെ നിങ്ങൾ വളരെയധികം വിലമതിക്കേണ്ടതാണ്. ഇവിടെ പള്ളികൾ പോലും കയ്യടക്കി ഖിലാഫത്തിൽനിന്ന് അകന്നവരുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് നിങ്ങൾക്കറിയാം. അവർ ഒന്നമല്ലാത്തതവരായി

ത്തീർന്നു. എന്നാൽ ഖിലാഫത്താകുന്ന അനുഗ്രഹത്തോടു ചേർന്നു നിന്നവർക്ക്, തങ്ങളുടെ ബയ്അത്ത് പ്രതിജ്ഞയെ പൂർത്തിയാക്കുന്നതിനായി പരിശ്രമിക്കുന്നവർക്ക് അല്ലാഹു അസംഖ്യം അനുഗ്രഹങ്ങൾ നല്കുകയുണ്ടായി. ഇന്ന് ഓരോ പട്ടണത്തിലും നിങ്ങൾ ജമാഅത്തിന്റെ പുരോഗതി കാണുന്നില്ലേ? ഇവിടെയുള്ള ആയിരങ്ങളുടെ സാന്നിദ്ധ്യം ഖിലാഫത്തിനോടൊപ്പമാണ് അനുഗ്രഹമുള്ളത് എന്നതിന് തെളിവാകുന്നു. അതിനാൽ എപ്പോഴും തങ്ങളുടെ ഉത്തരവാദിത്വങ്ങളെ മനസ്സിലാക്കിക്കൊണ്ടിരിക്കുക. അല്ലാഹു നിങ്ങൾക്കതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ. നിങ്ങൾ ഈ അനുഗ്രഹത്തിൽനിന്ന് പ്രയോജനം ഉൾക്കൊള്ളുന്നവരായിക്കൊണ്ടിരിക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ" (തഅസ്സുറാത്ത് ഖിലാഫത്ത് അഹ്മദിയ്യ സദ്സാല ജൂബിലി 2008, പു: 76-77)

2008 മെയ് ഒന്നിന് ഹുസൂർ തിരുമനസ്സ് പശ്ചിമ ആഫ്രിക്കൻ സന്ദർശനശേഷം മടങ്ങിയെത്തിയപ്പോൾ യു.കെ ലജ്ന ഇമായില്ലാഹ് ഒരു സ്വാഗതപരിപാടി സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിപാടിയിൽ ഹുസൂർ തിരുമനസ്സ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അൽവസിയ്യത്ത് ഗ്രന്ഥവുമായി ബന്ധപ്പെട്ടു കൊണ്ടു പറഞ്ഞു:

"ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണി കേൾപ്പിക്കുകയാണ്. ഈ ഭൂമിയിൽനിന്ന് വിടപറയുന്നതിനുള്ള സമയം സമീപസ്ഥമായിരിക്കുന്നുവെന്നും, ഉന്നത നിലവാരം പുലർത്തുന്നവരും ത്യാഗം സമർപ്പിക്കുന്നവരും അടക്കം ചെയ്യപ്പെടുന്ന ഒരു മഖ്ബറ നിർമിക്കണമെന്നും അല്ലാഹു ഹദ്റത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞപ്പോൾ അദ്ദേഹം അൽ വസിയ്യത്ത് എന്നൊരു ഗ്രന്ഥം രചിക്കുകയുണ്ടായി. അതിൽ ആ മഹാത്മാവ് പറയുന്നു:

അതു കൊണ്ട് അല്ലയോ പ്രിയപ്പെട്ടവരേ, എതിരാളികളുടെ നിരർഥകങ്ങളായ രണ്ട് ആഹ്ലാദങ്ങളെ തകർക്കുന്നതിനു വേണ്ടി തന്റെ സനാതന നടപടിയനുസരിച്ച് ഇപ്രകാരം അല്ലാഹു

രണ്ടുവിധം ദിവ്യശക്തികൾ പ്രകടമാക്കുന്നു. അതുകൊണ്ട് ഇനി അല്ലാഹു തന്റെ സനാതനമായ നടപടിക്രമം ഉപേക്ഷിച്ചു കളയുമെന്നത് സംഭവ്യമല്ല. തന്മൂലം ഞാൻ നിങ്ങളോട് വിവരിച്ച ഈ കാര്യങ്ങൾകൊണ്ട് നിങ്ങൾ കുണ്ഠിതരും മന:ക്ലേശമുള്ളവരും ആകരുത്. കാരണം, നിങ്ങളും രണ്ടാമത്തെ ദിവ്യതേജസ്സിനെ ദർശിക്കേണ്ടത് അത്യാവശ്യമാകുന്നു. നിങ്ങൾക്ക് ഗുണകരമാണ് അതിന്റെ ആഗമനം! എന്തുകൊണ്ടെന്നാൽ, അത് ശാശ്വതവും അതിന്റെ ശൃംഖല അന്ത്യനാൾ വരെ മുറിഞ്ഞുപോകാത്തതുമാണ്. ഞാൻ പോയാൽ, അല്ലാഹു നി ങ്ങൾക്കു വേണ്ടി രണ്ടാം ദിവ്യശക്തിയെ അയക്കും." ബറാഹീനെ അഹ്മദിയ്യാ"യിലെ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അത് എപ്പോഴും നിങ്ങളോടൊപ്പം ഉണ്ടായിരിക്കും. (അൽവസിയ്യത്ത്. റൂഹാനി ഖസാഇൻ വാ:20, പു: 305)

ഹദ്റത്ത് മസീഹ് മൗഊദ്(അ) നല്കിയ ഈ സുവാർത്ത കഴിഞ്ഞ നൂറു വർഷങ്ങളായി പൂർത്തിയായിക്കൊണ്ടിരിക്കുന്നതായി നാം കാണുന്നു, കണ്ടു കൊണ്ടിരിക്കുന്നു. ഒന്നാം ഖിലാഫത്തിൽ ജനങ്ങൾ കരുതിയിരുന്നത്, ഹദ്റത് മസീഹ് മൗഊദ്(അ) വഫാത്തായിക്കഴിഞ്ഞു, ഇനി അഹ്മദിയ്യത്ത് ഏതാനും ദിവസത്തേക്കുള്ള അതിഥിമാത്രമാണെന്നായിരുന്നു. പിന്നീട്, രണ്ടാം ഖിലാഫത്ത് കാലത്ത് ആഭ്യന്തരകലഹം ആരംഭിച്ചപ്പോൾ പൈഗാമികൾ എന്നും, ലാഹോരികൾ എന്നും ഗൈർ മുബായിഅ് എന്നും പറയപ്പെടുന്ന ഖിലാഫത്ത് വിരോധികൾ, ഇനി ജമാഅത്ത് സംവിധാനത്തെ നിയന്ത്രിക്കാനുള്ള അവകാശം അഞ്ചുമനാണ്, ഖിലാഫത്തിന്റെ യാതൊരു ആവശ്യവുമില്ല എന്ന് ശക്തിയുക്തം വാദിക്കുകയുണ്ടായി. അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ പ്രായം കേവലം ഇരുപത്തിനാല് വയസായിരുന്നു. വലിയ വലിയ പണ്ഡിതന്മാർ ദീനിനെക്കുറിച്ച് അറിവുള്ളവരും, അക്കാലത്ത് ഇസ്‌ലാം അഹ്മദിയ്യത്തിന്റെ ജമാഅത്ത് വ്യവസ്ഥിതിയുടെ നെടുംതൂൺ എന്ന് കരുതപ്പെട്ടവരും ജമാഅത്ത് വിട്ടു പോകുകയുണ്ടായി. ചിലർ

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)നോടൊപ്പം നി ല്ക്കുകയും ചെയ്തു.

എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ അമ്പത്തിരണ്ടു വർഷങ്ങളോളം നിലനിന്ന ഖിലാഫത്ത് ഓരോ ദിനവും പുരോഗതിയുടെ പുതിയ പടവുകൾ താണ്ടിക്കൊണ്ടി രിക്കുന്നതായി നാം കണ്ടു. അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ ആഫ്രിക്കയിൽ ജമാഅത്ത് പ്രവർത്തനമാരംഭിച്ചു. യൂറോ പ്പിലും മിഷൻ സ്ഥാപിതമായി. ഖിലാഫത്തിന്റെ പത്താം വർഷം തന്നെ ഇവിടെ ലണ്ടനിൽ ഈ പുതിയ പള്ളിക്ക് തറക്കല്ലിടുകയും ചെയ്തു.

പിന്നീട്, മൂന്നാം ഖിലാഫത്തിന്റെ കാലഘട്ടം വന്നു. അക്കാ ലഘട്ടത്തിലും വിശേഷിച്ച് ഒരു കാലത്ത് ബ്രിട്ടീഷ് കോളനി കളായിരുന്ന ആഫ്രിക്കൻ രാജ്യങ്ങളിൽ അഹ്മദിയ്യത്ത് വള രെയധികം പ്രചാരം നേടുകയുണ്ടായി.

പിന്നീട് നാലാം ഖിലാഫത്ത് കാലഘട്ടത്തിൽ നിത്യവും അഭിവൃധിയുടെ ഒരു പുതിയ ചക്രവാളം നാം ദർശിച്ചു. ആ ഫ്രിക്കയിലും യൂറോപ്പിലും ഏഷ്യയിലും കേവലം എം.ടി.എ മുഖേന ലോകത്തിന്റെ കോണുകളോളം ജമാഅത്തിന്റെ ശബ്ദം പ്രചരിക്കുകയുണ്ടായി.

ഈ പുരോഗതികൾ ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ പ്രവ ചനമനുസരിച്ചു തന്നെയായിരുന്നു. ആ മഹാത്മാവ് പറയു കയുണ്ടായി, രണ്ടാം ദിവ്യശക്തി വരേണ്ടത് അനിവാര്യമാകു ന്നു. കാരണം അത് ശാശ്വതമായിരിക്കും. എന്നെന്നും അതു നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നതാണ്. എപ്പോഴും അഭിവൃ ധിയുടെ പടവുകൾ തരണം ചെയ്തുകൊണ്ടിരിക്കുന്ന വസ്തു വാണ് ശാശ്വതമായി നിലനില്കുന്നത്. അതിനാൽ അല്ലാഹുവി ന്റെ കാരുണ്യത്താൽ ഖിലാഫത്തുമായി ബന്ധപ്പെട്ടു നിൽക്കു ന്നതിനാൽ ജമാഅത്ത് അഭിവൃധിപ്പെട്ടുകൊണ്ടേയിരുന്നു.

പിന്നീട് നാലാം ഖലീഫയുടെ മരണശേഷം അല്ലാഹു എനി ക്ക് ഈ പദവി നല്കുകയുണ്ടായി. അന്നേരം ജമാഅത്ത്

എങ്ങനെയാണ് മുന്നോട്ടു പോകുക എന്ന ഭയം എന്റെ മനസ്സിൽ ഉണ്ടായിരുന്നിട്ട് കൂടി എല്ലാ കാര്യങ്ങളും അല്ലാഹു സ്വയം ഏറ്റെടുക്കുകയും എല്ലാ നിലയിലും ആശ്വസിപ്പിക്കുകയും ചെയ്തു. ഏതൊരു വേഗതയിലായിരുന്നുവോ പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരുന്നത് അതങ്ങനെത്തന്നെ തുടരുകയുണ്ടായി. തുടർന്നുകൊണ്ട്പോകുകയും ചെയ്യുന്നു. കാരണം ഞാൻ നിന്റെ ജമാഅത്തിനെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതാണ് എന്നത് ഹദ്റത്ത് മസീഹ് മൗഊദി(അ)നോടുള്ള അല്ലാഹുവിന്റെ വാഗ്ദാനമാണ്. അല്ലാഹുവിന്റെ കാരുണ്യത്താൽ ജമാഅത്ത് ലോകത്തിന്റെ അറ്റങ്ങളോളം എത്തിക്കൊണ്ടിരിക്കുന്നു. ജനങ്ങൾ കൂട്ടം കൂട്ടമായി ജമാഅത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ അല്ലാഹുവിന് തന്റെ പ്രിയരുടെ അന്തസ്സിനെക്കുറിച്ചുള്ള ചിന്തയുണ്ടായിരിക്കുന്നതാണ്. യഥാർഥത്തിൽ അല്ലാഹു തന്റെ ജോലി ചില വ്യക്തികൾ മുഖേന നടപ്പിൽവരുത്തുകയാണ്. ഈ ഭൂമിയിലേക്ക് അല്ലാഹു നിയോഗിക്കുന്ന തന്റെ പ്രിയദാസരായ പ്രവാചകന്മാർ മുഖേന ലോകത്ത് അവൻ തന്റെ അധ്യാപനങ്ങളും തന്റെ വ്യവസ്ഥിതിയും സ്ഥാപിക്കാൻ ആഗ്രഹിക്കുന്നു. പിന്നീട് പ്രവാചകന്മാർക്ക് ശേഷം അവരുടെ അനുയായികൾ മുഖേനയും, പിന്നീട് ഖിലാഫത്ത് മുഖേനയും ആ വ്യവസ്ഥിതി നിലനിന്നു പോരുന്നു. പുരോഗതി കൈവരിച്ചുകൊണ്ടേ പോകുന്നു.”(അൽഫദൽ ഇന്റർനാഷണൽ, ഖിലാഫത്ത് അഹ്മദിയ്യ സദ്സാല ജൂബിലി പതിപ്പ് 25 ജൂലൈ -7 ആഗസ്റ്റ് 2008, പു: 16)

ഹുസൂർ തിരുമനസ്സ് അഹ്മദിയ്യാ ജമാഅത്തിന് സുവാർത്ത നല്കിക്കൊണ്ട് പറയുന്നു:

“അഞ്ചാം ഖിലാഫത്തിനോടൊപ്പം നാം പ്രവേശിച്ചിരിക്കുന്ന ഈ പുതിയ നൂറ്റാണ്ട് അഹ്മദിയ്യത്തിന്റെ പുരോഗതിയുടെയും വിജയങ്ങളുടെയും കാലഘട്ടമായിരിക്കും, ഇൻശാ അല്ലാഹ്. ഞാൻ നിങ്ങൾക്ക് ഉറപ്പ് നല്കിക്കൊണ്ട് പറയുന്നു, അല്ലാ

ഹുവിന്റെ സഹായങ്ങളുടെ കവാടങ്ങൾ തുറന്നിരിക്കുന്നു, തുറന്നുകൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അതുമൂലം പിറവിയെടുക്കുന്ന ഓരോ ദിനവും ജമാഅത്തിന്റെ വിജയങ്ങളുടെ നാളിനെ സമീപസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. ഞാൻ ആത്മവിശകലനം നടത്തുമ്പോൾ ലജ്ജിതനാകുന്നു. ഞാനൊരു എളിയവനും അയോഗ്യനും പാപഭാരമേറിയവനുമായ മനുഷ്യനാകുന്നു. എന്നെ ഈ സ്ഥാനത്ത് അവരോധിക്കുന്നതിൽ അല്ലാഹുവിന്റെ ഉദ്ദേശ്യം എന്താണെന്ന് എനിക്കറിയില്ല. എന്നാൽ എനിക്ക് വളരെ സ്പഷ്ടമായ നിലയിൽ പറയാൻ കഴിയും, അല്ലാഹു ഈ കാലഘട്ടത്തെ തന്റെ അനന്തമായ സഹായങ്ങളും പിന്തുണകളും നല്കിക്കൊണ്ട് അഭിവൃധിയുടെ രാജപാതകളിലൂടെ മുന്നോട്ടു കൊണ്ടുപോകുന്നതാണ്, ഇൻശാഅല്ലാഹ്. ഈ കാലഘട്ടത്തിൽ അഹ്മദിയ്യത്തിന്റെ വളർച്ചയെ തടുക്കാൻ ആരാലും സാധ്യമല്ല. ഭാവിയിലും ഈ വളർച്ച നിലച്ചു പോകുന്നതല്ല. ഖലീഫമാരുടെ ശൃംഖല നി ല നിന്നു പോകുന്നതാണ്. അഹ്മദിയ്യത്തിന്റെ കാലടികൾ മുന്നോട്ടുതന്നെ നീങ്ങിക്കൊണ്ടിരിക്കുന്നതാണ്, ഇൻശാ അല്ലാഹ്." (അൽഫദ്ൽ ഇന്റർ നാഷണൽ. ഖിലാഫത്ത് അഹ്മദിയ്യ ശതവാർഷിക ജൂബിലി പതിപ്പ് - 2008 ജൂലൈ 25 - ആഗസ്റ്റ് 7, പു:12)

പറയുന്നു: "ജമാഅത്തംഗങ്ങൾ ഖലീഫയെ വളരെയധികം സ്നേഹിക്കുന്നു. ഖലീഫ അവരെയും വളരെ സ്നേഹിക്കുന്നു. അവരെല്ലാവരും അല്ലാഹുവിനോടു സ്നേഹം വച്ചുപുലർത്തുന്നു. ഈ പരസ്പര സ്നേഹം എന്നെന്നും നിലനില്ക്കുന്നതാണ്. ഇൻശാ അല്ലാഹ്." (അൽഫദ്ൽ ഇന്റർനാഷണൽ 2008 ജൂലൈ 11-17, പു:10)

ഖിലാഫത്തിന്റെ അതിമഹത്തായ അനുഗ്രഹത്തെ പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് അയ്യദഹുല്ലാഹുതആല ബിന്നസ്രീഹിൽ അസീസ് പറയുന്നു: "അല്ലാഹു തന്റെ കാരുണ്യത്താൽ ആയിരത്തി നാന്നൂറു വർഷങ്ങൾക്കു ശേഷം വീ

ണ്ടും ഒരു അനുഗ്രഹത്തെ ഇറക്കിത്തന്നിരിക്കുന്നു. അതു മുൻഗാമികളെ പിൻഗാമികളുമായി ഒരുമിപ്പിച്ചു. അതിനാൽ ഈ അനുഗ്രഹത്തെ വിലമതിക്കുകയും, അതിനെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കുകയും, അതിൽനിന്ന് പ്രയോജനം കരസ്ഥമാക്കിക്കൊണ്ടിരിക്കുകയും ചെയ്യേണ്ടത് ഓരോ അഹ്മദിയുടെയും കടമയാകുന്നു. പിന്നീട് അതിനു ശേഷം ഖിലാഫത്താകുന്ന അനുഗ്രഹത്തെയും നിലവിൽ വരുത്തി. അതുമായും ആത്മാർഥതയുടെയും കൂറിന്റെയും ബന്ധം സ്ഥാപിക്കേണ്ടത് അനിവാര്യമാകുന്നു. ഹദ്റത്ത് മസീഹ് മൗഊദിൽ(അ) വിശ്വസിക്കുന്നു എന്നു വാദിക്കുന്ന നമുക്ക്, ബയ്അത്ത് നിബന്ധനകളെ ഭയഭക്തിയോടെ പൂർത്തിയാക്കേണ്ടത് അനിവാര്യമാകുന്നു. നിങ്ങൾ രണ്ടാം ദിവ്യശക്തി കാണേണ്ടത് അനിവാര്യമാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ)നെ വിശ്വസിച്ചാൽ മാത്രം മതിയെന്നും ഖിലാഫത്തിൽ ബയ്അത്ത് ചെയ്യേണ്ടത് അനിവാര്യമല്ലെന്നും പറയുന്നവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ചെയ്ത പ്രതിജ്ഞയിൽ നിന്ന് പുറത്തുപോകുന്നവരാണ്. ഖിലാഫത്തിൽ ബയ്അത്ത് ചെയ്യാനുള്ള തൗഫീഖ് ലഭിച്ച നിങ്ങൾ സൗഭാഗ്യവാന്മാരാണ്. എന്നാൽ അതിനായി ഭയഭക്തിയും ഒഴിച്ചുകൂടാനാകാത്തതാണ്. ഇന്ന് നാം കേവലം അഹ്മദിയ്യാ ഖിലാഫത്തിന്റെ നൂറു വർഷം പൂർത്തിയായതായി കാണുക മാത്രമല്ല മറിച്ച്, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ദർശിച്ചുകൊണ്ട് വിജയങ്ങളുടെയും സഫലതകളുടെയും തേജസിൽ അത് മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്നതായും കാണുന്നു.” (അൽഫദ്ൽ ഇന്റർനാഷണൽ, 2008 ആഗസ്റ്റ് 22-25, പു:2)

ഹുസൂർ തിരുമനസ്സ് പറയുന്നു:

“ഇന്നു ലോകത്തുള്ള ഏതു രാജ്യത്തു വസിക്കുന്ന അഹ്മദിയുടെ മുഖത്തേക്കു നോക്കിയാലും എനിക്ക് ഒരു കാര്യത്തിൽ ഏറെകുറെ പൊരുത്തം കാണാൻ സാധിക്കുന്നു. അത് അഹ്മദിയ്യാ ഖിലാഫത്തിനോടുള്ള ആത്മാർഥതയുടെയും കൂറിന്റെ

യും ബന്ധത്തിലാണ്. അത് പാക്കിസ്താനിൽ വസിക്കുന്ന അഹ്മദിയായിക്കൊള്ളട്ടെ, അല്ലെങ്കിൽ ഇന്ത്യയിലോ, ഇന്തോനേഷ്യയിലോ ദ്വീപുകളിലോ വസിക്കുന്ന അഹ്മദിയ്യായിക്കൊള്ളട്ടെ, ബംഗ്ലാദേശിലോ, ആസ്ത്രേല്യയിലോ, യൂറോപ്പിലോ, അമേരിക്കയിലോ വസിക്കുന്ന അഹ്മദിയ്യായിക്കൊള്ളട്ടെ, അല്ലെങ്കിൽ ആഫ്രിക്കയിലെ ഉൾനാടുകളിൽ വസിക്കുന്ന അഹ്മദികളായിക്കൊള്ളട്ടെ, കാലഘട്ടത്തിന്റെ ഖലീഫയെ കാണുമ്പോൾ ഒരു വിശേഷ സ്നേഹം, ഒരു പ്രത്യേക ബന്ധം, മുഖങ്ങളിലും കണ്ണുകളിലും ഒരു പ്രത്യേക പ്രസരിപ്പ് കാണാൻ സാധിക്കുന്നു. ഇത് ഹദ്റത്ത് മസീഹ് മൗഊദി(അ)നോടുള്ള ബയ്അത്തിന്റെയും വിശ്വസ്തതയുടെയും ബന്ധം സത്യത്തിലധിഷ്ഠിതമായതുകൊണ്ടാണ്. ഇത് തിരുനബി(സ)യോട് പൂർണമായും അനുസരണത്തിന്റെയും സ്നേഹത്തിന്റേയും ബന്ധം ഒന്നു കൊണ്ടു മാത്രമാണ്. അതിനു കാരണം, തിരുനബി(സ) മാത്രമാണ് മുഴുവൻ മാനവകുലത്തിനും മോക്ഷം നല്കുന്നതിനുവേണ്ടി ദൈവത്താൽ നിയോഗിക്കപ്പെട്ട വ്യക്തിയെന്നും ആ മഹാത്മാവിലേക്ക് എത്തിക്കാനുള്ള ഒരു കണ്ണിയാണ് അഹ്മദിയ്യാ ഖിലാഫത്ത് എന്നുമുള്ള പൂർണജ്ഞാനവും അറിവുമാകുന്നു. ഏകനായ ദൈവത്തിന്റെ സവിധത്തിൽ ആത്മാർപ്പണത്തിനായി സദാ വ്യഗ്രത കൊള്ളുന്നത് ഈ ഐക്യമനോഭാവത്തിന്റെ അടയാളമാകുന്നു. അതിനാൽ ഇത്തരത്തിലുള്ള ഒരു സമുദായത്തെ, ഇത്തരത്തിലുള്ള വികാരംകൊള്ളുന്ന ആത്മാക്കളെ മറ്റേതെങ്കിലും സമുദായത്തിന് പരാജയപ്പെടുത്തുവാൻ സാധിക്കുമോ? ഒരിക്കലുമില്ല. ഇനി അഹ്മദിയ്യത്തിനായി വിധിക്കപ്പെട്ടത് വിജയത്തിന്റെ പടവുകൾ താണ്ടി പുരോഗമിക്കുകയും മുഴുവൻ ലോകത്തേയും തിരുനബി(സ)യുടെ പതാകയ്ക്ക് കീഴെ ഒരുമിച്ചു കൂട്ടുകയും ചെയ്യുക എന്നതാണ്. തന്റെ വാഗ്ദാനങ്ങളെ വൃഥാവിലാക്കാത്ത അല്ലാഹുവിന്റെ ഈ കാലഘട്ടത്തിലേക്കുള്ള ഇമാമിനോടുള്ള വാഗ്ദാനമാണിത്." (അൽ ഫദ്ൽ ഇന്റർനാഷണൽ, 2008 ഒക്ടോബർ 31- നവംബർ 7, പു: 12)

ഖിലാഫത്തിന്റെ അനുഗ്രഹങ്ങളുടെ ഒരു സംക്ഷിപ്തരൂപമാണിത്. വാസ്തവത്തിൽ മുഴുവൻ അനുഗ്രഹങ്ങളെയും ഗ്രഹിക്കാൻ നമ്മുടെ ബുദ്ധിക്കോ മുഴുവൻ വിശദീകരണങ്ങളും രേഖപ്പെടുത്താൻ നമ്മുടെ പേനക്കോ സാധ്യമല്ല. എന്നാൽ എല്ലാ തരത്തിലുമുള്ള അനുഗ്രഹങ്ങളും നുബുവ്വത്തിന് ശേഷം ഈ ദൈവിക പാശവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് യാഥാർഥ്യം. എല്ലാ നന്മകളും ഇതുമുഖേനയാണ് ലഭിക്കുന്നത്. ഈ മാർഗത്തിലൂടെ മാത്രമേ പ്രയോജനം കരസ്ഥമാകുകയുള്ളു എന്ന കാര്യം വിശ്വാസികൾ അംഗീകരിക്കുന്നു. ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ പ്രാപിക്കുന്നതിനായി അവയെ നിരന്തരം സ്മരിച്ചുകൊണ്ടിരിക്കേണ്ടത് അനിവാര്യമാണ്. ഇത് സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു.

“ഖിലാഫത്തിന്റെ അനുഗ്രഹങ്ങളെ സ്മരിച്ചുകൊണ്ടിരിക്കാൻ ഞാൻ ഉപദേശിക്കുകയാണ്. ഒരു വസ്തുവിനെ ഓർമയിൽ നിലനിറുത്തുന്നതിനായി വർഷത്തിൽ ഒരു ദിനം ആഘോഷിക്കുക എന്നത് പുരാതന സമുദായങ്ങളുടെ സമ്പ്രദായമാകുന്നു. ഉദാഹരണമായി, ശിയാക്കളെ നോക്കുക, അവർ വർഷത്തിൽ ഒരിക്കൽ തഅ്സിയ്യ എന്ന അനുശോചന പരിപാടികൾ നടത്തുന്നു. ഹദ്റത്ത് ഹുസൈൻ(റ)ന്റെ ശഹാദത്ത് ദിനം സമുദായം അനുസ്മരിക്കുന്നതിനായിട്ടാണിത്. ഇതേപോലെ വർഷത്തിൽ ഒരിക്കൽ ഖിലാഫത്ത് ദിനമായി ആചരിക്കാൻ ഞാൻ ഖുദ്ദാമിനോട് ഉപദേശിക്കുകയാണ്. പ്രസ്തുത ദിനത്തിൽ ഖിലാഫത്തിന്റെ സംസ്ഥാപനത്തിൽ അല്ലാഹുവിന് നന്ദി പറയുക, തങ്ങളുടെ പഴയ ചരിത്രത്തെ വീണ്ടും ഓർമപ്പെടുത്തുക. സംഭവങ്ങൾ നടക്കുന്നതിനു മുമ്പേ  അല്ലാഹു എനിക്ക് കാണിച്ചുതന്നിട്ടുള്ള സ്വപ്നങ്ങളെയും ദർശനങ്ങളെയും എടുത്തുപറയുക. അവയെ പൂർത്തിയാക്കിക്കൊണ്ട് അവന്റെ അനുഗ്രഹങ്ങൾ ഇപ്പോഴും ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നവൻ തെളിയിച്ചിരിക്കുന്നു. (അൽഫദ്ൽ, 1957,മെയ് 1)

# കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹവും അനുസരണവും നമ്മുടെ ഉത്തരവാദിത്വങ്ങളും

ഖിലാഫത്തിനോടുള്ള ബന്ധവും അതിനോടുള്ള കൂറും സ്നേഹവും എന്നു പറയുന്നത്, കാലത്തിന്റെ ഖലീഫയുടെ എല്ലാ കല്പനകളും യഥാസമയം പ്രാവർത്തികമാക്കുകയും അദ്ദേഹത്തിന്റെ എല്ലാ വിളിക്കും ഉത്തരം നല്കുകയും അദ്ദേഹത്തിന്റെ കാലടികളെ പിന്തുടരുകയും ചെയ്യുക എന്നതാണ്. ഈ ദൈവിക സംവിധാനത്തെ നിഷേധിക്കുന്നവരെ, അതിൽ നിന്ന് അകന്നുപോകുന്നവരെ, അതിന്റെ അനുസരണത്തിൽനിന്ന് പുറത്തു കടക്കുന്നവരെ വിശുദ്ധഖുർആൻ ഫാസിഖ് (ധിക്കാരികൾ) എന്നാണ് പറഞ്ഞിരിക്കുന്നത്. തിരുനബി(സ) പറയുന്നു: 'കാലത്തിന്റെ ഇമാമിൽ ബയ്അത്ത് ചെയ്യാതെ മരണപ്പെടുന്നവർ ജാഹിലിയ്യത്തിന്റെ മരണമാണ് വരിക്കുന്നത്." (മുസ്‌ലിം, കിതാബുൽ ഇമാറത്ത്)

ഖലീഫയിൽ ബയ്അത്ത് ചെയ്ത വ്യക്തി അദ്ദേഹത്തിന്റെ കല്പനകളെയും ഉപദേശങ്ങളെയും ശരിയായ നിലയിൽ പിന്തുടരുന്നില്ലെങ്കിൽ അയാൾ ബയ്അത്ത് ചെയ്യാത്ത വ്യക്തിയെയോ നിഷേധിയെയോ പോലെയായിരിക്കും. എന്ന് മാത്രമല്ല, അവരെക്കാളും വലിയ ഹതഭാഗ്യനും ശിക്ഷാർഹനുമായിരിക്കും.

ഖിലാഫത്തിലൂടെ തന്നെയാണ് ജമാഅത്ത് വ്യവസ്ഥിതി സുസംഘടിമാകുന്നത്. കാരണം, ജമാഅത്ത് വ്യവസ്ഥിതി ഖലീഫയാൽ സംവിധാനം ചെയ്യപ്പെട്ടതാണ്. അത് ചുമതലപ്പെടുത്തിയ ജോലികളെ എളുപ്പത്തിൽ നിർവഹിക്കുന്നതിനായിട്ടുള്ളതാണ്. പ്രസ്തുത സംവിധാനത്തെ പൂർണമായും അനുസരിക്കേണ്ടതും അതുമായി ഒട്ടിച്ചേർന്നു നില്ക്കേണ്ടതും

അനിവാര്യമാകുന്നു. അതിൽ നിന്നും അകന്നു നിന്നുകൊണ്ട് അനുസരണത്തിന്റെയും കൂറിന്റെയും അവകാശവാദം ഉന്നയിക്കുന്നത് പാഴ്വേലയാണ്. അത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകാര്യമല്ല. മറിച്ച്, ധിക്കാരത്തിന്റെ ഒരു കണ്ണിയാകുന്നു.

ഖലീഫയുടെ വാക്കുകൾ ശ്രവിക്കുകയും അദ്ദേഹത്തിന്റെ ഉപദേശ നിർദേശങ്ങൾക്കായി എന്നും കാതോർത്തുകൊണ്ടിരിക്കുകയും ചെയ്യുകയാണ് അനുസരണത്തിന്റെ പ്രഥമശ്രേണിയിൽ ഒരു വിശ്വാസി ചെയ്യേണ്ടത്. വിശുദ്ധ ഖുർആൻ വിശ്വാസികളുടെ ജമാഅത്തിന്റെ ലക്ഷണം سَمِعْنَا وَأَطَعْنَا എന്ന വാക്കാലാണ് പരാമർശിച്ചിരിക്കുന്നത്. അവർ എപ്പോഴും നന്മയുടെ കാര്യങ്ങളെ ശ്രദ്ധയോടെ കേൾക്കുകയും മനസ്സിലാക്കുകയും ഓർമയിൽ സൂക്ഷിക്കുകയും ചെയ്യുന്നു. പിന്നീട് അതിനെ ഹൃദയാത്മനാ പ്രാവർത്തികമാക്കുന്നു. നിർദേശങ്ങൾ എന്താണെന്നറിയാത്തവൻ എന്ത് പ്രവർത്തിക്കാനാണ്? ഹദീസിൽ വരുന്നു, തിരുനബി(സ) പറഞ്ഞു:

أُوصِيكُمْ بِتَقْوَى اللهِ وَالسَّمْعِ وَالطَّاعَةِ

(തിർമിദി, കിതാബുൽ ഈമാൻ, കിതാബുൽ അഖദ് ബിസ്സുന്നത്ത്)

"അതായത് ഞാൻ നിങ്ങളോട് ദൈവഭക്തിയെ തൊട്ടും, കോൾക്കുകയും അനുസരിക്കുകയും ചെയ്യുക എന്നതിനെ തൊട്ടും വസിയ്യത്ത് ചെയ്യുന്നു."

നിർദേശങ്ങൾ ശ്രദ്ധിച്ചു കേൾക്കുകയും അതു പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതാണ് സൂക്ഷ്മത കൈവരിക്കുന്നതിനുള്ള വലിയ രണ്ടു ഘട്ടങ്ങൾ. മറ്റൊരു രിവായത്തിൽ വരുന്നു, തിരുനബി(സ) പറഞ്ഞു:

اِسْمَعُوْا وَأَطِيْعُوْا.

(ബുഖാരി കിതാബുൽ അഹ്കാം)

അതായത് കേൾക്കുക, അനുസരിക്കുക.

ഹദ്റത്ത് അനസ്ബിൻ മാലിക്(റ) നിവേദനം ചെയ്യുന്നു, തിരുനബി(സ) പറഞ്ഞു. "ഉണക്കമുന്തിരിയോളം പോന്ന ചെറിയ

തലയുള്ള കറുത്ത വർഗക്കാരനായ ഒരു അടിമയെ നിങ്ങളുടെ നേതാവായി നിയമിക്കപ്പെട്ടാലും നിങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുക." (സഹീഹ് ബുഖാരി, കിതാബുൽ അഹ്കാം)

ഹദ്റത്ത് ഇബ്നു ഉമർ(റ) നിവേദനം ചെയ്യുന്നു, തിരുനബി(സ) ഇപ്രകാരം പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി. "അല്ലാഹുവിന്റെ അനുസരണത്തിൽനിന്നും വിട്ടുനിന്നവൻ (ഖിയാമത്ത് നാളിൽ) തന്റെ കയ്യിൽ തെളിവുകളോ ഒഴികഴിവുകളോ ഇല്ലാത്ത അവസ്ഥയിൽ അല്ലാഹുവുമായി കണ്ടുമുട്ടുന്നതാണ്. കാലത്തിന്റെ ഇമാമിനെ ബയ്അത്ത് ചെയ്യാതെ മരിക്കുന്നവൻ അജ്ഞതയുടെയും വഴികേടിന്റേയും മരണമാണ് വരിക്കുന്നത്." (സഹീഹ് മുസ്‌ലിം, കിതാബ് ബാബ് വജൂബ് മുലാസിമത് ജമാഅത്തുൽ മുസ്‌ലിമിൻ) മറ്റൊരു ഹദീഥിൽ ഹദ്റത്ത് അബൂഹുറൈറ(റ) നിവേദനം ചെയ്യുന്നു, തിരുനബി(സ) പറഞ്ഞു: "പ്രയാസത്തിലും സമൃദ്ധിയിലും, സന്തോഷത്തിലും സന്താപത്തിലും, അവകാശം നിഷേധിക്കപ്പെടുമ്പോഴും കൂടുതൽ പരിഗണിക്കപ്പെടുമ്പോഴും എല്ലാ അവസ്ഥകളിലും അധികാരിയുടെ കല്പനകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് നിങ്ങൾക്ക് നിർബന്ധമാകുന്നു." (സഹീഹ് മുസ്‌ലിം, കിതാബുർ ഇമാറത്ത്)

ഹദ്റത്ത് ഉബാദബിൻ വലീദ് അദ്ദേഹത്തിന്റെ പിതാമഹനിൽനിന്നും പിതാവ് നിവേദനം ചെയ്യുന്നതായി ഇപ്രകാരം പറഞ്ഞു; "സുഖത്തിലും ദുഃഖത്തിലും സന്താപാവസ്ഥയിലും സന്തോഷവേളകളിലും, ഞങ്ങളുടെ അവകാശങ്ങൾ പരിഗണിക്കപ്പെടാതിരുന്നാലും ഞങ്ങൾ നേതൃത്വത്തോട് തർക്കിക്കുകയില്ലെന്നതിന്റെയും, കേൾക്കുകയും അനുസരിക്കുകയും ചെയ്യുമെന്നതിന്റെയും അടിസ്ഥാനത്തിൽ ഞങ്ങൾ തിരുനബി(സ)യെ ബയ്അത്ത് ചെയ്യുകയുണ്ടായി. എവിടെയായിരുന്നാലും ഞങ്ങൾ സത്യം പറയുന്നതാണ്. അല്ലാഹുവിന്റെ മാർഗത്തിൽ ശകാരിക്കുന്നവരുടെ ശകാരത്തെ ഞങ്ങൾ ഭയപ്പെ

ടുന്നതല്ല." (സഹീഹ് മുസ്‌ലിം, കിതാബുൽ ഇമാറത് ബാബ് വജൂബി ത്വാഅത്തിൽ ഉമറാഇ ഫീ ഗയ്റി മഅ്സിയ്യത്തിൻ വ തഹ്‌രീമിഹാ ഫിൽ മഅ്സിയ്യത്തി).

ഒരു ഹദീഥിൽ വരുന്നു. ഹദ്റത്ത് അബ്ദുല്ലാഹ് നിവേദനം ചെയ്യുന്നു. തിരുനബി[സ] പറഞ്ഞു: "കേൾക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് ഓരോ മുസ്‌ലിമിന്റെയും കടമയാകുന്നു. അത് അവന് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും. ആജ്ഞാനലംഘനത്തിന്റെ കല്പന നല്കിയാലൊഴികെ. ആജ്ഞാലംഘനത്തിനുള്ള കല്പന നല്കുകയാണെങ്കിൽ അനുസരിക്കേണ്ടതില്ല." (സഹീഹ് ബുഖാരി, കിതാബുൽ അഹ്കാം)

ഹദ്റത്ത് അബൂഹുറൈറ[റ] നിവേദനം ചെയ്യുന്നു. തിരുനബി[സ] പറഞ്ഞു: "എന്നെ അനുസരിക്കുന്നവൻ അല്ലാഹുവിനെ അനുസരിച്ചു. എന്നോട് അനുസരണക്കേട് കാണിക്കുന്നവൻ അല്ലാഹുവിനോടും അനുസരണക്കേട് കാണിച്ചു. എന്റെ അമീറിനെ അനുസരിക്കുന്നവൻ എന്നെ അനുസരിച്ചു. എന്റെ അമീറിനോട് അനുസരണക്കേട് കാണിക്കുന്നവൻ എന്നോട് അനുസരണക്കേട് കാണിച്ചു." (സഹീഹ് മുസ്‌ലിം, കിതാബുൽ ഇമാറത്ത്)

ചുരുക്കത്തിൽ, ഒരു സത്യവിശ്വാസിയുടെ വ്യതിരിക്തത, അവൻ നബിയുടെ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഖലീഫമാരുടെ നിർദേശങ്ങൾ കേൾക്കുകയും പിന്നീട് അത് അനുസരിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമായി പരിശ്രമിക്കുകയും ചെയ്യുന്നു എന്നതാണ്.

ഖിലാഫത്തിനോടും ജമാഅത്ത് സംവിധാനത്തോടുമുള്ള അനുസരണവും നമ്മുടെ ഉത്തരവാദിത്വങ്ങളും എന്നത് സംബന്ധമായി ഖലീഫമാരുടെ ചില നിർദേശങ്ങൾ താഴെ സമർപ്പിക്കുകയാണ്. അതിലൂടെ ഈ വിഷയസംബന്ധമായി ധാരാളം വസ്തുതകൾ മനസ്സിലാകുന്നതാണ്. വബില്ലാഹി തൗഫീഖ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി[റ] പറയുന്നു: "മുസ്‌ലിംകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അല്ലാഹു തന്റെ

കാരുണ്യത്താൽ ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേന അഹ്മദിയ്യ ജമാഅത്തിൽ ഖിലാഫത്ത് പുനഃസ്ഥാപിച്ചിരിക്കുന്നു. അതിനാൽ ഞാൻ എന്റെ ജമാഅത്തംഗങ്ങളോട് പറയുന്നു; നിങ്ങൾ എപ്പോഴും സ്വയം തങ്ങളെ ഖിലാഫത്തുമായി ബന്ധപ്പെടുത്തി നിറുത്തുകയും ഖിലാഫത്തിന്റെ നിലനില്പ്പിനായി ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. ഇതാണ് നിങ്ങളുടെ ഉത്തരവാദിത്വം. നിങ്ങൾ അങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങളിൽ ഖിലാഫത്ത് എന്നും നിലനില്ക്കുന്നതാണ്. നിങ്ങൾ ആഗ്രഹിച്ചിരുന്നുവെങ്കിൽ നിങ്ങളുടെ കരങ്ങളിൽ നൽകപ്പെട്ട ഈ ഖിലാഫത്തിനെ നിങ്ങൾക്ക് നിലനിറുത്താമായിരുന്നു എന്ന്  പറയുവാനായിട്ടാണ് അല്ലാഹു ഈ ഖിലാഫത്തിനെ നിങ്ങളുടെ കരങ്ങളിൽ ഏല്പ്പിച്ചിരിക്കുന്നത്. അല്ലാഹു ഇച്ഛിക്കുന്നതായാൽ അത് വെളിപാടിലൂടെ നിലനിർത്താമായിരുന്നു. എന്നാൽ അവൻ അപ്രകാരം ചെയ്തില്ല. മറിച്ച്, നിങ്ങൾ ഖിലാഫത്തിനെ നിലനിർത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ ഞാനും അതിനെ നിലനിർത്തുന്നതാണെന്നാണ് അവൻ പറഞ്ഞത്. അതായത്, നിങ്ങൾ ഖിലാഫത്ത് ആഗ്രഹിക്കുന്നുണ്ടോ ഇല്ലയോ എന്ന് നിങ്ങളുടെ വായകൊണ്ട് തന്നെ പറയിപ്പിക്കുകയാണ്. ഇനി നിങ്ങൾ വായടച്ചുവെക്കുകയോ, അല്ലെങ്കിൽ ഖിലാഫത്ത് തിരഞ്ഞെടുപ്പിൽ യോഗ്യതയെ പരിഗണിക്കാതിരുന്നാലോ നിങ്ങൾ ഈ അനുഗ്രഹത്തെ നഷ്ടപ്പെടുത്തുന്നതാണ്. മുസ്ലിംകളുടെ അധഃപതനത്തിനുള്ള കാരണങ്ങളെക്കുറിച്ച് ചിന്തിക്കുക.  മരണത്തിന് ഇരയാകുന്നതിൽനിന്ന് സ്വയം രക്ഷിപ്പെടുക. നിങ്ങൾ ധിഷണാശാലികളായി മാറേണ്ടതാണ്. നിങ്ങളുടെ ധൈര്യത്തെ വർദ്ധിപ്പിക്കേണ്ടതാണ്. നദിയുടെ ഒഴുക്കിന്റെ ദിശ മാറ്റുന്ന പാറക്കല്ലായി നിങ്ങൾ മാറരുത്. മറിച്ച്, വെള്ളത്തെ എളുപ്പത്തിൽ കടത്തിവിടുന്ന കനാലായി നിങ്ങൾ മാറുക. തിരുനബി(സ) മുഖേന കരസ്ഥമായ ദൈവിക അനുഗ്രഹങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്ന ഒരു വീഥിയായി നിങ്ങൾ മാറുക.  നിങ്ങൾ

അപ്രകാരം പ്രവർത്തിക്കുന്നതിൽ വിജയികളാകുകയാണെങ്കിൽ ഒരിക്കലും മരിക്കാത്ത സമുദായമായി നിങ്ങൾ മാറുന്നതാണ്. ഇനി നിങ്ങൾ ദൈവിക അനുഗ്രഹങ്ങളുടെ പാതയിലെ തടസ്സമായി മാറുന്നുവെങ്കിൽ, അതിന്റെ പാതയിൽ പാറയായി നില്ക്കുകയാണെങ്കിൽ അത് നിങ്ങളുടെ സമുദായത്തിന്റെ നാശത്തിന്റെ സമയമായിരിക്കും. പിന്നീട് ഒരിക്കലും നിങ്ങൾക്ക് ആയുസ്സുണ്ടാകുന്നതല്ല. മുൻസമുദായങ്ങൾ നശിച്ചതുപോലെ നിങ്ങളും നശിക്കുന്നതാണ്." (തഫ്സീർ സൂറ: നമൽ, തഫ്സീർ കബീർ വാ.7, പു: 429,430)

"അല്ലാഹുവിന്റെ റസൂലിന്റെ വിളി നിങ്ങളുടെ കാതുകളിൽ പതിച്ച ഉടൻ അതിന് ഉത്തരം നലുകുകയും അതിനെ പ്രാവർത്തികമാക്കുന്നതിനായി വ്യഗ്രതകാണിക്കുകയും ചെയ്യുക നിങ്ങളുടെ കടമയാണ്. അതിലാണ് നിങ്ങളുടെ വിജയത്തിന്റെ രഹസ്യം അടങ്ങിയിരിക്കുന്നത്. നിങ്ങൾ നമസ്കരിച്ചു കൊണ്ടിരിക്കുകയാണെങ്കിൽതന്നെ നമസ്കാരം നിറുത്തി അല്ലാഹുവിന്റെ ദൂതന്റെ വിളിക്കുത്തരം നല്കുക എന്നതാണ് നിങ്ങൾക്ക് നിർബന്ധമായിട്ടുള്ളത്. ഇതേ കല്പന തന്നെയാണ് തന്റെ പദവിക്കനുസരിച്ച് റസൂലിന്റെ ഖലീഫക്കും അനുയോജ്യമാകുന്നത്. അദ്ദേഹം വിളിക്കുമ്പോഴും ഉത്തരം നൽകിക്കൊണ്ടു സന്നിഹിതരാകേണ്ടതാണ്."(പ്രഭാഷണം മൻസബെ ഖിലാഫത്ത്, നിസാമെ ഖിലാഫത്ത് കീ ബർകത്ത് ഔർ ഹമാരി സിമ്മദാരിയാം)

"വ്യവസ്ഥാപിതമായ ജമാഅത്തിന് ചില ഉത്തരവാദിത്വങ്ങൾ വന്നു ചേരുന്നു. അവ നിറവേറ്റാതെ അവരുടെ പ്രവർത്തനങ്ങൾ ഒരിക്കലും ഫലവത്താകില്ല. പ്രസ്തുത നിബന്ധനകളിലും ഉത്തരവാദിത്വങ്ങളിലും പെട്ട ഒരു സുപ്രധാന കാര്യമെന്തെന്നാൽ, ഒരു ഇമാമിന്റെ കയ്യിൽ ബയ്അത്ത് ചെയ്തിരിക്കുന്നതിനാൽ ഇമാം എന്തു പറയുന്നു എന്നതിലേക്ക് എപ്പോഴും ശ്രദ്ധിച്ചു കൊണ്ടേയിരിക്കേണ്ടതാണ്. എല്ലാ പ്രവർത്തനവും ഇമാമിനെ പിൻതുടർന്നുകൊണ്ടായിരിക്കേണ്ടതാ

ണ്. ഇമാം തന്റെ സ്ഥാനത്തുനിന്ന് കല്പന നല്കുമ്പോൾ അനുയായികൾ അവരുടെ സ്ഥാനത്തുനിന്ന് അതനുസരിക്കുകയും വേണം." (അൽഫദ്ൽ, 1937, ജൂൺ 5 നിസാമെ ഖിലാഫത്ത്കീ ബർകത് ഔർ ഹമാരി സിമ്മദാരിയാം )

"ഖിലാഫത്ത് ദൈവിക പാശമാണെന്നുള്ളത് നല്ലപോലെ ഓർത്തുകൊള്ളുക. ഈ പാശത്തെ മുറുകെ പിടിച്ചുകൊണ്ട് നിങ്ങൾക്ക് വിജയം കൈവരിക്കാവുന്നതാണ്. അതിനെ കൈവിടുന്നവർ നശിക്കുന്നതാണ്."( ദർസുൽ ഖുർആൻ പേജ് 67-84, ഖാദിയാൻ പ്രസിദ്ധീകരണം നവംബർ 1912)

"ഖിലാഫത്ത് ഇസ്‌ലാമിന്റെ ഒരു സുപ്രധാന ഘടകമാണെന്നും അതിനെ ധിക്കരിക്കുന്നവർ ഇസ്‌ലാമിനെയാണ് ധിക്കരിക്കുന്നത് എന്നുമാണ് നമ്മുടെ വിശ്വാസം. നമ്മുടെ ഈ അഭിപ്രായം വാസ്തമാണെങ്കിൽ ഈ വിശ്വാസത്തെ അംഗീകരിക്കുന്നവർക്ക് اَلْإِمَامُ جُنَّةٌ يُقَاتَلُ مِنْ وَّرَائِهٖ. എന്ന കല്പന വളരെ പ്രാധാന്യമർഹിക്കുന്നതാകുന്നു. കാരണം, ഖിലാഫത്തിന്റെ ലക്ഷ്യം തന്നെ മുസ്‌ലിംകളുടെ പ്രവർത്തനങ്ങളിലും ചിന്തകളിലും ഏകോപനമുണ്ടാക്കുക എന്നതാണ്. ഖലീഫയുടെ നിർദേശങ്ങളെ പൂർണമായും പ്രാവർത്തികമാക്കുമ്പോഴാണ് ഖിലാഫത്ത് മുഖേന പ്രവർത്തനങ്ങളിലും ചിന്തകളിലുമുള്ള ഏകോപനം സാധ്യമാവുകയുള്ളു. നമസ്കാരത്തിൽ ഇമാമിന്റെ റുകൂഇനോടൊപ്പം റുകൂഉം, ഖിയാമിനൊപ്പം ഖിയാമും, സുജൂദിനൊപ്പം സുജൂദും ചെയ്യപ്പെടുന്നതു പോലെ കാലത്തിന്റെ ഖലീഫയുടെ നിർദേശമനുസരിച്ച് മുഴുവൻ ജമാഅത്തും നീങ്ങേണ്ടതാണ്. ഖലീഫയുടെ കല്പനയെ മറികടക്കാൻ ശ്രമിക്കരുത്. നമസ്കാരത്തിലെ ഇമാം പിൻപറ്റുന്ന ഏതാനും പേരുടെ മാത്രം ഇമാമാണ്. അവരെ സംബന്ധിച്ച് തിരുനബി(സ) പറയുന്നത് നോക്കുക. ഇമാം റുകൂഇലോ സുജൂദിലോ പോകുന്നതിനുമുമ്പ് റുകൂഉം സുജൂദും ചെയ്യുന്നവർ, അല്ലെങ്കിൽ ഇമാമിന് മുമ്പായി തല ഉയർത്തുന്നവർ കുറ്റക്കാരായിരിക്കും. എന്നിരിക്കെ, മുഴുവൻ സമുദായത്തിന്റെയും ഇമാമായ, എല്ലാ

വരാലും ബയ്അത്ത് ചെയ്യപ്പെട്ട വ്യക്തി, അനുസരിക്കപ്പെടേണ്ടത് എത്രത്തോളം അനിവാര്യമായിട്ടാണ് കരുതേണ്ടത്. അതേപോലെ നിങ്ങളെല്ലാവരും തന്നെ ഇമാമിന്റെ ആജ്ഞാനുവർത്തികളായി മാറുക. അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളിൽ നിന്ന് അല്പം പോലും വ്യതിചലിക്കരുത്. അദ്ദേഹം കല്പിക്കുമ്പോൾ മുന്നോട്ട് ഗമിക്കുക. അദ്ദേഹം കല്പിക്കുമ്പോൾ നില്ക്കുക. അദ്ദേഹം കല്പിക്കുന്ന ഭാഗത്തേക്ക് നീങ്ങുകയും അദ്ദേഹം കല്പിക്കുന്നിടത്തുനിന്ന് മാറിപ്പോകുകയും ചെയ്യുക." (അൻവാറുൽ ഉലൂം, വാള്യം 14, പു: 515-516)

പറയുന്നു. "വൃക്ഷത്തോട് ചേർന്നു നില്കുന്ന ശിഖിരം മാത്രമേ ഫലം തരുകയുള്ളു. വെട്ടിമാറ്റപ്പെടുന്ന ശിഖിരത്തിന് ഫലം നല്കാൻ സാധിക്കുകയില്ല എന്നതു പോലെ സ്വയം ഇമാമുമായി ബന്ധപ്പെടുത്തി നിർത്തുന്നവർക്ക് മാത്രമേ ജമാഅത്തിന് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളു. ഒരു വ്യക്തി ഇമാമുമായി സ്വയം ബന്ധപ്പെടുനില്ക്കുന്നില്ലായെങ്കിൽ, അയാൾക്ക് ഭൗതികമായി എത്ര അറിവുണ്ടെങ്കിലും ശരി അയാളെക്കൊണ്ട് ഒരു ഫലവുമുണ്ടാകുകയില്ല. അതിനാൽ, നിങ്ങൾക്ക് പുരോഗതി കൈവരിക്കണമെങ്കിൽ, ലോകത്ത് വിജയിയാകണമെങ്കിൽ നിങ്ങളോടുള്ള എന്റെ ഉപദേശവും സന്ദേശവും ഇതാണ്: ഖിലാഫത്തുമായി ബന്ധപ്പെട്ട് നിൽക്കുക. ആ ദൈവിക പാശത്തെ മുറുകെ പിടിച്ചു കൊണ്ടിരിക്കുക. നമ്മുടെ എല്ലാ പുരോഗതികളും ഖിലാഫത്തുമായുള്ള ബന്ധത്തിലാണുള്ളത്." (അൽഫദ്ൽ ഇന്റർനാഷണൽ, 2003, മെയ് 23-30, പു: 1)

"ഖലീഫ ഗുരു ആകുന്നു. ഓരോ ജമാഅത്തംഗവും ശിഷ്യനും. ഖലീഫയുടെ നാവിൽനിന്ന് പുറപ്പെടുന്ന ഓരോ വാക്കും പ്രാവർത്തികമാക്കാതെ വിട്ടുകളയരുത്." (അൽഫദ്ൽ 1946 മാർച്ച് 2)

"അല്ലയോ മിത്രങ്ങളേ! ഉണരുക. സ്വന്തം സ്ഥാനത്തെ തിരിച്ചറിയുക. ലോകത്ത് മറ്റൊരിടത്തും തന്നെ കാണാൻ സാധ്യമല്ലാത്ത അനുസരണത്തിന്റെ ഉദാത്ത മാതൃക കാണിക്കുക.

കുറഞ്ഞ പക്ഷം ഭാവിയിൽ നൂറു ശതമാനമാൾക്കാരും പരിപൂർണ അനുസരണത്തിന്റെ മാതൃക കാണിക്കുന്നതിനായി പരിശ്രമിക്കുക. അല്ലാഹു നിങ്ങളുടെ സുരക്ഷയ്ക്കായി നിയമിച്ചിട്ടുള്ള ആ പരിചയിൽ നിന്ന് നിങ്ങളിൽനിന്നാരും പുറ ത്തു കടക്കരുത്. മുഹമ്മദ് റസൂലുല്ലാഹ്(സ)യുടെ ആത്മാവ് സന്തോഷിക്കുന്ന നിലയിൽ الامام جنة يقاتل من ورائه എന്നതനുസരിച്ച് പ്രവർത്തിക്കുക. (അൻവാദുൽ ഉലൂം, വാല്യം 14, പു: 525)

"ഖലീഫയുടെ നാവിൽനിന്ന് ഒരു കല്പന പുറപ്പെട്ടു കഴിഞ്ഞാൽ പിന്നെ നമ്മുടേതായ എല്ലാ പദ്ധതികളെയും ആശയങ്ങളെയും പരിപാടികളെയും തള്ളികളയുകയും കാലത്തിന്റെ ഖലീഫയുടെ നിർദേശങ്ങൾ ഉൾകൊള്ളുന്ന പദ്ധതികളും ആശയങ്ങളും പരിപാടികളുമാണ് ഫലപ്രദം എന്ന് മനസ്സിലാക്കുകയും ചെയ്യുക. ഇതാണ് ഖിലാഫത്ത് എന്ന സ്ഥാനംകൊണ്ട് അർഥമാക്കുന്നത്. ഈയൊരു ആത്മാവ് ജമാഅത്തിൽ ഉടലെടുക്കാത്തതുവരെ എല്ലാ ഖുത്വുബകളും നിഷ്ഫലമാകുന്നു. എല്ലാ പദ്ധതികളും വ്യർഥമാകുന്നു. എല്ലാ ആസൂത്രണങ്ങളും വിഫലമാകുന്നു. (ഖുത്വുബ ജുമുഅ, 1936 ജനുവരി 24, അൽഫദ്ൽ 31-1-1936, പു: 9)

"ഇമാം അല്ലെങ്കിൽ ഖലീഫകൊണ്ടുള്ള താത്പര്യമിതാണ്; വിശ്വാസികളുടെ ഓരോ ചുവടും അദ്ദേഹത്തിന്റെ അനുധാവനത്തിലായിരിക്കണം. അവരുടെ തൃപ്തിയും ഇച്ഛകളും അദ്ദേഹത്തിന്റെ തൃപ്തിക്കും ഇച്ഛകൾക്കും അനുഗുണമായിരിക്കണം. അവരുടെ ഉദ്ദേശ്യങ്ങൾ അദ്ദേഹത്തിന്റെ ഉദ്ദേശ്യങ്ങൾക്ക് അനുസൃതമായിരിക്കണം. അവരുടെ പ്രത്യാശകൾ അദ്ദേഹത്തിന്റെ പ്രത്യാശകൾക്ക് സമാനമായിരിക്കണം. അവരുടെ ജീവിതോപാധികൾ അദ്ദേഹത്തിന്റെ ഇംഗിതത്തിനനുസരിച്ചായിരിക്കണം. ഈയൊരു നിലവാരത്തിൽ വിശ്വാസി എത്തിപ്പെടുകയാണെങ്കിൽ അവർക്ക് വിജയവും സാഫല്യവും സുനിശ്ചിതമാണ്. (അൽഫദ്ൽ 1937, സെപ്തംബർ 4)

"ഓർത്ത് കൊള്ളുക... ദൈവനിയോഗിതനായ പ്രതിനിധി

യുടെ നാവിൽനിന്നും പുറപ്പെടുന്ന ഓരോ ശബ്ദത്തെയും അനുസരിക്കുകയും അനുഗമിക്കുകയും ചെയ്യുക എന്നതിന്റെ പേരാണ് ഈമാൻ അതായത് വിശ്വാസം." (അൽഫദ്ൽ, 15-9-1994, നിസാമെ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും ന മ്മുടെ ഉത്തരവാദിത്വങ്ങളും പു: 45)

"ഞാൻ മസീഹ് മൗഊദ്(അ) നെ വിശ്വസിക്കുന്നു എന്ന് ഒരാ ൾ ആയിരം തവണ പറഞ്ഞുകൊള്ളട്ടെ, ഞാൻ അഹ്മദിയ്യ ത്തിൽ വിശ്വസിക്കുന്നു എന്ന് ഒരാൾ ആയിരം തവണ പറഞ്ഞു കൊള്ളട്ടെ. എന്നാൽ ഇക്കാലഘട്ടത്തിൽ അല്ലാഹു ആരിലൂ ടെയാണോ ഇസ്‌ലാമിനെ നിലനിർത്താൻ ആഗ്രഹിക്കുന്നത് അദ്ദേഹത്തിന്റെ കരങ്ങളിൽ സ്വന്തം കൈകൾ സമർപ്പിക്കാത്തി ടത്തോളം അല്ലാഹുവിന്റെ സവിധത്തിൽ ഈ വാദങ്ങൾക്ക് യാ തൊരു മൂല്യവുമുണ്ടാകില്ല. ഏതുവരെ ജമാഅത്തിലെ ഓരോ വ്യക്തിയും ഭ്രാന്തരെ പോലെ അദ്ദേഹത്തെ അനുസരിക്കുന്നി ല്ലയോ, ഏതുവരെ അദ്ദേഹത്തിന്റെ അനുസരണത്തിൽ തന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും കഴിച്ചുകൂട്ടുന്നില്ലയോ അതുവരെ അയാൾ ഒരു തരത്തിലുള്ള ശ്രേഷ്ഠതയ്ക്കും മഹ ത്വത്തിനും അവകാശിയാകില്ല." (അൽഫദ്ൽ 15-11-1946)

"ഞാൻ നബിയല്ലെന്നത് ശരി തന്നെ. എന്നാൽ ഞാൻ നുബു വ്വത്തിന്റെ കാൽചുവട്ടിലും അതിന്റെ സ്ഥാനത്തുമാണ് നില് ക്കുന്നത്. എന്റെ അനുസരണത്തിൽ നിന്ന് പുറത്തു പോകുന്ന വർ നിശ്ചയമായും നബിയുടെ അനുസരണത്തിൽനിന്ന് പുറ ത്താകുന്നു. എന്നെ അനുസരിക്കുകയും പിൻപറ്റുകയും ചെയ്യു ന്നതിൽ അല്ലാഹുവിന്റെ അനുസരണവും അനുധാവനവും അടങ്ങിയിരിക്കുന്നു." (അൽഫദ്ൽ 4-9-1937)

"ഖലീഫയുടെ കല്പനയെ ലംഘിക്കുന്നവൻ അല്ലാഹുവി ന്റെയും അവന്റെ റസൂലിന്റെയും കല്പന ലംഘിക്കുന്ന അപ രാധിയെപോലെ തന്നെയാണ്. അതിന് യാതൊരു ശിക്ഷയും ശരീഅത്ത് നിർണയിച്ചിട്ടില്ലെങ്കിലും വിശ്വാസിയെ സംബ ന്ധിച്ചിടത്തോളം അനുസരണക്കേടുതന്നെ വ്യക്തിപരമായ

ശിക്ഷയാണ്. ഖലീഫയുടെ കല്പന നിറവേറ്റിയില്ല എന്ന ബോധം തന്നെ ഒരു ശിക്ഷയാണ്. യഥാർഥത്തിൽ ശിക്ഷ എന്ന് പറയുന്നത് ഇതാണ്. മറ്റ് ശിക്ഷകളെല്ലാം സാന്ദർഭികമായി നല്കപ്പെടുന്നു. അല്ലാതെ അല്ലാഹുവിനാൽ നിയമിക്കപ്പെട്ട ജമാഅത്തിനോടും ഖലീഫയോടുമുള്ള അനുസരണക്കേടിനേക്കാൾ വലിയ മറ്റെന്ത് ശിക്ഷയാണ് ഉണ്ടാകുക? അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും അനിഷ്ടം തന്നെ വളരെ വലിയ ശിക്ഷയാകുന്നു. നരകശിക്ഷ എന്നതിന്റെ വിവക്ഷ തന്നെ അല്ലാഹുവിന്റെ ഇഷ്ടക്കേടാകുന്നു. ചുരുക്കത്തിൽ കല്പന അനുസരിക്കാതിരിക്കുന്നതിന് ശിക്ഷയൊന്നും നിർണയിച്ചിട്ടില്ലെങ്കിലും അതു തന്നെയാണ് ഇതിനുള്ള ശിക്ഷാവിധി.” (റിപ്പോർട്ട്, മജ്ലിസ് മുശാവിറത് 1942 പു: 25).

“മുസ്ലിംകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്[അ] മുഖേന അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് സ്ഥാപിച്ചിരിക്കുന്നു. അതിനാൽ ഞാനെന്റെ ജമാഅത്തിനോട് പറയുകയാണ്. നിങ്ങളുടെ ജോലി എന്തെന്നാൽ നിങ്ങൾ എപ്പോഴും സ്വയം തങ്ങളെ ഖിലാഫത്തുമായി ബന്ധിപ്പിച്ച് നിറുത്തുക. ഖിലാഫത്തിന്റെ നിലനില്പ്പിനായി ത്യാഗങ്ങൾ ചെയ്തുകൊണ്ടേയിരിക്കുക. നിങ്ങൾ അപ്രകാരം പ്രവർത്തിക്കുകയാണെങ്കിൽ നിങ്ങളിൽ ഖിലാഫത്ത് എന്നും നിലനില്ക്കുന്നതാണ്.” (ഖിലാഫത്ത് അലാ മിൻ ഹാജുന്നുബുവ്വത്ത്, വാല്യം 3, പു: 478)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹുതആലാ ) പറയുന്നു; “ഖലീഫയെ അല്ലാഹുവാണ് നിയമിക്കുന്നത്.എന്നിട്ട് അവൻ അവരുടെ ഭയങ്ങളെ ദൂരീകരിക്കുന്നു... ഖലീഫമാരെ അല്ലാഹുവാണ് നിയമിക്കുന്നത്. അവനാണ് അവരുടെ ഭയ ത്തെ സമാധത്തിലേക്ക് മാറ്റുന്നത്. അവർ അല്ലാഹുവിനെ മാത്രമാണ് ആരാധിക്കുക, അന്യാരാധന നടത്തുകയില്ല. പറയുന്നു. നബിയെ ഒരാളും വിശ്വസിച്ചിട്ടില്ലെങ്കിലും നബിയുടെ നുബുവ്വത്തിന് ഒരു കോട്ടവുമുണ്ടാകില്ല.

അദ്ദേഹം നബി തന്നെ ആയിരിക്കുകയും. അതേപോലെതന്നെയായിരിക്കും ഖലീഫയുടെയും സ്ഥിതി. അദ്ദേഹത്തെ എല്ലാവരും ഉപേക്ഷിച്ചാലും അദ്ദേഹം ഖലീഫ തന്നെയായിരിക്കും. കാരണം, നബിക്കുള്ള വിധി തന്നെയാണ് നബിയെ പിന്തുടരുന്ന ഖലീഫക്കുമുള്ളത്. ഓർത്തുകൊള്ളുക, കേവലം ഭരണത്തിന് വേണ്ടി മാത്രം ഖലീഫയാകുന്നയാൾ വ്യാജനാകുന്നു. പരിഷ് കരണത്തിനായി ദൈവത്തിൽ നിന്നായിക്കൊണ്ട് പരിശ്രമിക്കുകയാണെങ്കിൽ മുഴുവൻ ലോകവും അദ്ദേഹത്തിന്റെ ശത്രുക്കളാണെങ്കിലും അദ്ദേഹം ദൈവത്തിന്റെ ഇഷ്ട ദാസനായി മാറുന്നു. (മൻസബെ ഖിലാഫത്ത്, അൻവാദുൽ ഉലൂം. വാ.2, പേജ് 53,54)(ഖുത്വുബാതെ മസ്റൂർ വാള്യം 2, പേജ് 201,202, ഖാദിയാൻ പ്രസിദ്ധീകരണം 2005)

“നിങ്ങളുടെ കടമ എന്താണെന്നാൽ, അല്ലാഹുവിന്റെ ഈ മഹത്തായ അനുഗ്രഹത്തെ വിലമതിക്കുക, അതിന് അല്ലാഹുവിന് നന്ദി പറയുക, കാലത്തിന്റെ ഖലീഫയോടും, ജമാഅത്ത് സംവിധാനത്തോടും ഒരിക്കലും അറ്റുപോകാത്ത സ്നേഹത്തിന്റെയും അനുസരണത്തിന്റെയും ബന്ധം കാത്തുസൂക്ഷിക്കുക. ഇതായിരിക്കണം നിങ്ങളുടെ വ്യതിരിക്തത. അല്ലാഹു നിങ്ങളെ നന്മയിലും, ഭയഭക്തിയിലും, ആത്മാർതഥയിലും അനുസരണത്തിലും ഉന്നത മാതൃകകളാക്കിമാറ്റട്ടെ... നിങ്ങൾ ഭയഭക്തിയിൽ നിലകൊള്ളുകയാണെങ്കിൽ, കാലത്തിന്റെ ഖലീഫയോട് നിങ്ങൾക്ക് സ്നേഹത്തിന്റെയും കൂറിന്റെയും ബന്ധം നിലനില്ക്കുകയാണെങ്കിൽ, ജമാഅത്ത് സംവിധാനത്തോടും അഹ്മദിയ്യ ഖിലാഫത്തിനോടും അനുസരണയും ആദരവും നിങ്ങളുടെ ഹൃദയങ്ങളിൽ കുടികൊണ്ടിട്ടുണ്ടെങ്കിൽ വിശുദ്ധഖുർആനിൽ അല്ലാഹു വിശ്വാസികളായ ദാസർക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ശാശ്വതമായ അനുഗ്രഹങ്ങൾക്ക് നിങ്ങൾ എപ്പോഴും അവകാശികളായിരിക്കുന്നതാണ് എന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു നല്കുന്നു. അതിന്റെ അനുഗ്രഹത്താൽ നിങ്ങളുടെ ദീനും ദുനിയാവും ശരിയാകുന്നതാണ്.

നിങ്ങൾക്ക് സമാധാനവും കരസ്ഥമാകുന്നതാണ്. അതിന്റെ അനുഗ്രഹത്താൽ നിങ്ങളുടെ ഭയങ്ങളെ അല്ലാഹു എപ്പോഴും സമാധാനത്തിലേക്ക് മാറ്റി കൊണ്ടിരിക്കുന്നതാണ്. എന്നാൽ, അതിനുള്ള നിബന്ധന ആരാധനയും സത്കർമങ്ങളും നില നിറുത്തുകയാകുന്നു. അത് എപ്പോഴും മുന്നിൽ വയ്ക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫയുടെ വിളിക്കുത്തരം നൽകുന്നതിനായി എപ്പോഴും സന്നദ്ധരായിരിക്കുകയാണെങ്കിൽ വിജയങ്ങൾ നിങ്ങളെ പുൽകുന്നതാണ്. ഈ ലോകത്തെയും പരലോകത്തെയും വിജയങ്ങളാൽ നിങ്ങളെ അനുഗൃഹീതരാക്കുന്നതാണ്, ഇൻശാഅല്ലാഹ്. അല്ലാഹു നിങ്ങൾക്ക് എന്റെ ഈ ഉപദേശങ്ങളെ പ്രാവർത്തികമാക്കുന്നതിനുള്ള തൗഫീഖ് നല്കട്ടെ. നിങ്ങൾ യഥാർഥത്തിൽ ഈ പുണ്യഭൂമിയോടുള്ള കടമകൾ യഥാവിധം നിറവേറ്റുന്നവരാകട്ടെ. ആമീൻ." (രിസാല അൻസാറുല്ലാഹ് ഖാദിയാൻ)(ഖിലാഫത്ത് അഹ്മദിയ്യ സദ്സാലാ ജൂബിലി പതിപ്പ് 2008, പു: 29)

"ഓർത്തുകൊള്ളുക... അല്ലാഹുവിനു വേണ്ടി ഖിലാഫത്തിനെ സ്നേഹിക്കുന്നു എന്ന വാദം നിങ്ങൾക്കുണ്ടെങ്കിൽ ഖിലാഫത്ത് സംവിധാനത്തിന്റെ ഭാഗമായ ജമാഅത്ത് സംവിധാനത്തോടും പരിപൂർണ അനുസരണം പുലർത്തേണ്ടതാണ്." (അൽഫദ്ൽ ഇന്റർനാഷണൽ 15-7-2005)

"ജമാഅത്ത് സംവിധാനത്തെയും ഭാരവാഹികളെയും അനുസരിക്കുന്നതിലാണ് അല്ലാഹുവിന്റെയും റസൂലിന്റെയും അനുസരണം കുടികൊള്ളുന്നത്. അവരുടെ കല്പനകളെയും തീരുമാനങ്ങളെയും അംഗീകരിക്കുക. അവരുടെ തീരുമാനം തെറ്റാണെങ്കിൽ അല്ലാഹു നിങ്ങൾക്ക് സഹനത്തിന്റെ പ്രതിഫലം നൽകുന്നതാണ്. കാരണം നിങ്ങൾ അന്ത്യനാളിൽ വിശ്വസിക്കുന്നുവെങ്കിൽ കാര്യങ്ങൾ അല്ലാഹുവിന് വിട്ടേക്കുക. നിങ്ങളുടെ ഏതെങ്കിലും കാര്യത്തിലുള്ള വിയോജിപ്പിൽ ശാഠ്യം പിടിക്കാൻ നിങ്ങൾക്ക് അധികാരമില്ല. നിങ്ങളുടെ ജോലി അനുസരണം ഒന്നു മാത്രമാകുന്നു." (ഖുത്വുബാതെ മസ്റൂർ വാ.1, പു: 258,266)

“ഇപ്പോൾ തിരുനബി(സ)യുടെ സത്യദാസന്റെ ദാസത്വവും ഖിലാഫത്തിന്റെ അനുസരണവും മാത്രമാണ് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ ആകർഷിക്കുന്നതിനുള്ള ഒരേയൊരു മാർഗം. അല്ലാഹു എല്ലാ അഹ്മദികൾക്കും അതു മനസ്സിലാക്കാനുള്ള തൗഫീഖ് നല്കട്ടെ ... അതിശീഘ്രം ലോകത്ത് തിരുനബി(സ) യുടെ പതാകയെ നാട്ടിക്കൊണ്ട് ലോകത്ത് ഇസ്‌ലാമിന്റെ മേധാവിത്വം സ്ഥാപിക്കുന്നതിനായി ഈ ആത്മാർഥതയുടെയും വിശ്വസ്തതയുടെയും അനുസരണത്തിന്റെയും ബന്ധത്തെ ഊട്ടിയുറപ്പിച്ചു കൊണ്ടേയിരിക്കുക.” (അൽഫദ്ൽ ഇന്റർനാഷണൽ, 2015 ജൂൺ 12-18, പു: 10)

“സ്വയം തങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി ബന്ധിപ്പിച്ചതിനു ശേഷം ഏറ്റവും അനിവാര്യമായിട്ടുള്ളത്, ഖിലാഫത്തിനോടുള്ള പരിപൂർണ വിധേയത്വം ആകുന്നു. ഇതാണ് ജമാഅത്തിന്റെ സുദൃഢതയ്ക്കും, ആത്മീയ വളർച്ചയ്ക്കും കാരണമായിത്തീരുന്നത്. കാലത്തിന്റെ ഖലീഫയുടെ ഓരോ തീരുമാനവും സസന്തോഷം സ്വീകരിക്കുന്നവരും, ഹൃദയത്തിൽ യാതൊരുവിധ തടസ്സവും തോന്നാത്തവരും, ഏതെങ്കിലും കാര്യം കേൾക്കുമ്പോൾ വിമ്മിട്ടം തോന്നാത്തവരും ആകുന്ന തരത്തിൽ ഖിലാഫത്തിന്റെ തിരിച്ചറിവും അതിനെകുറിച്ചുള്ള ശരിയായ അറിവും ജ്ഞാനവും ജമാഅത്തിൽ സംജാതമാകേണ്ടതാണ്. കാലത്തിന്റെ ഖലീഫയെ ഏതൊരവസ്ഥയിലും അനുസരിക്കുന്നതിനും, സംവിധാനത്തെ പിൻപറ്റുന്നതിനും ഒരു സവിശേഷതയുണ്ട്. ഈ സവിശേഷത എല്ലാവരിലും വ്യക്തമായിരിക്കേണ്ടതാണ്.” (ജുമുഅഃ ഖുത്വുബ 31-1-2014)

“ജമാഅത്തിലെ ഓരോ അംഗവും പരിപൂർണമായി അനുസരണം പുലർത്തേണ്ടത് അനിവാര്യമാകുന്നു. എല്ലാവരും പരിപൂർണ അനുസരണം പുലർത്തുമ്പോൾ ഇൻശാഅല്ലാഹ് ആത്മീയ ഉന്നതികളിലേക്കുള്ള നമ്മുടെ ചുവടുകൾ മുന്നേറുന്നതാണ്.” (ഖുത്വുബ ജുമുഅഃ 06-06-2014)

“ഹൃദയത്തിൽ പ്രകാശം ജനിക്കുന്നുണ്ടോ, അനുസരണ

ത്താൽ ആത്മാവിൽ ആനന്ദവും വെളിച്ചവും ഉണ്ടാകുന്നുണ്ടോ എന്നുള്ളതാണ് ഓരോരുത്തർക്കും തങ്ങളുടെ അനുസരണത്തെ അളക്കുന്നതിനുള്ള നിലവാരം. ഓരോരുത്തരും സ്വയം ഇതിൽ വിചിന്തനം നടത്തുമ്പോൾ തങ്ങളുടെ അനുസരണത്തിന്റെ നിലവാരം എത്രത്തോളമുണ്ട്, എത്രത്തോളം അവർ അല്ലാഹുവിനെ അനുസരിക്കുന്നുണ്ട്, എത്രത്തോളം അവർ റസൂലിനെ അനുസരിക്കുന്നുണ്ട്, മസീഹ് മൗഊദി(അ)നാൽ സ്ഥാപിതമായ ഖിലാഫത്ത് സംവിധാനത്തെ എത്രത്തോളം അനുസരിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിച്ചതിനു ശേഷം യാതൊരു പ്രകാശവും ലഭിക്കുന്നില്ലായെങ്കിൽ, അതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. കാലത്തിന്റെ ഭരണകൂടത്തെ അനുസരിക്കുമ്പോൾ ശാന്തിയും സമാധാനവും ഉണ്ടാകുന്നു. എന്നാൽ, ആത്മീയ വെളിച്ചവും ആനന്ദവും ആത്മീയ സംവിധാനത്തെ അനുസരിക്കുന്നതിൽ മാത്രമാണുള്ളത്. (ഖുത്വുബ ജുമുഅഃ 5-9-2014)

"അമീറുമാരും പ്രസിഡന്റുമാരും, ഭാരവാഹികളും, ശാഖാ സംഘടനകളുടെ ഭാരവാഹികളും, അവർ കാലത്തിന്റെ ഖലീഫയാൽ നിയമിക്കപ്പെട്ട സംഘടനാ സംവിധാനത്തിന്റെ ഒരു ഭാഗമാണെന്ന വസ്തുത ഓർത്തിരിക്കേണ്ടതാണ്. ആ നിലയിൽ അവർ കാലത്തിന്റെ ഖലീഫയുടെ പ്രതിനിധികളാകുന്നു. അതിനാൽ തങ്ങളുടെ ജോലികളും കടമകളും നിർവഹിക്കുന്നതിനുള്ള ചിന്തകൾ കാലത്തിന്റെ ഖലീഫയുടെ ചിന്തകൾക്കധീനമായിരിക്കണം. കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന നിർദേശങ്ങളായിരിക്കണം പ്രാവർത്തികമാക്കേണ്ടത്. അങ്ങനെ ചെയ്യുന്നില്ലായെങ്കിൽ സ്വന്തം പദവിയുടെ ബാധ്യത നിറവേറ്റുന്നവരാകില്ല. അതിന്റെ ന്യായമായ ആവശ്യങ്ങൾ അവർ പൂർത്തിയാകുന്നവരാകില്ല." (ഖുത്വുബാതെ മസ്റൂർ, വാള്യം 2, പു: 951)

ഹുസൂർ തിരുമനസ്സ് ശൂറാ പ്രതിനിധികളെയും മറ്റ് ജീവന

ക്കാരെയും കാലത്തിന്റെ ഖലീഫയെ അനുസരിക്കേണ്ടതിലേക്ക് ശ്രദ്ധതിരിച്ച് കൊണ്ട് പറയുന്നു:

"ശൂറയുടെ തീരുമാനങ്ങളെ പ്രാവർത്തികമാക്കേണ്ടത് ശൂറാ പ്രതിനിധികളുടെയും ഭാരവാഹികളുടെയും ജോലിയാകുന്നു. ഈ തീരുമാനങ്ങൾ കാലത്തിന്റെ ഖലീഫയാൽ അംഗീകരിക്കപ്പെട്ടവയായതിനാൽ അതു പ്രാവർത്തികമാക്കുന്നതിലേക്ക് പൂർണശ്രദ്ധ നല്കുന്നില്ലായെങ്കിൽ അവർ അറിയാതെ കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങളെ നിസ്സാരമായി കാണുന്നവരായി മാറുന്നതാണ്. അതിന്റെ അർഥം, അനുസരണ വൃത്തത്തിനുള്ളിലല്ല നിലകൊള്ളുന്നത് എന്നാണ്. എന്നാൽ, ആരിലാണോ ഉത്തരവാദിത്വങ്ങൾ ഏൽപിക്കപ്പെട്ടിരിക്കുന്നത് അവർ അനുസരണത്തിന്റെ ഉന്നത നിലവാരമാണ് കാണിക്കേണ്ടത്. അതു മറ്റുള്ളവർക്ക് അനുകരണ യോഗ്യവും മാതൃകയും ആയിരിക്കണം. അതിനാൽ സേവനത്തിനായി ലഭിച്ചിരിക്കുന്ന ഈ അവസരത്തെ കേവലം ആദരവിന്റെയും സന്തോഷത്തിന്റെയും സ്ഥാനമായി മാത്രം ഗണിക്കാതിരിക്കുക. ഇതോടൊപ്പം ഭയഭക്തിയുടെ ഉന്നത നിലവാരം സംജാതമാകുമ്പോഴാണ് ഇത് ആദരവിന്റെയും സന്തോഷത്തിന്റെയും കാര്യമാകുന്നത്. അപ്പോഴാണ് ഇത് ആദരവിന്റെയും സന്തോഷത്തിന്റെയും പദവിയാകുന്നത്. അല്ലാഹു എല്ലാവർക്കും ഭയഭക്തിയുടെ മാർഗങ്ങളിലൂടെ ചലിപ്പിച്ചു കൊണ്ട് തങ്ങളുടെ ഉത്തരവാദിത്വങ്ങളെ നിറവേറ്റുന്നതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ജമാഅത്തിന് സേവനം ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്നവർക്ക് കാലത്തിന്റെ ഖലീഫയുടെ സഹായികളായിരിക്കുന്നതിനുള്ള തൗഫീഖ് നല്കുമാറാകട്ടെ." (ഖുത്വുബാതെ മസ്റൂർ വാള്യം 4, പു: 165-166, ഖാദിയാൻ പ്രസിദ്ധീകരണം 2015)

ഖിലാഫത്ത് സംവിധാനത്തെ പരിപൂർണമായും അനുസരിക്കുന്നതിനായി ശൂറാ സംവിധാനത്തിന്റെ പ്രയോജനത്തെ സംബന്ധിച്ച് ജമാഅത്തംഗങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടത്

അനിവാര്യമാകുന്നു. അപ്പോൾ മാത്രമേ മജ്‌ലിസ് ശൂറായിൽ ജമാഅത്തിന്റെ പുരോഗതിക്കായി തങ്ങളുടെ പ്രതിനിധികൾ മുഖേന കാലത്തിന്റെ ഖലീഫയുടെ സന്നിധിയിലേക്ക് അയക്കുന്ന പദ്ധതികൾ എല്ലാ നിലയിലും ജമാഅത്തിന് അനുയോജ്യവും ഫലപ്രദവും ആയിരിക്കുകയുള്ളു. പിന്നീട് ആ പദ്ധതികൾ അനുസരിച്ച് പ്രവർത്തിക്കുന്നതിലൂടെയാണ് കാലത്തിന്റെ ഖലീഫയെ പൂർണമായും അനുസരിക്കുന്നവരായി മാറുക. ഇത് സംബന്ധമായി ഹുസൂർ തിരുമനസ്സ് ശൂറാ അംഗങ്ങൾക്ക് തങ്ങളുടെ സ്ഥാനം മനസ്സിലാക്കുന്നതിനെയും കാലത്തിന്റെ ഖലീഫയെ അനുസരിക്കുന്നതിനെയും സംബന്ധിച്ച് ഉപദേശിച്ചുകൊണ്ട് പറയുന്നു:

"ജമാഅത്തിന്റെ കാര്യങ്ങൾക്കായി കാലത്തിന്റെ ഖലീഫ ജമാഅത്ത് സംവിധാനം മുഖേന ശുപാർശ നല്കാൻ വിളിക്കുകയാണെങ്കിൽ അതിനെ എത്രത്തോളം ഗൗരവമായി എടുക്കേണ്ടതാണെന്ന് നോക്കുക. അഭിപ്രായം പറയുന്നതിനായി മജ്‌ലിസ് ശൂറാ ചേരുമ്പോൾ അംഗങ്ങളിൽ ഭാരിച്ച ഉത്തരവാദിത്വമാണ് ഏല്പ്പിക്കപ്പെടുത്തുന്നത്. അവരെ ഒരു പവിത്രമായ സ്ഥാപനത്തിന്റെ അംഗങ്ങളാക്കുകയാണ്. കാരണം, ഖിലാഫത്ത് സംവിധാനത്തിനു ശേഷം ജമാഅത്തിൽ ഏറ്റവും പ്രാധാന്യമുള്ള പരിശുദ്ധമായ രണ്ടാമത്തെ വകുപ്പ് ശൂറായാകുന്നു. കാലത്തിന്റെ ഖലീഫയാണ് നിങ്ങളെ വിളിക്കുന്നത്. അല്ലാഹുവിന്റെ അധ്യാപനങ്ങളെ ലോകത്ത് പ്രചരിപ്പിക്കുന്നതിനും ജമാഅത്തംഗങ്ങളുടെ ശിക്ഷണ സംബന്ധമായിട്ടുള്ളതും മറ്റു പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനും മനുഷ്യസേവനത്തിനുമായി അഭിപ്രായങ്ങൾ തേടിക്കൊണ്ട് കാലത്തിന്റെ ഖലീഫ വിളിക്കുന്നു, അതിനാൽ, നിങ്ങൾ പോകുക എന്ന് പറഞ്ഞുകൊണ്ട് ജമാഅത്തംഗങ്ങൾ ആളുകളെ തങ്ങളിൽ നിന്ന് തിരഞ്ഞെടുക്കുമ്പോൾ ഉത്തരവാദിത്വങ്ങൾ എത്രത്തോളം വർദ്ധിക്കുന്നു എന്ന് മനസ്സിലാക്കുക. ഈയൊരു ചിന്തയുമായി മജ്‌ലിസെ ശൂറായിൽ

ഇരുന്നാൽ മജ്‌ലിസെ ശൂറായുടെ നടപടികൾ ശരിയായ നിലയിൽ കേൾക്കുന്നതും, ഇസ്തിഗ്ഫാർ ചെയ്യുന്നതും, ദുറൂദ് അയക്കുന്നതും കൂടാതെ മറ്റൊരു ചിന്തയും മനസിലേക്ക് കയറിവരില്ല. അപ്പോൾ മാത്രമെ ആ സദസ്സിൽ അഭിപ്രായം പറയുന്നതിനായി ക്ഷണിക്കുമ്പോഴെല്ലാം തന്നെ ശരിയായതും പൂർണ ഉത്തരവാദിത്വത്തോടും കൂടിയുള്ള അഭിപ്രായം നല്കാൻ കഴിയൂ. കാരണം, ഈ അഭിപ്രായങ്ങൾ കാലത്തിന്റെ ഖലീഫയുടെ പക്കൽ എത്തേണ്ടതാണ്. അംഗങ്ങളെല്ലാവരും തന്നെ വളരെ വിചിന്തനം നടത്തി ചിന്തിച്ച് മനസ്സിലാക്കിയാണ് ഏതെങ്കിലും കാര്യത്തിൽ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടായിരിക്കുക എന്ന ചിന്തയാണ് കാലത്തിന്റെ ഖലീഫയ്ക്കുണ്ടായിരിക്കുക. പൊതുവിൽ മജ്‌ലിസ് ശൂറായുടെ അഭിപ്രായത്തിന് അക്കാരണത്താൽ തന്നെ അതേപടി അതേ നിലയിൽ അംഗീകാരം നല്കുകയാണ് ചെയ്യാറുള്ളത്, ചില കാര്യങ്ങളിലൊഴികെ. അത്തരം കാര്യങ്ങളിൽ ശൂറായുടെ അഭിപ്രായത്തെ അംഗീകരിക്കുകയാണെങ്കിൽ ജമാഅത്തിന് നഷ്ടമായിരിക്കും ഉണ്ടായിരിക്കുക എന്ന് കാലത്തിന്റെ ഖലീഫയ്ക്ക് വ്യക്തമായ അറിവുണ്ടായിരിക്കും. ഇത് വിശുദ്ധ ഖുർആന്റെ അധ്യാപനത്തിന് വിരുദ്ധമോ അതിൽനിന്ന് വേറിട്ടതോ അല്ല. കാരണം, അല്ലാഹു അതിനുള്ള അനുമതി നല്കിയിട്ടുണ്ട്. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു;

وَشَاوِرْهُمْ فِي الْأَمْرِ فَإِذَا عَزَمْتَ فَتَوَكَّلْ عَلَى اللَّهِ (ആലു ഇംറാൻ: 160)

അതായത് എല്ലാ സുപ്രധാന കാര്യങ്ങളിലും അവരോട് അഭിപ്രായം ആരായുക. (നബിക്കാണ് ഈ കല്പന) പിന്നീട് നീ ഏതെങ്കിലും തീരുമാനം എടുത്താൽ അല്ലാഹുവിൽ ഭരമേല്പിക്കുക. അതായത് ഇവിടെ സുപ്രധാന കാര്യങ്ങളിൽ അഭിപ്രായം തേടുക അനിവാര്യമാണ്. നിശ്ചയമായും വേണ്ടതാണ്. ഈ കല്പന അനുസരിച്ച് തിരുനബി(സ)യും അഭിപ്രായങ്ങൾ തേടിയിരുന്നു. മറിച്ച്, എത്രത്തോളം അഭിപ്രായം ചോദിക്കാറുണ്ടായിരുന്നു എന്നാൽ ഹദ്റത്ത് അബൂഹുറൈറ(റ) നിവേദം

ചെയ്യുന്നു, ഞാൻ തിരുനബി(സ)യേക്കാൾ കൂടുതൽ, തന്റെ സഹാബാക്കളോട് അഭിപ്രായം ആരായുന്നമറ്റാരെയും കണ്ടിട്ടില്ല." (ഖുത്വുബാതെ മസ്റൂർ വാള്യം 2, പു: 195 – 196)

സാന്ദർഭികമായി ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടത് അനിവാര്യമാകുന്നു. ശൂറാ സംവിധാനം തിരുനബി(സ)യുടെ ചര്യയെ പിൻപറ്റിക്കൊണ്ടാണ് സ്ഥാപിച്ചിരിക്കുന്നത്. കാലത്തിന്റെ ഖലീഫയ്ക്ക് പല കാര്യങ്ങളിലും മജ്ലിസെ ശൂറ അഭിപ്രായം നല്കാവുന്നതാണ്. എന്നാൽ ഖലീഫയ്ക്ക് സ്വയം തീരുമാനം എടുക്കാനുള്ള അധികാരമുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് തആല പറയുന്നു;

"ബദ്ർ യുദ്ധ വേളയിൽ തടവുകാരോടുള്ള പെരുമാറ്റത്തെ സംബന്ധിച്ച് ഭൂരിപക്ഷാഭിപ്രായത്തെ നിരാകരിച്ചുകൊണ്ട് തിരുനബി(സ) കേവലം ഹദ്റത്ത് അബൂബക്കർ(റ)ന്റെ അഭിപ്രായത്തെയാണ് അംഗീകരിക്കുകയാണുണ്ടായതെന്ന് ചരിത്രത്തിൽ കാണാവുന്നതാണ്. അതുപോലെ ചില അവസരങ്ങളിൽ മറ്റു യുദ്ധങ്ങളുടെ കാര്യങ്ങളിൽ സഹാബാക്കളുടെ അഭിപ്രായത്തിന് വളരെ പ്രാധാന്യവും നല്കിയിട്ടുമുണ്ട്. ഉഹ്ദ് യുദ്ധത്തിൽ തന്നെ സഹാബാക്കളുടെ അഭിപ്രായം മാനിച്ചാണ് തിരുനബി(സ) അങ്ങോട്ട് പോയത്. സ്വന്തം ഇഷ്ടപ്രകാരമായിരുന്നില്ല. മദീനയിൽ നിന്നുതന്നെ പ്രതിരോധിക്കാം എന്നായിരുന്നു തിരുനബി(സ)യുടെ ആഗ്രഹം. ആ അഭിപ്രായങ്ങൾക്കു ശേഷം തിരുനബി(സ) ആയുധമേന്തി പുറപ്പെടാൻ തുടങ്ങിയപ്പോൾ തിരുനബി(സ)യുടെ ഇച്ഛയ്ക്ക് വിരുദ്ധമായിട്ടാണ് തീരുമാനം ഉണ്ടായിരിക്കുന്നതെന്ന് സഹാബാക്കൾക്ക് തോന്നി. അവർ പറഞ്ഞു: ഇവിടെ നിന്നുതന്നെ പൊരുതാം. അപ്പോൾ തിരുനബി(സ) പറഞ്ഞു, ഇല്ല. നബി ഒരു തീരുമാനം എടുത്താൽ പിന്നെ അതിൽനിന്ന് പിന്മാറുന്നതല്ല. ഇനി അല്ലാഹുവിൽ ഭരമേല്പിച്ചുകൊണ്ട് പുറപ്പെടുക.

പിന്നീട് മറ്റൊരു അവസ്ഥയും ഉണ്ടായി. ഹുദൈബിയാ ഉട

ന്ധടിയുടെ അവസരത്തിൽ കരാറിൽ ഒപ്പിടേണ്ടതില്ല എന്ന തിൽ എല്ലാ സഹാബാക്കൾക്കും ഏകാഭിപ്രായമായിരുന്നു. എന്നാൽ തിരുനബി(സ) അവരുടെ എല്ലാവരുടെയും അഭിപ്രാ യത്തിനു വിരുദ്ധമായി അതിൽ ഒപ്പിടുകയാണ് ചെയ്തത്. പി ന്നീട് അതിന് എത്ര മഹത്തായ പരിണാമമാണ് അല്ലാഹു നല് കിയതെന്ന് നോക്കുക. ചുരുക്കത്തിൽ, കാര്യങ്ങളെല്ലാം തന്നെ പൂർണമായും തുറന്ന നിലയിൽ മുന്നിൽ വരുന്നതിനായിട്ടാ ണ് അഭിപ്രായം തേടുക എന്ന കല്പന നല്കിയിട്ടുള്ളത്. എന്നാൽ, അഭിപ്രായം അംഗീകരിക്കപ്പെടണം എന്ന് നിർബന്ധ മില്ല. ചുരുക്കത്തിൽ, തിരുനബി(സ)യുടെ സുന്നത്തിനെ അനു ധാവനം ചെയ്തുകൊണ്ടാണ് നമ്മുടെ ശൂറാ സംവിധാനം നിലക്കൊള്ളുന്നത്. കാര്യങ്ങൾ ആഴത്തിലേക്കിറങ്ങിയെന്ന് മനസ്സിലാക്കുന്നതിന്നുവേണ്ടി ഖലീഫമാർ അഭിപ്രായം തേ ടുന്നു. എന്നാൽ ശൂറായുടെ എല്ലാ തീരുമാനങ്ങളെയും അംഗീ കരിക്കണം എന്നത് നിർബന്ധമല്ല. അക്കാരണത്താലാണ് എപ്പോഴും ശൂറാ നടപടികളുടെ അവസാനത്തിൽ കാര്യങ്ങൾ ശ്രദ്ധാർഹമാണെന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് സമർപ്പി ക്കുമ്പോൾ 'ശൂറാ ഇങ്ങനെ ശുപാർശ ചെയ്യുന്നു' എന്നെഴുതു ന്നത്. ശൂറാ ഇങ്ങനെ തീരുമാനിച്ചിരിക്കുന്നു എന്നെഴുതാനു ള്ള അധികാരമില്ല. ശൂറായ്ക്ക് ശുപാർശയ്ക്കുള്ള അവകാശം മാത്രമേയുള്ളു. തീരുമാനം എടുക്കാനുള്ള അവകാശം കാല ത്തിന്റെ ഖലീഫക്കു മാത്രമാണുള്ളത്.

ഈ സന്ദർഭത്തിൽ അങ്ങനെയെങ്കിൽ പിന്നെ ശൂറാ വിളി ച്ചുക്കൂട്ടേണ്ട ആവശ്യമെന്ത് അല്ലെങ്കിൽ അഭിപ്രായം തേടു ന്നതിന്റെ പ്രയോജനം എന്ത് എന്ന് ആരുടെയെങ്കിലും മന സ്സിൽ ചോദ്യം ഉദിച്ചേക്കാം. ഇന്നത്തെ വിദ്യാസമ്പന്നരായ മനസ്സുകളിൽ ഇത്തരം ചിന്തകൾ ഉണ്ടായി വരുന്നു. അപ്പോൾ ഞാൻ നേരത്തെ പറഞ്ഞുവന്നത് പോലെ മജ്‌ലിസ് മുശാ വിറത് അഭിപ്രായം പറയുന്നതിനുള്ള വകുപ്പാണ്. അതിന്റെ ജോലി തീരുമാനങ്ങൾ എടുക്കുന്ന പാർലമെന്റിന്റെതല്ല.

അന്തിമ തീരുമാനത്തിനായി എന്തായാലും കാര്യങ്ങൾ കാലത്തിന്റെ ഖലീഫയുടെ അടുക്കൽ എത്തുന്നു. കാലത്തിന്റെ ഖലീഫയ്ക്ക് മാത്രമേ തീരുമാനം എടുക്കുന്നതിനുള്ള അധികാരമുള്ളു. ഇത് അല്ലാഹുവിനാൽ നല്കപ്പെട്ട അധികാരമാണ്. ഞാൻ നേരത്തേ പറഞ്ഞതുപോലെ ചില പ്രത്യേക സാഹചര്യങ്ങളിൽ ഒഴികെ പൊതുവിൽ അഭിപ്രായങ്ങൾ അംഗീകരിക്കപ്പെടുകയാണ് ചെയ്യാറുള്ളത്. അതിനെ കുറിച്ചുള്ള അറിവ് കാലത്തിന്റെ ഖലീഫയ്ക്ക് മാത്രമാണ് ഉള്ളത്. ചില സന്ദർഭങ്ങളിൽ ഏതൊരു കാരണത്താലാണോ അഭിപ്രായം നല്കപ്പെട്ടത് അതിനെപ്പറ്റി കാലത്തിന്റെ ഖലീഫ പറയാൻ ആഗ്രഹിക്കുന്നുണ്ടാവില്ല. അത്തരത്തിലുള്ള ചില നിർബന്ധിതാവസ്ഥയും ഉണ്ടാകാറുണ്ട്. ചുരുക്കത്തിൽ, പറഞ്ഞുവരുന്നതിന്റെ ഉദ്ദേശ്യം അഭിപ്രായം തേടുന്നത് പ്രയോജനകരമാണ് എന്നാണ്. കാരണം, വ്യത്യസ്ത ചുറ്റുപാടിലുള്ള വ്യത്യസ്ത സമുദായങ്ങളിലുള്ള, വ്യത്യസ്ത സാമൂഹിക പരിതഃസ്ഥിതിയിലുള്ള, വിദ്യാസമ്പന്നരും വിദ്യാഭ്യാസം കുറഞ്ഞവരും ആയ ആളുകളാണ് അഭിപ്രായങ്ങൾ പറയുന്നത്. കൂടാതെ ജമാഅത്ത് വളരെ പ്രചരിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് വിവിധ രാജ്യങ്ങളുടെ അവസ്ഥയ്ക്കനുസരിച്ച് അഭിപ്രായങ്ങൾ എത്തുന്നു. തത്ഫലമായി കാലത്തിന്റെ ഖലീഫയ്ക്ക് ആ രാജ്യത്തിന്റെ പൊതുവായ അവസ്ഥയെപ്പറ്റിയും ജമാഅത്തംഗങ്ങളുടെ ജീവിത നിലവാരത്തെപ്പറ്റിയും ജമാഅത്തിന്റെ മതപരവും ആത്മീയവുമായ നിലവാരത്തെപ്പറ്റിയും അവരുടെ ചിന്തകളെപ്പറ്റിയും അവരുടെ അഭിപ്രായങ്ങളിൽനിന്ന് അറിവ് ലഭിക്കുന്നു. പിന്നീട് ഏതൊരു പദ്ധതിയാണോ പ്രവർത്തന രൂപരേഖയാണോ തയ്യാറാക്കേണ്ടത് അതിന്റെ രൂപകല്പനക്ക് സഹായം ലഭിക്കുന്നു.

ചുരുക്കത്തിൽ, രാജ്യങ്ങളുടെ ശൂറകളിലെ ചില അഭിപ്രായങ്ങൾ അതിന്റെ യഥാർഥ നിലയിൽ അംഗീകരിക്കപ്പെട്ടില്ലെങ്കിലും കാലത്തിന്റെ ഖലീഫയ്ക്ക് കാണുന്നതും കേൾക്കു

ന്നതും കൊണ്ട് എന്തായാലും അവർക്ക് പ്രയോജനമാണ് ലഭിക്കുക. അഭിപ്രായം പറയുന്നവർ എന്തായാലും ഉദ്ദേശ്യ ശുദ്ധിയോടുകൂടി അഭിപ്രായം പറയുക. ജമാഅത്തിനോട് അഭിപ്രായം തേടുക എന്നത് കാലത്തിന്റെ ഖലീഫയുടെ അവകാശവും കടമയും ആകുന്നു." (ഖുത്വുബാതെ മസ്റൂർ. വാള്യം 2, പു: 197-199)

കാലത്തിന്റെ ഖലീഫയുടെ വാക്കുകളെ അനുസരിക്കാതി രിക്കുന്ന വ്യക്തി തന്നെയും തന്റെ തലമുറകളെയും അല്ലാ ഹുവിന്റെ അനുഗ്രഹങ്ങളിൽ നിന്നും ദീനിൽനിന്നും അക റ്റുന്നവനായി തീരുന്നതാണ്. തൽസംബന്ധമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹുതആല) പറയുന്നു;

"ജമാഅത്തിനെ വിലമതിക്കാതിരിക്കുകയാണെങ്കിൽ, കാല ത്തിന്റെ ഖലീഫയുടെ വാക്കുകൾക്ക് കാതോർക്കാതിരിക്കു കയാണെങ്കിൽ പതുക്കെ പതുക്കെ അവർ തങ്ങളെ മാത്രമല്ല അല്ലാഹുവിന്റെ കാരുണ്യത്തിൽനിന്ന് അകറ്റിമാറ്റുന്നത് മറിച്ച്, തങ്ങളുടെ തലമുറകളെയും ദീനിൽനിന്ന് അകറ്റിക്കൊണ്ടിരി ക്കുകയാണ് ചെയ്യുന്നത്. ഈ ലോകം നിങ്ങളെ ദീനിൽനിന്ന് അകറ്റിക്കൊണ്ടിരിക്കുകയാണെങ്കിൽ ഇത് അനുഗ്രഹമല്ല, നാ ശമാണെന്ന് കരുതുക. ഇത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തള്ളിക്കളയലാകുന്നു. ഇത് അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ അവമതിക്കലാകുന്നു. ഏതൊരു കാലഘട്ടത്തിന്റെ ഇമാമിനെ യാണോ മുഴുവൻ സമുദായങ്ങളും പ്രതീക്ഷിച്ചുകൊണ്ടിരിക്കു ന്നത് ആ ഇമാമിൽ അനുസരണ പ്രതിജ്ഞ ചെയ്തവരാണ് നാം എന്നത് എപ്പോഴും ഓർമയിൽ വെക്കേണ്ടതാണ്. ആ വ്യക്തിയെ സംബന്ധിച്ച് തിരുനബി(സ) വളരെ സ്നേഹനിർഭര മായ വാക്കുകളാണ് ഉപയോഗിച്ചിട്ടുള്ളത്. അദ്ദേഹത്തിന് തിരുനബി(സ) സലാം അയച്ചിരിക്കുന്നു... അങ്ങനെയിരിക്കെ അത്തരം ഒരു വ്യക്തിയുമായുള്ള ബന്ധം നിസ്സാരകാര്യമാ ണോ? നിശ്ചയമായും ഇത് ഒരഹ്മദിക്ക് ലഭിച്ചിരിക്കുന്ന വളരെ

മഹത്തായ ഒരു ബഹുമതിയാകുന്നു. അതിനാൽ, ഈ ബഹുമതിയെ വിലമതിക്കേണ്ടത് ഓരോ അഹ്മദിയുടെയും കടമയാകുന്നു. ഈ വിലമതിക്കൽ പിന്നീട് ഒരു യഥാർഥ അഹ്മദിയെ അബ്ദെ ശുകൂർ (കൃതജ്ഞതയുള്ള ദാസൻ) ആക്കിമാറ്റുന്നു. തുടർന്ന് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പൂർവാധികം വർഷിക്കുന്നതായി കാണാവുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദു(അ)മായുള്ള ബന്ധം കേവലം നാവുകൊണ്ടുള്ള ഒരു വിളംബരം മാത്രമല്ല, മറിച്ച് അദ്ദേഹത്തോട് ചെയ്യുന്ന അനുസരണ പ്രതിജ്ഞയുടെ ഉടമ്പടിയാകുന്നു. അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ നാമത്തിൽ കാലത്തിന്റെ ഖലീഫയോടാണ് ആ വാഗ്ദാനം ചെയ്തിരിക്കുന്നത്. ഈ ബയ്അത്തിന്റെ പൊരുളിനെ ഓരോ അഹ്മദിയും മനസ്സിലാക്കിയിരിക്കേണ്ടത് അനിവാര്യമാകുന്നു. ബയ്അത്ത് എന്നാൽ വില്ക്കുക എന്നാണർഥം. അതായത്, അല്ലാഹുവിന്റെ കല്പനപ്രകാരം തന്റെ സർവ വിധ ആഗ്രഹാഭിലാഷങ്ങളെയും വികാരങ്ങളെയും ത്യജിക്കാമെന്നും അതനുസരിച്ച് തന്റെ ജീവിതം കഴിച്ചുകൂട്ടുമെന്നുമുള്ള ഒരു ഉടമ്പടിയാകുന്നു ബൈഅത്ത്. സ്വേച്ഛകളെ പൂർണമായും ഇല്ലാതാക്കുന്നതാണെന്ന് അല്ലാഹുവിനെ സാക്ഷിയാക്കിക്കൊണ്ട് ഏറ്റുപറയുന്നതിന്റെ പേരാണ് ബയ്അത്ത്. അല്ലാഹുവുമായി കണ്ടുമുട്ടുകയും എല്ലാ ഉടമ്പടികളെയും സംബന്ധിച്ച് ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്ന ദിനത്തെക്കുറിച്ച് ദൃഢവിശ്വാസമുള്ള ഒരുവ്യക്തി അന്നാളിൽ ഇതേക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതോർക്കുമ്പോൾ തന്നെ വിറകൊള്ളുന്നതാണ്." (ഖുത്വുബാതെ മസ്റൂർ,വാ: 8, പു: 191 – 192)

ഖിലാഫത്തുമായുള്ള ബന്ധത്തെ സംബന്ധിച്ച് പറയുന്നു;

" നിങ്ങൾക്ക് പുരോഗതി കൈവരിക്കണമെങ്കിൽ, ലോകത്ത് വിജയിക്കണമെങ്കിൽ എനിക്ക് നിങ്ങളോടുള്ള ഉപദേശവും സന്ദേശവും ഇതാണ്. നിങ്ങൾ ഖിലാഫത്തുമായി ബന്ധം സ്ഥാപിക്കുക. ഈ ദൈവിക പാശത്തെ മുറുകെ പിടിച്ചുകൊണ്ടിരിക്കുക. നമ്മുടെ എല്ലാ വളർച്ചയും ഖിലാഫത്തുമായുള്ള

ബന്ധത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്.” (അൽഫദ്ൽ ദിനപത്രം റബ്‌വ, 30-05-2003)

“അല്ലാഹു ഖിലാഫത്തിന്റെ അനുഗ്രഹം നിങ്ങൾക്ക് നൽകിയിരിക്കുന്നു. ഇത് എല്ലാവിധ പുരോഗതികളിലേക്കുമുള്ള ഒരു അനുഗൃഹീത പാതയാകുന്നു. ഈ ദൈവിക പാശത്തെ മുറുകെ പിടിച്ചുകൊണ്ടിരിക്കുക. ഒത്തൊരുമയും ഐക്യവും നിലനിർത്തുന്നതിനായും വിജയങ്ങളെ പ്രാപിക്കുന്നതിനായും ഖിലാഫത്തുമായി എപ്പോഴും ചേർന്നുനില്ക്കുക. കൂടാതെ തങ്ങളുടെ തലമുറകളെയും സന്താനങ്ങളെയും ഈ മഹത്തായ അനുഗ്രഹവുമായി ബന്ധപ്പെട്ടു നില്ക്കുന്നതിനായി ഉപദേശിച്ചുകൊണ്ടിരിക്കുക. അതിന്റെ അന്തസ്സിനും സുദൃഢതയ്ക്കും വേണ്ടി എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുക. അതിന്റെ മാർഗത്തിൽ നേരിടേണ്ടി വരുന്ന എല്ലാ ത്യാഗങ്ങൾക്കു വേണ്ടിയും എപ്പോഴും സന്നദ്ധരായിരിക്കുക.” (മശ്അലെ രാഹ് വാ: 5, പു: 32,33)

“ഇക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ വാഗ്ദാനത്തിന്റെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്പഷ്ടമായ നിർദേശങ്ങളുടെയും വെളിച്ചത്തിൽ ഖിലാഫത്തുമായുള്ള ബന്ധത്തിന്റെ ഫലമായി മാത്രമെ വിശ്വാസത്തിലും കർമങ്ങളിലും ഉള്ള പുരോഗതി സാധ്യമാകുകയുള്ളൂ എന്നോർത്തു കൊള്ളുക. ഒരാൾ എത്ര വലിയ പണ്ഡിതനോ, തത്വചിന്തകനോ, ബാഹ്യദൃഷ്ട്യാ ഏതെങ്കിലും ആത്മീയസ്ഥാനത്ത് എത്തിപ്പെട്ട ആളോ ആയിക്കൊള്ളട്ടെ, കാലത്തിന്റെ ഖലീഫയുമായി സുദൃഢമായ ബന്ധം അയാൾക്കില്ലായെങ്കിൽ ജമാഅത്തിന്റെ ഉന്നമനത്തിലോ ആരുടെയെങ്കിലും ആത്മീയ അഭിവൃദ്ധിയിലോ അയാളുടെ ആ സ്ഥാനമാനങ്ങൾ കടുകുമണിയോളം പോലും സ്വാധീനം ചെലുത്തുന്നതല്ല. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഇക്കാര്യം സഗൗരവം മനസ്സിലാക്കുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.” (അത്ഫാൽ ഇന്റർനാഷണൽ 2014 മെയ് 23-29പു: 1)

"എപ്പോഴും ജമാഅത്ത് സംവിധാനവുമായി സുദൃഢബന്ധം നിലനിറുത്തുക എന്നതാണ് തന്നെ അഹ്മദിയ്യത്തുമായി ബന്ധപ്പെടുത്തുന്ന ഓരോ അഹ്മദിയുടെയും ജോലി. അഹ്മദിയ്യാ ഖിലാഫത്തിനോട് കൂറിന്റെയും അനുസരണത്തിന്റെയും ബന്ധം നിലനിറുത്തുക എന്നത് അവന്റെ കടമയാകുന്നു. കാരണം, ബയ്അത്തിന്റെ സമയത്ത് ചെയ്ത പ്രതിജ്ഞയാണിത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പുതുതായി പ്രവേശിക്കുന്നവർ, വിശേഷിച്ച് പൂർണവിശ്വാസത്തോടുകൂടി സ്പഷ്ടമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ വാദങ്ങളെ മനസ്സിലാക്കി സ്വീകരിച്ചവർ തങ്ങളുടെ ബയ്അത്ത് പ്രതിജ്ഞയിലും അതിന്റെ നിബന്ധനകളിലും ചിന്തിച്ച് കൊണ്ടിരിക്കുന്നു." (അൽഫദ്ൽ ഇന്റർനാഷണൽ, 2015 ഒക്ടോബർ 30 – നവം 5, പു: 6)

"ഇന്ന് ഹദ്റത്ത് മസീഹ് മൗഊദിൽ(അ) ബയ്അത്ത് ചെയ്ത, ഖിലാഫത്ത് വാഗ്ദാനം ചെയ്യപ്പെട്ട വിശ്വാസികളുടെ ജമാഅത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന് വാദിക്കുന്ന ഓരോ അഹ്മദിയുടെയും കടമ അല്ലാഹുവിന്റെ കല്പനകൾക്കനുസൃതമായി എപ്പോഴും തങ്ങളുടെ അവസ്ഥകളിൽ സത്പരിവർത്തനങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതിനായി ശ്രമിച്ചു കൊണ്ടിരിക്കുക എന്നതാണ്. ഓരോ സ്ത്രീപുരുഷന്മാരും കുട്ടികളും യുവാക്കളും എപ്പോഴും ചിന്തിക്കേണ്ടത് അല്ലാഹു ഞങ്ങൾക്ക് ഖിലാഫത്താകുന്ന അനുഗ്രഹം നല്കിയിരിക്കുന്നു എന്നും അതിന്റെ അവകാശികളാകുന്നതിനായി നാം എപ്പോഴും പ്രയത്നിച്ചുകൊണ്ടിരിക്കേണ്ടതാണെന്നും ഖിലാഫത്ത് ഇറക്കപ്പെട്ട വിശ്വാസികൾക്ക് അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ള അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നതിനായി അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ള സത്കർമങ്ങളെ തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റേണ്ടതുണ്ട് എന്നുമാണ്. ഓർത്തുകൊള്ളുക, ഇന്ന് നാം നമ്മുടെ അവസ്ഥകളിൽ മാറ്റം വരുത്തിക്കൊണ്ട് അതിൽ സ്ഥിരത കൈവരിക്കുന്നതിലേക്ക്

ശ്രദ്ധിക്കുന്നില്ലെങ്കിൽ മടക്കം അസാധ്യമായിത്തീരുന്നിടത്തോളം ദൂരപ്പെടുന്നതാണ്; ഖിലാഫത്തുമായി ബന്ധപ്പെട്ടു നില്ക്കുന്ന അനുഗ്രഹങ്ങളിൽ നിന്നും പിന്തള്ളപ്പെടുന്നതാണ്. തന്നെയും തന്റെ തലമുറകളെയും അതിൽനിന്ന് അകറ്റുന്നവരായിത്തീരുന്നതാണ്. ഇന്ന് ഈ ഉത്തരവാദിത്വത്തെ നിറവേറ്റിക്കൊണ്ട്, ഈ അനുഗ്രഹത്തെ സംരക്ഷിച്ചുകൊണ്ട് നമ്മുടെ തലമുറകളിൽ ഇതിന്റെ പ്രാധാന്യം നിലനിർത്തേണ്ടത് നമ്മുടെ കടമയാകുന്നു. ഏതവസ്ഥയിലും തങ്ങളുടെ ജീവൻ, ധനം, സമയം എന്തു തന്നെ ബലിനല്കേണ്ടിവന്നാലും സ്വന്തം വികാരവിചാരങ്ങളെ പോലും ത്യജിച്ചുകൊണ്ട് അഹ്മദിയ്യാ ഖിലാഫത്തിനെ സംരക്ഷിക്കുന്നതാണ്. സ്വന്തം തലമുറകളിലും സമുദായത്തിലും ലോകത്തും ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും സന്ദേശം എത്തിക്കുന്നതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുന്നതാണ് എന്നുള്ള വാഗ്ദാനം സ്വന്തം സന്തതികളിൽനിന്ന് വാങ്ങേണ്ടതാണ്." (അൽഫദ്ൽ ഇന്റർനാഷണൽ 2013, മെയ് 24-30, പു: 8)

"ദുആയിൽ വളരെയധികം ഊന്നൽ നല്കുന്നത് സ്വയം തങ്ങളെ ഖിലാഫത്തുമായി ബന്ധപ്പെടുത്തി നിറുത്തുന്നതും നിങ്ങളിൽ ഓരോരുത്തരുടെയും കടമയാകുന്നു. എല്ലാ പുരോഗതികളുടെയും വിജയങ്ങളുടെയും രഹസ്യം ഖിലാഫത്തുമായി ബന്ധപ്പെട്ടുനില്ക്കുന്നതിലാണെന്ന വസ്തുത എപ്പോഴും ഓർമയിൽ വക്കേണ്ടതാണ്. ആരാണോ സ്വയം ഇമാമുമായി ബന്ധപ്പെട്ടു നില്ക്കുന്നത് അയാളാണ് ജമാഅത്തിന് പ്രയോജനപ്രദമായ വ്യക്തിത്വമായി മാറുന്നത്. ഒരു വ്യക്തി തന്നെ ഇമാമുമായി ബന്ധപ്പെടുത്തി നിറുത്തുന്നില്ലായെങ്കിൽ, എല്ലാ ഭൗതികജ്ഞാനങ്ങളും ഉണ്ടെങ്കിൽതന്നെയും അയാൾക്ക് യാതൊരു വിലയുമുണ്ടാകുന്നതല്ല. നിങ്ങളുടെ ബുദ്ധികളും പദ്ധതികളും ഖിലാഫത്തിന് കീഴിലാക്കുകയും നിങ്ങൾ നിങ്ങളുടെ ഇമാമിനെ അനുഗമിച്ചുകൊണ്ട് അദ്ദേഹത്തിന്റെ നിർദേശാനുസരണം നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നതുവരെ

അല്ലാഹുവിന്റെ സഹായവും പിന്തുണയും നിങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരിക്കുന്നതാണ്." (അൽഫദ്ൽ ദിനപത്രം, 2003 മെയ് 30, പു: 2)

ഖിലാഫത്തുമായുള്ള സഹകരണത്തെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹുതആല) പറയുന്നു;

ഒരു ഖുത്വുബയിൽ ഇത് സംബന്ധമായി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) മുറബ്ബിമാർക്കും പണ്ഡിതന്മാർക്കും ഒരു സുപ്രധാന ഉപദേശം നല്കിയിട്ടുണ്ട്. അദ്ദേഹം പറയുന്നു: ദീനിനോട് അനുകമ്പയുള്ള, ജമാഅത്തിനോട് ആത്മാർഥതയുള്ള, അല്ലാഹുവിന്റെ ജമാഅത്ത് സത്പേരോടുകൂടി ലോകത്ത് നിലനില്ക്കണമെന്ന് ആഗ്രഹിക്കുന്ന, തിരുനബി(സ)യുടെ കാലത്ത് ഇസ്‌ലാമിന് ഉണ്ടായിരുന്ന അന്തസ്സ് ഇക്കാലഘട്ടത്തിലും ലഭിക്കണമെന്ന് ആഗ്രഹിക്കുന്ന, ഇതിനായുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രയത്നങ്ങൾ പാഴായിപ്പോകരുതെന്ന് ആഗ്രഹിക്കുന്ന, ഓരോ വിശ്വാസിയുടെയും കടമ, രാപ്പകലെന്നില്ലാതെ ഖലീഫയോട് ചേർന്ന് ജമാഅത്തംഗങ്ങളുടെ ചിന്താഗതിയിലും പരിഷ്കരണം സാധ്യമാകുന്നതിന്നായുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുക എന്നതാണ്...ഖലീഫ ജമാഅത്തിന്റെ പരിഷ്കരണത്തിനായി നിർദേശങ്ങൾ നല്കുമ്പോൾ അത് ഇരുകയ്യും നീട്ടി സ്വീകരിക്കുകയും ജമാഅത്തംഗങ്ങളുടെ മുന്നിൽ അതിനെ ഒന്നൊഴിയാതെ ആവർത്തിക്കേണ്ടതുമാണ്. അല്പമതികൾപോലും അത് മനസ്സിലാക്കി ദീനിൽ ശരിയായ ദിശയിൽ മുന്നേറുന്നതിനുള്ള മാർഗം കരസ്ഥമാകുന്നവരെ അത് ആവർത്തിക്കേണ്ടതാണ്." (ഖുത്വുബാതെ മഹ്മൂദ്, വാ: 18, പു: 214-215) (അൽഫദ്ൽ ഇന്റർനാഷണൽ 2015 ജൂൺ 19-25, പു: 8)

'ജമാഅത്തിന്റെ ജീവനാഡിയാണ് ഖിലാഫത്ത്. അതിനാൽ ജീവിതം ആഗ്രഹിക്കുന്നുവെങ്കിൽ അഹ്മദിയ്യാ ഖിലാഫത്തിനോടൊപ്പം ആത്മാർഥതയോടും കൂറോടും കൂടി ഒട്ടിച്ചേ

രുക, പൂർണമായും ബന്ധപ്പെട്ടു നില്ക്കുക. കാരണം, നിങ്ങളുടെ ഓരോ വളർച്ചയുടെയും രഹസ്യം ഖിലാഫത്തുമായുള്ള ബന്ധത്തിലാണ് കുടികൊള്ളുന്നത്. കാലത്തിന്റെ ഖലീഫയുടെ തൃപ്തി നിങ്ങളുടെ തൃപ്തി ആയിത്തീരണം. കാലത്തിന്റെ ഖലീഫയെ നിങ്ങൾ അനുപതം അനുഗമിക്കുകയും കാലത്തിന്റെ ഖലീഫയുടെ പ്രീതി കരസ്ഥമാക്കുക നിങ്ങളുടെ ലക്ഷ്യവുമായിത്തീരുകയും ചെയ്യേണ്ടതാണ്. (ഖാലിദ് മാസിക, സയ്യിദ്നാ ത്വാഹിർ പതിപ്പ്, 2004 മാർച്ച് ഏപ്രിൽ, പു: 4)

"ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ സദാ ഉണ്ടായിക്കൊണ്ടിരിക്കുന്നതിനായി, ഖിലാഫത്തിന്റെ സുദൃഢതയ്ക്കു വേണ്ടി ഓരോ അഹ്മദിയും ദുഃആ ചെയ്തുകൊണ്ടിരിക്കേണ്ടതാണ്... നിങ്ങളിൽ സത്പരിവർത്തനങ്ങൾ ഉണ്ടാക്കിയെടുക്കുക. പൂർവാധികം വിശ്വാസത്തിലും ആത്മാർഥതയിലും പുരോഗതി കൈവരിക്കുക... സത്കർമങ്ങൾ ചെയ്യുന്നവരും ഖിലാഫത്തുമായി ഒട്ടിച്ചേർന്ന് നില്ക്കുന്നവരുമാണ് ഇനി അഹ്മദിയ്യത്തിന്റെ യഥാർഥ പ്രതിനിധികൾ." (ഖുത്വുബ ജുമുഅ 27-5-2005)

"ഇസ്ലാം അഹ്മദിയ്യത്തിന്റെ സുസ്ഥിരതയ്ക്കും പ്രചാരണത്തിനും ഖിലാഫത്ത് സംവിധാനത്തിനും വേണ്ടി അവസാന നിമിഷംവരെ പ്രയത്നിക്കേണ്ടതാണ്. അതിനായി മഹത്തായ ത്യാഗങ്ങൾ സമർപ്പിക്കാനായി എപ്പോഴും സന്നദ്ധരായിരിക്കേണ്ടതാണ്. തങ്ങളുടെ സന്തതികളെ എപ്പോഴും അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധപ്പെട്ടു നില്ക്കുന്നതിനായി ഉപദേശിച്ചുകൊണ്ടിരിക്കുക. അവരുടെ ഹൃദയങ്ങളിൽ കാലത്തിന്റെ ഖലീഫയോടുള്ള സ്നേഹം ജനിപ്പിക്കുക. ഇത് അതിമഹത്തായ ഒരു ലക്ഷ്യമാകുന്നു. ഈ ഉടമ്പടിയെ പൂർത്തിയാക്കുന്നതിനും അതിന്റെ എല്ലാ വശങ്ങളെയും നിറവേറ്റുന്നതിനും വേണ്ടി ഒരു ദൃഢനിശ്ചയവും പൂർണമായ ഉത്സാഹവും ആവശ്യമുണ്ട്." (അന്നാസിർ മാസിക, ജർമനി 2003 ജൂൺ. പു: 1)

"ഓർത്തുകൊള്ളുക! അവൻ സത്യവാഗ്ദാനങ്ങൾ നല്കുന്ന

ദൈവമാകുന്നു. ഇന്നും തന്റെ പ്രിയ മസീഹിന്റെ(അ) ഈ പ്രിയ ജമാഅത്തിനുമേൽ അവന്റെ കൈകളുണ്ട്. അവൻ ഒരിക്കലമൊരിക്കലും നമ്മെ ഉപേക്ഷിക്കില്ല. അവൻ മുൻഖിലാഫത്ത് കാലഘട്ടത്തിൽ തന്റെ വാഗ്ദാനങ്ങളെ നിറവേറ്റിയിരുന്ന പ്രകാരം ഇന്നും തന്റെ മസീഹി(അ)നോട് ചെയ്ത വാഗ്ദാനങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നു. അവൻ തന്റെ കാരുണ്യങ്ങളും അനുഗ്രഹങ്ങളും മുമ്പ് വർഷിച്ചിരുന്നതുപോലെ ഇന്നും വർഷിച്ചുകൊണ്ടിരിക്കുന്നു, ഇനിയും വർഷിച്ചുകൊണ്ടിരിക്കുന്നതാണ് ഇൻശാ അല്ലാഹ്. അതിനാൽ ദുഃആ ചെയ്തുകൊണ്ട്, അവനെ വണങ്ങിക്കൊണ്ട്, അവന്റെ കാരുണ്യം തേടികൊണ്ട് എപ്പോഴും അവന്റെ സവിധത്തിൽ കഴിച്ചുകൂട്ടുക. ആ ശക്തമായ കൈപ്പിടിയിൽ മുറുകെപ്പിടിക്കുക. അങ്ങനെയാണെങ്കിൽ പിന്നെ ആർക്കും തന്നെ നിങ്ങൾക്ക് ഒരു നഷ്ടവും വരുത്തിവെക്കാൻ സാധിക്കില്ല. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ - ആമീൻ." (ജുമുഅ ഖുത്വുബഹ. ഖലീഫത്തുൽ മസീഹ് , 2004, മെയ് 21)

കാലത്തിന്റെ ഖലീഫയുടെ ഓരോ നിർദേശങ്ങളും ശ്രദ്ധയോടെ ശ്രവിക്കുക എന്നത് വാസ്തവത്തിൽ ഒരു യഥാർഥ അഹ്മദിയുടെ അടിസ്ഥാന ഉത്തരവാദിത്വമാകുന്നു. കാരണം ഈ ശബ്ദം ഒരു സത്യവിശ്വാസിയുടെ ജീവിതം തന്നെ മാറ്റിമറിക്കുന്നു. അല്ലാഹുവിന്റെ സഹായങ്ങളും അവന്റെ അനുഗ്രഹങ്ങളും അതിൽ അടങ്ങിയിരിക്കുന്നു. കാലത്തിന്റെ ഖലീഫ അല്ലാഹുവിന്റെ ഇംഗിതമനുസരിച്ചാണ് സംസാരിക്കുന്നത്. ലോകത്ത് ദുർലഭവും അന്വേഷിച്ചിട്ട് കണ്ടെത്താനാവാത്തതുമായ ആത്മീയജ്ഞാനങ്ങൾ അദ്ദേഹത്തിന്റെ നാവിലൂടെ നിർഗളിച്ചുകൊണ്ടിരിക്കുന്നു. അദ്ദേഹം ദൈവിക നിർദേശാനുസരണം തക്കസമയത്ത് വിശ്വാസികളെ കർമനിരതരാകാനായി ആഹ്വാനം ചെയ്യുന്നു. അങ്ങനെ കർമയോഗികളെ വാർത്തെടുക്കാൻ ഖലീഫയ്ക്ക് മാത്രമേ സാധിക്കുകയുള്ളു. കാലത്തിന്റെ ഖലീഫയുടെ നിർദേശാടിസ്ഥാനത്തിൽ മാത്ര

മേ ശരിയാംവണ്ണം സർവതോന്മുഖമായ പുരോഗതികളുടെ മാർഗങ്ങൾ അവലംബിക്കാൻ സാധിക്കുകയുള്ളു. അതിനാൽ കാലത്തിന്റെ ഖലീഫയുടെ വിജ്ഞാന നിർഭരങ്ങളായ ഖുത്വുബകളും പ്രഭാഷണങ്ങളും ക്ലാസ്സുകളും സന്ദേശങ്ങളും കൃത്യനിഷ്ഠതയോടും ശ്രദ്ധയോടും കൂടി സ്വയം കേൾക്കുകയും മക്കളെയും കുടുംബാംഗങ്ങളെയും കേൾപ്പിക്കുകയും മറ്റു ബന്ധുമിത്രാദികളെ അത് കേൾക്കുന്നതിനായി പ്രേരിപ്പിക്കുകയും ചെയ്യേണ്ടത് ഓരോ അഹ്മദി സ്ത്രീപുരുഷന്റെയും കടമയാകുന്നു. അതിലൂടെ മാത്രമേ കാലത്തിന്റെ ഖലീഫ എന്താണ് പറയുന്നതെന്നും, നമ്മിൽനിന്ന് എന്താണ് പ്രതീക്ഷിക്കുന്നതെന്നും, നമ്മിൽ നിന്ന് എന്തൊക്കെയാണ് ആഗ്രഹിക്കുന്നതെന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഈ നിർദേശങ്ങളെയും മാർഗദർശനങ്ങളെയും സ്ഥിരമായി ശ്രവിക്കാത്തവർ പൂർണമായും അനുസരണത്തിന്റെ സൗഭാഗ്യത്തിൽ നിന്ന് പിന്തള്ളപ്പെട്ടവരാകുന്നു. അതിന്റെ പരിണിതഫലം ഇരു ലോകത്തും അപരിഹാര്യമായ നഷ്ടമാകുന്നു!!

ഒരു യഥാർഥ വിശ്വാസിയുടെ അന്തസ്സ് കേവലം ഖിലാഫത്തിനെ അനുസരിക്കുന്നതിലാകുന്നു. അവന്റെ സർവസ്വവും ഖിലാഫത്തുമായുള്ള കൂറും ബന്ധവും ആകുന്നു. ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ്(അ) പറയുന്നു;

“അല്ലാഹുവിന്റെ കരങ്ങൾ ജമാഅത്തിനുമേലുണ്ട്. ഇതാണ് അതിന്റെ രഹസ്യം. അല്ലാഹു ഏകത്വത്തെ ഇഷ്ടപ്പെടുന്നു. അനുസരണം വച്ചുപുലർത്താത്തതുവരെ ഈ ഏകത്വം സ്ഥാപിതമാകുന്നതല്ല. തിരുനബി(സ)യുടെ കാലത്ത് സഹാബാക്കൾ നല്ല ബുദ്ധിസാമർഥ്യമുള്ളവരായിരുന്നു. അവർക്കത് ജന്മസിദ്ധമായിരുന്നു. ഭരണ തന്ത്രജ്ഞരുമായിരുന്നു അവർ. കാരണം, അവസാനം ഹദ്റത്ത് അബൂബക്കറും (റ) ഹദ്റത്ത് ഉമറും(റ) മറ്റ് സഹാബാക്കളും ഖലീഫയായപ്പോൾ, അവർക്ക് ഭരണം ലഭിച്ചപ്പോൾ എത്ര ഭംഗിയായ നിലയിലും വ്യവസ്ഥാപിതമായ നിലയിലുമാണ് ഭരണത്തിന്റെ കടിഞ്ഞാൺ നിയ

ന്ത്രിക്കുകയുണ്ടായത്. അതിൽനിന്നും സ്പഷ്ടമായി മനസ്സിലാകുന്നത്, അവർ എത്രത്തോളം പ്രഗദ്ഭമതികളായിരുന്നു എന്നതാണ്. എന്നാൽ തിരുനബി(സ)യുടെ സവിധത്തിൽ അവരുടെ അവസ്ഥ എപ്രകാരമായിരുന്നുവെന്നാൽ തിരുനബി(സ) എന്തെങ്കിലും പറഞ്ഞാൽ അവർ തങ്ങളുടെ എല്ലാ അഭിപ്രായങ്ങളെയും ബുദ്ധിയെയും അതിനുമുന്നിൽ നിസ്സാരമായി കാണുമായിരുന്നു. തിരുനബി(സ) എന്താണോ പറഞ്ഞത് അത് തന്നെ പ്രവർത്തനത്തിൽ കൊണ്ടുവരേണ്ടത് നിർബന്ധ കടമയായി കരുതുമായിരുന്നു. ഇസ്‌ലാം ഖഡ്ഗത്തിന്റെ ബലത്താലാണ് പ്രചരിച്ചത് എന്ന് അറിവില്ലാത്ത എതിരാളികൾ പറയുന്നു. എന്നാൽ ഞാൻ പറയുന്നു, ഇത് ശരിയല്ല. യാഥാർഥ്യം എന്തെന്നാൽ ഹൃദയം അനുസരണത്താൽ നിറഞ്ഞ് കവിഞ്ഞൊഴുകിയിരുന്നു. അനുസരണത്തിന്റെയും ഐക്യത്തിന്റെയും അനന്തര ഫലമായിട്ടാണ് അവർ മറ്റുള്ളവരുടെ ഹൃദയങ്ങളെ കവർന്നത്. മസീഹ് മൗഊദിന്റെ ജമാഅത്തെന്നു പറഞ്ഞുകൊണ്ട് സഹാബികളുടെ ജമാഅത്തുമായി നിങ്ങൾ കൂടിച്ചേരുന്നതിനാഗ്രഹിക്കുന്നുവെങ്കിൽ തങ്ങളുടെയുള്ളിൽ സഹാബാക്കളുടെ ഗുണങ്ങൾ സ്വാംശീകരിക്കുക. അനുസരണത്തിന്റെ നിലവാരം അവരെപ്പോലെയായിരിക്കണം. പരസ്പര സ്നേഹവും സാഹോദര്യവും അത്തരത്തിലുള്ളതായിരിക്കണം. ചുരുക്കത്തിൽ, എല്ലാ നിലയിലും എല്ലാ വിധേനയും നിങ്ങൾ സഹാബാക്കളെപ്പോലെയായി മാറുക (തഫ്സീർ ഹ. മസീഹ് മൗഊദ്(അ) വാള്യം 2, പു: 246, 248) തഫ്സീർ സൂറത്തുന്നിസാഅ് ആയത്ത് 60).

അല്ലാഹു നമ്മെ ഖിലാഫത്താകുന്ന അനുഗ്രഹത്തെ ശരിയായ നിലയിൽ വിലമതിക്കുന്നവരാക്കുമാറാകട്ടെ. നമ്മുടെ വാഗ്ദാനത്തെ പൂർത്തിയാക്കുന്നവരാക്കട്ടെ. ഈ അനുഗ്രഹം തലമുറ തലമുറകളായി നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതിനായി ജീവിതാവസാനം വരെ കൂറോടു കൂടി ഖിലാഫത്തുമായി ഒട്ടിച്ചേർന്നു നില്ക്കുന്നവരാക്കട്ടെ. ആമീൻ. ഖിലാഫത്തിന്റെ

നിർദേശങ്ങളെ കേൾക്കുന്നവർ മാത്രമല്ല, മറിച്ച് അത് പ്രാവർത്തികമാക്കുന്നവരുമാക്കി നമ്മെ അല്ലാഹു മാറ്റട്ടെ. അല്ലാഹുവിന്റെ ഇച്ഛയനുസരിച്ച് ഖിലാഫത്തിനെ നിലനിർത്തുന്നവരായി മാറുന്നതിനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നല്കുമാറാകട്ടെ.